നം. ഇ5 - 27235/12

സാമൂഹ്യ നീതി ഡയറക്ടറേറ്റ്,
വികാസ് ഭവൻ, തിരുവനന്തപുരം,
തീയതി: 24.07.2014.

സാമൂഹ്യ നിതി ഡയറക്ടർ.

പ്രസിഡന്റ്,

കേരള NGO അസോസിയേഷൻ / കേരള NGO യൂണിയൻ / കേരള NGO സംഘ് / SEU / ജോയിന്റ് കൗൺസിൽ / KSSWEA / KGOU / KGOA / NGO സെന്റർ
തിരുവനന്തപുരം.

സർ,

വിഷയം:- സാമൂഹ്യ നീതി വകുപ്പ് - ജീവനക്കാര്യം - വകുപ്പ് വിഭജനം - അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ക്ഷണിക്കുന്നത് - സംബന്ധിച്ച് :
സൂചന :- സ.ഉ (Rt) നം. 201/203/SJD തീയതി 31.5.2014.

സാമൂഹ്യ നീതി വകുപ്പ് നടപ്പിലാക്കി വരുന്ന വിവിധ സാമൂഹ്യ ക്ഷേമ പദ്ധതികളുടെയും പ്രവർത്തനങ്ങളുടെയും കൂടുതൽ ഫലപ്രദമായ നടത്തിപ്പിനായി സാമൂഹ്യനീതി വകുപ്പിനെ സ്ത്രീകൾക്കും കുട്ടികൾക്കുമായുള്ള ഒരു വകുപ്പും സാമൂഹ്യ സുരക്ഷാ പെൻഷൻ, ഡിസെബിലിറ്റി, പ്രൊബേഷൻ സർവ്വീസ്, ഓൾഡ് ഏജ്ഡ് തുടങ്ങിയ മറ്റു ക്ഷേമ പ്രവർത്തനങ്ങൾക്ക് മറ്റൊരു വകുപ്പുമെന്ന നിലയിൽ വിഭജിക്കുന്നതിനെക്കുറിച്ച് പഠിച്ച് മൂന്ന് മാസത്തിനുള്ളിൽ റിപ്പോർട്ട് സമർപ്പിക്കുന്നതിനായി സാമൂഹ്യ നീതി വകുപ്പ് മുൻ അഡീഷണൽ സെക്രട്ടറി ശ്രീ. V.S. ഗോവിന്ദൻ നമ്പൂതിരിയെ മേൽ സൂചിത ഉത്തരവ് പ്രകാരം സ്പെഷ്യൽ ഓഫീസറായി നിയമിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് തയ്യാറാക്കുന്നതിനായി സർവ്വീസ് സംഘടനകളുടെ അഭിപ്രായങ്ങൾ ആരായുന്നതിന് തീരുമാനിച്ചിരിക്കുന്നു. സാമൂഹ്യ നീതി വകുപ്പ് വിഭജനവുമായി ബന്ധപ്പെട്ട് താങ്കളുടെ സംഘടനയുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും 16.8.14 നുമുൻപ് ഈ കാര്യാലയത്തിൽ രേഖാമൂലം ലഭ്യമാക്കുവാൻ അഭ്യർത്ഥിക്കുന്നു.

സാമൂഹ്യ നീതി വകുപ്പ് നടപ്പിലാക്കുന്ന വിഷയങ്ങൾ, നിയമങ്ങൾ, പദ്ധതികൾ എന്നിവയുടെ ലിസ്റ്റ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

വിശ്വസ്തതയോടെ,
N. Radhakrishnan
സാമൂഹ്യ നീതി ഡയറക്ടർ

PS/

PDF processed with CutePDF evaluation edition www.CutePDF.com

**A. Schemes**

1. Integrated Child Development Services (ICDS)
2. Integrated Child Protection Scheme (ICPS)
3. Indira Gandhi Mathruthva Sahayog Yojana (IGMSY)
4. Rajiv Gandhi Scheme for Empowerment of Adolescent Girls - SABALA (RGSEAG)
5. Kisori Sakthi Yojana (KSY)
6. Supplementary Nutrition Programme (SNP)
7. Social Defense Programmes

a) Senior Citizens / Act, Tribunal
b) Victims of Alcoholism & substance abuse
c) Persons with disabilities
d) Social Security Pension schemes
e) NGO Participation
f) Grant-in-aid schemes of Department of Social Justice & Empowerment (GOI)

**B. Legislations**

a) Juvenile Justice ( Care & Protection of Children) Act
b) Protection of Women from Domestic Violence Act (PWDVA)
c) Child Marriage Prohibition Act
d) Dowry Prohibition Act
e) Welfare of Parents & Senior Citizens Act.
f) Persons with Disabilities (Equal Opportunities, Protection of Rights & Full Participation) Act National Trust Act.
g) Rehabilitation Council of India Act
h) Probation of Offenders Act.
i) Protection of children from Sexual Offences Act
j) Orphanages & Other charitable Homes Act
k) Prevention of Immoral Trafficking Act.

db/04-e7/27235/12

**C. Institutions**

a) Anganwadi Centres
b) Children's Home
c) Observation Home
d) Special Home
e) Mahila Mandiram
f) Shelter Homes
g) Kerala Social Security Mission (KSSM)
h) Handicapped Persons Welfare Corporation.
i) Disabilities Commissionerate
j) National Institute for Speech and Hearing (NISH)
k) Old Age Homes
l) Homes for Disabled
m) Child Welfare Committees
n) Juvenile Justice Board
o) Child Line
p) ICDS Mission
q) State Child Protection Society(SCPS), SCPU
r) Social Welfare Board
s) Kerala State Commission for Protection of Child Rights (KeSCPCR)
t) Orphanage Control Board.
u) Women's Commission
v) Gender Park
w) Women's Welfare
x) Nirbhaya
y) RIPMR (Regional Institute for Physical Medicine and Rehabilitation)

"ഭരണഭാഷ - മാതൃഭാഷ"

നം.ഇ5/27235/12

സാമൂഹ്യനീതി ഡയറക്ടറേറ്റ്
വികാസ് ഭവൻ, തിരുവനന്തപുരം
തീയതി: 04.08.2014

സാമൂഹ്യനീതി ഡയറക്ടർ
തിരുവനന്തപുരം

**ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക്**

സർ,

വിഷയം :സാമൂഹ്യനീതി വകുപ്പ് - ജീവനക്കാര്യം - വകുപ്പു വിഭജനം - വിവിധ തസ്തികകളിലെ ജീവനക്കാരുടെ അഭിപ്രായ രൂപീകരണം - സംബന്ധിച്ച്.

സൂചന : 31.05.2014ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 388/2014/ എസ്.ജെ.ഡി

സൂചനയിലെ സർക്കാർ ഉത്തരവനുസരിച്ച് സാമൂഹ്യനീതി വകുപ്പിന്റെ വിഭജനം സംബന്ധിച്ച് സർക്കാരിന് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി ശ്രീ. വി.എസ്. ഗോവിന്ദൻ നമ്പൂതിരി (റിട്ട. അഡീഷണൽ സെക്രട്ടറി, സാമൂഹ്യനീതി വകുപ്പ്)യെ ചുമതലപ്പെടുത്തി ഉത്തരവായിട്ടുണ്ട്. ആയതിന്റെ തുടർ നടപടികളുടെ ഭാഗമായി വകുപ്പിൽ വിവിധ തസ്തികകളിൽ പ്രവൃത്തിയെടുക്കുന്ന ജീവനക്കാരുടെ അഭിപ്രായ രൂപീകരണം നടത്തുന്നതിനായി 06.08.2014ന് രാവിലെ 10.15-ന് വികാസ് ഭവനിൽ മൂന്നാം നിലയിൽ പ്രവർത്തിക്കുന്ന വ്യവസായ വാണിജ്യ വകുപ്പിന്റെ സെമിനാർ ഹാളിൽ വെച്ച് ഇത് സംബന്ധിച്ച് ഒരു ചർച്ച നടത്തുന്നതിന് നിശ്ചയിച്ചിരിക്കുന്നു. പ്രസ്തുത ചർച്ചയിൽ താങ്കൾ പ്രതിനിധാനം ചെയ്യുന്ന വിഭാഗത്തിന്റെ ഒരു പ്രതിനിധിയായി പങ്കെടുക്കണമെന്നും കൃത്യസമയത്തു തന്നെ എത്തിച്ചേരണമെന്നും താൽപ്പര്യപ്പെടുന്നു.

വിശ്വസ്തതയോടെ

N. Radhakrishnan

സാമൂഹ്യനീതി ഡയറക്ടർക്കുവേണ്ടി

SK/14

<u>സാമൂഹ്യ നീതി ഡയറക്ടറേറ്റിന്റെ അനക്സ്</u> :

സാമൂഹ്യ നീതി ഡയറക്ടറേറ്റിന്റെ അനക്സ് പൂജപ്പുരയിൽ പ്രവർത്തിക്കുന്നു. ശിശു വനിതാക്ഷേമ പദ്ധതികളും അംഗൻവാടി ക്ഷേമനിധിഫണ്ടും പൂജപ്പുരയിൽ പ്രവർത്തിക്കുന്ന അനക്സിലാണ് ആസൂത്രണം ചെയ്യുന്നത്.

## സാമൂഹ്യ നീതി വകുപ്പ് നടപ്പിലാക്കുന്ന

## പദ്ധതികളും സേവനങ്ങളും സ്ഥാപനങ്ങളും

### കുട്ടികൾക്കും സ്ത്രീകൾക്കും വേണ്ടി നടപ്പിലാക്കുന്ന പദ്ധതികൾ

### സംയോജിത ശിശു വികസന സേവന പദ്ധതി

## (Integrated Child Development Services – ICDS)

ആരോഗ്യമുള്ള ജനതയാണ് ഒരു രാഷ്ട്രത്തിന്റെ സമ്പത്ത് എന്ന ആശയം മുന്നിൽക്കണ്ടു കൊണ്ട് 1975–ൽ ആരംഭിച്ച ഒരു കേന്ദ്രാവിഷ്കൃത പദ്ധതിയാണ് സംയോജിത ശിശു വികസന സേവന പദ്ധതി. സംസ്ഥാനത്ത് സാമൂഹ്യനീതി വകുപ്പ് മുഖാന്തിരം നടപ്പിലാക്കി വരുന്ന ഏറ്റവും ബൃഹത്തായ പദ്ധതിയാണിത്. മലപ്പുറം ജില്ലയിലെ വേങ്ങര ബ്ലോക്കിൽ തുടക്കം കുറിച്ച ഈ പദ്ധതി ഇന്ന് 258 ഐ സി ഡി എസ് പ്രോജക്ടുകളുടെ കീഴിൽ സംസ്ഥാനമൊട്ടാകെ നടപ്പിലാക്കി വരുന്നു. സമഗ്ര ശിശുവികസനത്തിൽ അനിവാര്യമായ വ്യത്യസ്ത സേവനങ്ങൾ ഒരേ സമയം ഒരേ സ്ഥലത്തുനിന്ന് ലഭ്യമാക്കി മെച്ചപ്പെട്ട പ്രയോജനം സാദ്ധ്യമാക്കുക എന്നതാണ് ഐസിഡിഎസിന്റെ ലക്ഷ്യം. 100% കേന്ദ്ര സഹായ പദ്ധതിയായിരുന്ന ഐ സി ഡി എസ് പദ്ധതിയുടെ ചെലവുകൾ 2009–10 വർഷം മുതൽ 90:10 അനുപാതത്തിൽ കേന്ദ്രസർക്കാരും സംസ്ഥാന സർക്കാരും വഹിച്ചുവരുന്നു. മാനവശേഷി വികസനം ലക്ഷ്യമാക്കി മാതൃശിശുക്ഷേമ സേവനങ്ങൾ ഒരുമിച്ച് ലഭ്യമാക്കുന്നതിനുള്ള ഏറ്റവും താഴെത്തട്ടിലുള്ള സാമൂഹ്യ വിഭവ കേന്ദ്രമാണ് ഐ സി ഡി എസ് പദ്ധതിയിലെ അംഗൻവാടി കേന്ദ്രങ്ങൾ. 258 ഐ സി ഡി എസ് പ്രോജക്ടുകളിലായി 33,115 അംഗൻവാടികളും 129 മിനി അംഗൻവാടികളും പ്രവർത്തിക്കുന്നുണ്ട്.

*പദ്ധതിയുടെ ലക്ഷ്യങ്ങൾ*

1. 6 വയസ്സുവരെയുള്ള കുട്ടികളുടെ പോഷകാരോഗ്യ നിലവാരം മെച്ചപ്പെടുത്തുക.
2. ശിശുവിന്റെ ശാരീരികവും, മാനസികവും, സാമൂഹികവുമായ വികസനത്തിന് അടിത്തറ പാകുക.
3. ശിശുമരണം, രോഗാതുരത, പോഷകക്കുറവ്, സ്കൂളിൽനിന്നുള്ള കൊഴിഞ്ഞു പോക്ക് എന്നിവയുടെ തോത് കുറയ്ക്കുക.
4. ശിശുവികസനത്തിന് അനുയോജ്യമായ വിധത്തിൽ വിവിധ വകുപ്പുകൾ തമ്മിൽ നയരൂപീകരണത്തിലും നടത്തിപ്പിലും ഏകോപനം വരുത്തുക.
5. ശിശുക്കളുടെ ശരിയായ ആരോഗ്യവും, പോഷകാവശ്യകതയും ശ്രദ്ധിക്കുവാൻ തക്കവിധത്തിൽ അമ്മമാരുടെ കഴിവ് വർദ്ധിപ്പിക്കുക.

ഗുണഭോക്താക്കൾ

1. 6 വയസ്സിൽ താഴെപ്രായമുള്ള കുട്ടികൾ
2. ഗർഭിണികൾ, മൂലയൂട്ടുന്ന അമ്മമാർ
3. കൗമാരപ്രായക്കാരായ പെൺകുട്ടികൾ
4. 18 നും 45 വയസ്സിനുമിടയിൽ പ്രായമുള്ള സ്ത്രീകൾ



PDF processed with CutePDF evaluation edition www.CutePDF.com

*സേവനങ്ങൾ*

1. അനുപൂരക പോഷകഹാരം, വളർച്ചാ നിരീക്ഷണം
2. ആരോഗ്യ പരിശോധന
3. റഫറൽ സർവ്വീസസ്
4. ആരോഗ്യ പ്രതിരോധ കുത്തിവയ്പും ചികിത്സയും
5. ആരോഗ്യ പോഷണ വിദ്യാഭ്യാസം
6. അനൗപചാരിക പ്രീ–പ്രൈമറി വിദ്യാഭ്യാസം

## ഐ സി ഡി എസ് പദ്ധതി മുഖാന്തിരം കുട്ടികൾക്കും സ്ത്രീകൾക്കും വേണ്ടി നടപ്പിലാക്കുന്ന പദ്ധതികൾ

### *അംഗൻവാടികളിൽ നൽകുന്ന അനൗപചാരിക പ്രീപ്രൈമറി വിദ്യാഭ്യാസം*

അംഗൻവാടികളിൽ ഹാജരാകുന്ന 3 വയസ്സ് മുതൽ 6 വയസ്സ് വരെയുള്ള കുട്ടികൾക്കാണ് അനൗപചാരിക വിദ്യാഭ്യാസം നൽകുന്നത്. കുട്ടികൾക്ക് പ്രാധാന്യം നൽകി കുഞ്ഞുങ്ങൾക്ക് ലഭിക്കേണ്ട വിവിധങ്ങളായ അനുഭവങ്ങൾ ഉൾപ്പെടുത്തിയ പാഠ്യ രീതിയാണ് അംഗൻവാടികളിൽ നടപ്പിലാക്കുന്നത്. 9.30 മുതൽ 3.30 വരെയാണ് അംഗൻവാടി പ്രവർത്തന സമയം. അംഗൻവാടി പ്രീ സ്കൂൾ വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനായി സാമൂഹ്യനീതി വകുപ്പിന്റെ നേതൃത്വത്തിൽ മഴവില്ല് എന്ന പേരിൽ പരിഷ്കരിച്ച പാഠ്യപദ്ധതി തയ്യാറാക്കിയിട്ടുണ്ട്. ഈ പാഠ്യ പദ്ധതി അടിസ്ഥാനമാക്കിയുള്ള അനൗപചാരിക പ്രീപ്രൈമറി വിദ്യാഭ്യാസമാണ് ഇവിടെ നൽകിവരുന്നത്.

*രോഗപ്രതിരോധ പ്രവർത്തനങ്ങൾ*

ആറു വയസ്സിൽ താഴെയുള്ള കുട്ടികൾക്ക് ഡിഫ്തീരിയ, വില്ലൻചുമ, ടെറ്റനസ്, ടൈഫോയ്ഡ്, റ്റി.ബി, അഞ്ചാംപനി എന്നീ രോഗങ്ങൾക്കെതിരായ പ്രതിരോധ നടപടികൾ സ്വീകരിക്കുന്നുണ്ട്. കൂടാതെ അംഗൻവാടികൾക്ക് സമീപമുള്ള ഒരു വയസ്സ് തികയാത്ത കുട്ടികൾക്ക് ബി.സി.ജി, ഡിപിറ്റി, പോളിയോ, അഞ്ചാംപനി തുടങ്ങിയവക്കെതിരായ വാക്സിൻ നൽകുന്നുണ്ട്. കുട്ടികളുടെ വികസനവും പരിരക്ഷയും അതിജീവനവും ഉറപ്പാക്കുവാൻ ഉദ്ദേശിച്ചു കൊണ്ടുള്ള താണ് ഈ കർമ്മപദ്ധതി രോഗപ്രതിരോധ പ്രവർത്തനത്തിന്റെ ഭാഗമായി സെപ്റ്റംബർ 7–ന് വാർഡ് ഹെൽത്ത് ഡേയും ന്യൂട്രീഷൻ ഡേയും ആചരിച്ചുവരുന്നു.

<u>കൗമാരപ്രായക്കാരായ പെൺകുട്ടികൾക്കായുള്ള സൈക്കോ സോഷ്യൽ സർവ്വീസ് (സ്കൂൾ കൗൺസലിംഗ് പ്രോഗ്രാം)</u>

2006–07 സാമ്പത്തിക വർഷം കിശോരി ശക്തി യോജനയിൽ ഉൾപ്പെടുത്തി സംസ്ഥാനത്തെ തെരഞ്ഞെടുത്ത 163 സ്കൂളിൽ കൗമാരപ്രായക്കാരായ പെൺകുട്ടികൾക്കായി അഡോളസന്റ് ഹെൽത്ത് ക്ലിനിക്/കൗൺസലിംഗ് പ്രോഗ്രാം നടപ്പിലാക്കുകയുണ്ടായി. കൗമാരപ്രായക്കാരായ സ്കൂൾ വിദ്യാർത്ഥിനികൾക്ക് കൗൺസലിംഗ് സേവനങ്ങൾ നൽകുക, ആരോഗ്യവകുപ്പ്, എൻ ആർ.എച്ച്.എം. എന്നീ ഏജൻസികളുടെ സഹകരണത്തോടെ ആരോഗ്യ പരിശോധന, ആരോഗ്യ പോഷണ വിദ്യാഭ്യാസവും, മാർഗ്ഗ നിർദ്ദേശങ്ങളും നൽകുക തുടങ്ങിയ സേവനങ്ങൾ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. 2009–10 വർഷം സൈക്കോ സോഷ്യൽ പദ്ധതി 251 സ്കൂളുകളിൽ കൂടി വ്യാപിപ്പിച്ചു. 2010–11 ൽ 86 സ്കൂളുകളിൽ കൂടി വ്യാപിപ്പിക്കുകയും കെഎസ്വൈ പദ്ധതിയിൽ ഉൾപ്പെടുത്തി നടന്നുവന്നിരുന്ന 163 സ്കൂളുകളിലെ കൗൺസലിംഗ് പരിപാടികൂടി സൈക്കോ സോഷ്യൽ സർവ്വീസ് പദ്ധതിയിൽ ഉൾപ്പെടുത്തി ഇപ്പോൾ 500 സ്കൂളുകളിൽ പദ്ധതി നടപ്പിലാക്കി വരുന്നു. ഇതിൽ തെരഞ്ഞെടുത്ത 163 സ്കൂളുകളിൽ സാനിറ്ററി നാപ്കിൻ വെന്റിംഗ് മെഷീൻ സ്ഥാപിച്ച് അതിലൂടെ കുട്ടികൾക്ക് 1 രൂപ നിരക്കിൽ നാപ്കിൻ നൽകുന്നതിനുള്ള പദ്ധതിയും നടപ്പിലാക്കുന്നുണ്ട്.

## അനുപൂരക പോഷകാഹാര പദ്ധതി

സംയോജിത ശിശുവികസന സേവന പദ്ധതിയുടെ ഏറ്റവും പ്രധാനപ്പെട്ട സേവനങ്ങളിൽ ഒന്നാണ് അംഗൻവാടികൾ വഴി നടപ്പിലാക്കിവരുന്ന അനുപൂരക പോഷകാഹാര പദ്ധതി. പ്രസ്തുത പദ്ധതിയുടെ ഭാഗമായി 6 വയസ്സിന് താഴെ പ്രായമുള്ള കുട്ടികൾ, ഗർഭിണികൾ, മുലയൂട്ടുന്ന അമ്മമാർ എന്നിവർക്ക് അംഗൻവാടികൾ വഴി പോഷകാഹാരം നൽകി വരുന്നു. വികേന്ദ്രീകൃതാസൂത്രണത്തിന്റെ ഫലമായി കേരളത്തിൽ അനുപൂരക പോഷകാഹാര പദ്ധതിയുടെ നിർവ്വഹണ ചുമതല ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറി നൽകിയിട്ടുണ്ട്. നിലവിൽ അനുപൂരക പോഷകാഹാര പദ്ധതിയുടെ സാമ്പത്തിക പോഷണ മാനദണ്ഡങ്ങൾ കേന്ദ്ര സർക്കാർ പുതുക്കി നിശ്ചയിച്ചിട്ടുള്ളത് താഴെപറയും പ്രകാരമാണ്.

| വിഭാഗം | ഒരു ഗുണഭോക്താവിന് ഒരു ദിവസം അനുവദിച്ചിട്ടുള്ള തുക (Rs.) | ഭക്ഷണത്തിലടങ്ങിയിരിക്കേണ്ട കലോറി (K Cal.) | ഭക്ഷണത്തിലടങ്ങിയിരിക്കേണ്ട പ്രോട്ടീൻ |
|---|---|---|---|
| 6 വയസ്സിനു താഴെയുള്ള കുട്ടികൾ | 4.00 | 500 | 12–15 |
| ഗുരുതരമായ പോഷണക്കുറവുള്ള കുട്ടികൾ (6 മാസം മുതൽ 6 വയസ്സുവരെ) | 6.00 | 800 | 20–25 |
| ഗർഭിണികൾ, പാലൂട്ടുന്ന അമ്മമാർ | 5.00 | 600 | 18–20 |

കേന്ദ്രസർക്കാരിന്റെ പുതുക്കിയ മാനദണ്ഡങ്ങൾക്കനുസൃതമായി വിവിധ വിഭാഗങ്ങളിലെ ഗുണഭോക്താക്കൾക്ക് പോഷകാഹാരം നൽകിവരുന്നു. 3 വയസ്സിന് താഴെ പ്രായമുള്ള കുട്ടികൾക്ക് ന്യൂട്രിമിക്സ് ഭക്ഷ്യമിശ്രിതം വീടുകളിൽ കൊടുത്തുവിടുന്നുണ്ട്. അംഗൻവാടികളിലെ പ്രി സ്കൂൾ കുട്ടികൾക്ക് രാവിലെ പ്രാഭാത ലഘുഭക്ഷം, ഉച്ചയ്ക്ക് കഞ്ഞി, വൈകുന്നേരം ജനറൽ ഫീഡിംഗ് എന്നിങ്ങനെ മൂന്നുനേരം ഭക്ഷണം നൽകിവരുന്നു.

## ടേക്ക് ഹോം റേഷൻ സ്ട്രാറ്റജി (THRS)

അംഗൻവാടികൾ വഴി മൂന്ന് വയസ്സിന് താഴെ പ്രായമുള്ള കുട്ടികൾക്ക് പോഷകാഹാരം വിതരണം ചെയ്യുന്നതിനായി ആവിഷ്ക്കരിച്ച പദ്ധതിയാണ് ടേക്ക് ഹോം റേഷൻ സ്ട്രാറ്റജി (THRS). പ്രസ്തുത പദ്ധതി പ്രകാരം 3 വയസ്സുവരെ പ്രായമുള്ള കുഞ്ഞുങ്ങൾക്ക് നിർദ്ദിഷ്ട പോഷകമൂല്യമടങ്ങിയ ഭക്ഷ്യമിശ്രിതം (500 K cal & 12-15 gm പ്രോട്ടീൻ) വീടുകളിൽ കൊടുത്തുവിടുന്നു. കുടുംബശ്രീ യൂണിറ്റുകൾ തയ്യാറാക്കുന്ന ന്യൂട്രിമിക്സ് എന്ന ഭക്ഷ്യമിശ്രിതമാണ് ഇപ്രകാരം നൽകിവരുന്നത്. കേരളത്തിലെ 258 ഐസിഡിഎസ് പ്രോജക്ടുകളിലും ഈ പദ്ധതി നടപ്പിലാക്കുന്നുണ്ട്. നിലവിൽ ഒരു കുട്ടിയ്ക്ക് ഒരു ദിവസത്തേയ്ക്ക് 135 ഗ്രാം വീതം 15 ദിവസത്തേയ്ക്കുള്ള ന്യൂട്രിമിക്സാണ് വീടുകളിൽ കൊടുത്തുവിടുന്നത്.

## ഐ സി ഡി എസ് ട്രെയിനിംഗ്

സംയോജിത ശിശുവികസന പദ്ധതിയിലെ കാലോചിതമായ മാറ്റങ്ങൾ ഉൾക്കൊണ്ടു കൊണ്ടുള്ള പരിശീലനം, കേന്ദ്ര സർക്കാരിൽ നിന്നുള്ള ഗ്രാന്റ് ഉപയോഗിച്ച് നടപ്പിലാക്കി

വരുന്നുണ്ട്. ഐ. സി. ഡി. എസി.ലെ സി.ഡി.പി.ഒ, പി.ഒ എന്നിവർക്കായുള്ള പരിശീലന പരിപാടി കേന്ദ്രസർക്കാർ ഏജൻസിയായ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പബ്ലിക് കോ-ഓപ്പറേഷൻ ഫോർ ചൈൽഡ് ഡെവലപ്മെന്റ് വഴി (NIPCCD) നടന്നുവരുന്നു. സൂപ്പർവൈസർമാരുടെ പരിശീലനം എം.എൽ.ടി.സി.യിലും അംഗൻവാടി വർക്കർ/ഹെൽപ്പർമാരുടെ ജോബ്/റിഫ്രഷർ ട്രെയിനിംഗ് അംഗൻവാടി ട്രെയിനിംഗ് സെന്ററുകൾ വഴിയും നടത്തിവരുന്നു. അംഗൻവാടി വർക്കർ/ഹെൽപ്പർമാർക്ക് പരിശീലനം നൽകുന്നത് സംസ്ഥാന സർക്കാർ അംഗീകരിച്ചിട്ടുള്ള ട്രെയിനിംഗ് സെന്ററുകളിലാണ്.

## ഫ്ളക്സി ഫണ്ട്

ഐ സി ഡി എസ് പദ്ധതിയുടെ കീഴിൽ പ്രവർത്തിച്ചുവരുന്ന അംഗൻവാടി കേന്ദ്രങ്ങളിൽ അടിയന്തിരഘട്ടങ്ങളിൽ വേണ്ടിവരുന്ന സാമ്പത്തികാവശ്യങ്ങൾ നേരിടുന്നതിനായി ഫ്ളക്സി ഫണ്ട് എന്ന പേരിൽ അംഗൻവാടി കേന്ദ്രം ഒന്നിന് പ്രതിവർഷം 1000 രൂപ നിരക്കിൽ സർക്കാർ അനുവദിച്ചിട്ടുണ്ട്.

## അംഗൻവാടികളിലേയ്ക്ക് ആവശ്യമായ മെഡിസിൻ കിറ്റുകൾ

അംഗൻവാടി പ്രവർത്തകർക്ക് കൈകാര്യം ചെയ്യുവാൻ കഴിയുന്ന മരുന്നിനങ്ങൾ ഉൾപ്പെടുത്തി പ്രതിവർഷം 600 രൂപ ചെലവഴിച്ച് മരുന്നുകിറ്റുകൾ വാങ്ങി ഓരോ അംഗൻവാടിയിലും വിതരണം ചെയ്യുന്ന പദ്ധതി നിലവിലുണ്ട്.

പ്രൈമറി ഹെൽത്ത് സെന്ററിലെ മെഡിക്കൽ ഓഫീസർ, ജെ.പി.എച്ച്.എൻ. എന്നിവരുടെ സേവനം ഇക്കാര്യത്തിൽ അംഗൻവാടി പ്രവർത്തകർക്ക് ലഭ്യമാണ്.

## പ്രീ സ്കൂൾ കിറ്റുകൾ

ഐ സി ഡി എസ് പദ്ധതിയിൽ പ്രീ സ്കൂൾ വിദ്യാഭ്യാസത്തിന് ഏറെ പ്രാധാന്യം നൽകിയിട്ടുണ്ട്. കുട്ടികളുടെ ജീവിതത്തിലെ നിർണ്ണായക കാലമാണ് ആദ്യവർഷങ്ങൾ എന്നതുകൊണ്ടു തന്നെ അവരുടെ സമ്പൂർണ്ണ വികാസത്തിന് ഊന്നൽ നൽകിയാണ് പ്രീ സ്കൂൾ വിദ്യാഭ്യാസം അംഗൻവാടികളിലൂടെ നൽകിവരുന്നത്.

കുട്ടികളിൽ ശാരീരിക മാനസിക വികാസ പ്രവർത്തനങ്ങൾ ഉണ്ടാക്കിയെടുക്കുക എന്ന ലക്ഷ്യത്തോടെയാണ് പ്രീ സ്കൂൾ കിറ്റുകളിൽ ഉൾപ്പെടുത്തുന്ന ഇനങ്ങൾ തെരഞ്ഞെടുക്കുന്നത്. അംഗൻവാടി ഒന്നിന് പ്രതിവർഷം 1000 രൂപ അംഗൻവാടി പ്രീ സ്കൂൾ കിറ്റുകൾ വാങ്ങാൻ അനുവദിക്കും.

## രാജീവ് ഗാന്ധി സ്കീം ഫോർ എംപവർമെന്റ് ഓഫ് അഡോളസെന്റ് ഗേൾസ് (RGSEAG) - SABLA

കേന്ദ്രസർക്കാർ വിമൻ & ചൈൽഡ് ഡവലപ്മെന്റിൽ നിന്നുള്ള 27-9-2010-ലെ 6-12/2010 RGSEAG കത്ത് പ്രകാരം നൂതന പദ്ധതിയായി രാജീവ് ഗാന്ധി സ്കീം ഫോർ അഡോളസെന്റ് ഗേൾസ് (SABLA) പദ്ധതി ആരംഭിയ്ക്കുന്നതിന് ഉത്തരവായി. സംസ്ഥാനത്ത് ഇടുക്കി, കൊല്ലം, മലപ്പുറം, പാലക്കാട് എന്നീ 4 ജില്ലകളിലാണ് പദ്ധതി നടപ്പിലാക്കുന്നത്. തെരഞ്ഞെടുത്ത 4 ജില്ലകളിലെ 50 ഐസിഡിഎസ് പ്രോജക്ടുകൾ വഴി പ്രോജക്ട് ഒന്നിന് 3.80 ലക്ഷം രൂപ വീതം നോൺ ന്യൂട്രീഷൻ സേവനങ്ങൾക്ക് കേന്ദ്രസർക്കാരിൽ നിന്ന് 100% സി.എസ്.എസ്. ആയി 50 പ്രോജക്ടുകൾക്ക് ലഭ്യമാക്കുന്നു.

***പദ്ധതിയുടെ പ്രധാന ഘടകങ്ങൾ***

1. സപ്ലിമെന്ററി ന്യൂട്രീഷൻ

2. അയൺ ആന്റ് ഫോളിക് ആസിഡ് സപ്ലിമെന്റേഷൻ
3. ഹെൽത്ത് ചെക്കപ്പ് ആന്റ് റഫറൽ സർവ്വീസ്
4. ന്യൂട്രീഷൻ ആന്റ് ഹെൽത്ത് എഡ്യൂക്കേഷൻ
5. കൗൺസലിംഗ് ഗൈഡൻസ് ഓൺ ഫാമിലി വെൽഫെയർ, എ.ആർ.എസ്.എച്ച്., ചൈൽഡ് കെയർ പ്രാക്ടീസസ് ആന്റ് ഹോം മാനേജ്മെന്റ്
6. ലൈഫ് സ്കിൽ എഡ്യൂക്കേഷൻ ആന്റ് ആക്സെസ്സിംഗ് പബ്ലിക് സർവ്വീസസ്
7. 16 വയസ്സിനു മേൽ പ്രായമുള്ള പെൺകുട്ടികൾക്ക് വൊക്കേഷണൽ ട്രെയിനിംഗ്, എൻ.എസ്.ഡി.പി.യുടെ കീഴിൽ

കൗമാരപ്രായക്കാരായ പെൺകുട്ടികൾക്കുള്ള സപ്ലിമെന്ററി ന്യൂട്രീഷൻ ചെലവുകൾക്ക് മാനദണ്ഡങ്ങൾ പ്രകാരം 50% തുക കേന്ദ്ര സർക്കാരും ബാക്കി തുക സംസ്ഥാന സർക്കാരുമാണ് പദ്ധതി പ്രകാരം വഹിക്കേണ്ടത്.

## കണ്ടിഷണൽ മെറ്റേണിറ്റി ബെനിഫിറ്റ് സ്കീം (ഇന്ദിരാഗാന്ധി മാതൃത്വ സഹയോഗ് യോജന)

ഈ പദ്ധതി പ്രകാരം അംഗൻവാടിയിൽ പേർ രജിസ്റ്റർ ചെയ്തിട്ടുള്ളതും നിബന്ധനകൾ പാലിച്ചിട്ടുള്ളതുമായ ഗർഭിണികളായ സ്ത്രീകൾക്ക് നാലാംമാസം 1500 രൂപയും പ്രസവാനന്തരം മൂന്നാം മാസം 1500 രൂപയും ആറാം മാസം 1000 രൂപയും ഉൾപ്പെടെ ആകെ 4000 രൂപ നിശ്ചിത നിബന്ധനകൾ പാലിക്കുന്നത് ഉറപ്പാക്കി ഗർഭസ്ഥ, മൂലയൂട്ടൽ കാലയളവിൽ നൽകുന്നതാണ്. കേന്ദ്രസർക്കാർ വിമെൻ & ചൈൽഡ് ഡെവലപ്മെന്റ് നം. 09-5/2010 IGMSY തീയതി 8-11-10 പ്രകാരം പദ്ധതി ഉത്തരവായിട്ടുള്ളതാണ്. ഇതിലേയ്ക്കായി ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കും പദ്ധതിയുടെ ഗുണം ലഭ്യമാകുന്നുവെന്ന് ഉറപ്പാക്കുന്നതിലേയ്ക്ക് അംഗൻവാടി വർക്കർക്ക് 200 രൂപയും അംഗൻവാടി ഹെൽപ്പർക്ക് 100 രൂപയും നൽകുന്നതാണ്. കേന്ദ്ര സർക്കാർ ഉത്തരവ് പ്രകാരം സംസ്ഥാനത്തെ പാലക്കാട് ജില്ലയെയാണ് പരിപാടിക്കായി തെരഞ്ഞെടുത്തിരിക്കുന്നത്. പാലക്കാട് ജില്ലയിൽ പദ്ധതി നടപ്പിലാക്കുന്നതിനുള്ള തുക കേന്ദ്രസർക്കാരിൽ നിന്നും ലഭിക്കുന്നതാണ്.

## കാര്യകർത്രി ബീമായോജന

അംഗൻവാടി വർക്കർ/ഹെൽപ്പർ എന്നിവർക്കുവേണ്ടിയുള്ള ഒരു കേന്ദ്രാവിഷ്കൃത ഇൻഷുറൻസ് പദ്ധതിയാണിത്. എൽഐസി മുഖേനയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. 200 രൂപയാണ് പ്രീമിയം ഇതിൽ 100 രൂപ എൽ ഐ സിയുടെ സോഷ്യൽ സെക്യൂരിറ്റി ഫണ്ടിൽ നിന്നും 100 രൂപ ഗവൺമെന്റ് ഓഫ് ഇന്ത്യയുമാണ് വഹിക്കുന്നത്. കൂടാതെ 80 രൂപ അധികം പ്രീമിയം അടയ്ക്കുന്ന അംഗങ്ങൾക്ക് ക്രിട്ടിക്കൽ ഇൽനെസ്സിന്റെ കവറേജ് കൂടി ലഭിക്കുന്നതാണ്.

## സംയോജിത ശിശു സംരക്ഷണ പദ്ധതി (ഐ.സി.പി.എസ്.)

നിലവിൽ നടപ്പിലാക്കിവരുന്ന വിവിധ ശിശു സംരക്ഷണ പദ്ധതികൾ ഒരു (Child Protection Scheme) കുടക്കീഴിൽ വരത്തക്കവിധം സംയോജിപ്പിച്ച്, സംയോജിത ശിശു സംരക്ഷണ പദ്ധതി എന്ന പേരിൽ കേന്ദ്ര വനിതാ-ശിശു വികസന മന്ത്രാലയം ആവിഷ്ക്കരിച്ച പദ്ധതിയാണിത്. ബാലനീതി, (ശ്രദ്ധയും സംരക്ഷണവും ആവശ്യമായ കുട്ടികൾ) നിയമം 2000 പ്രകാരമുള്ള ശ്രദ്ധയും സംരക്ഷണവും ആവശ്യമുള്ള കുട്ടികൾ നിയമവുമായി പൊരുത്തപ്പെടാത്ത കുട്ടികൾ എന്നിവരുടെ പരിപാലനം, സുരക്ഷ, പുനരധിവാസം തുടങ്ങിയവ ഈ പദ്ധതിയുടെ കീഴിൽ വരുന്നുണ്ട്. 2009-10 വർഷത്തിൽ പദ്ധതി നിലവിൽ വന്നു.

ബാലനീതി സേവനങ്ങൾക്ക് പ്രാധാന്യം നൽകി സേവനഘടനയ്ക്ക് ശക്തി പകരുക, കുട്ടികളുമായി ബന്ധപ്പെട്ട് വരുന്ന സ്ഥാപനങ്ങളുടെ പ്രവർത്തനനിലവാരവും, പ്രായോഗിക രീതികളും നിർവ്വചിച്ച് പ്രാവർത്തികമാക്കുക, ശിശു സംരക്ഷണപ്രവർത്തനവുമായി ബന്ധപ്പെട്ട മേഖലകളിലെ ഗവേഷണം, പരിശീലനപരിപാടികൾ, ആവശ്യമായ ബോധവത്കരണ പരിപാടികൾ സംഘടിപ്പിക്കുക എന്നിവയാണ് പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യം.

## സ്റ്റേറ്റ് പ്രോഗ്രാം സപ്പോർട്ടിംഗ് യൂണിറ്റ് (SPSU)

ഐ.സി.പി.എസ്. പദ്ധതിയുടെ ഭാഗമായി സംസ്ഥാനതലത്തിൽ പ്രാരംഭ പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞ ഒരു അഡ്മിനിസ്ട്രേഷൻ സംവിധാനമാണ് SPSU.

ഐ.സി.പി.എസ്. പദ്ധതി പ്രകാരമുള്ള എസ്.സി.പി.എസ്., ഡി.സി.പി.എസ്, എസ്.എ.ആർ.എ. തുടങ്ങിയ സംവിധാനങ്ങൾ രൂപീകരിക്കുക എന്നതാണ് ഈ യൂണിറ്റിന്റെ പ്രധാന പ്രവർത്തനം

## ഐ സി പി എസ് സന്നദ്ധസംഘടനകൾ വഴി നടപ്പിലാക്കുന്ന പദ്ധതികൾ

### ചൈൽഡ് ലൈൻ സർവീസ്

വിഷമസന്ധികളിൽ ജീവിക്കുന്ന കുട്ടികളുടെ രക്ഷയ്ക്കായി പ്രവർത്തിക്കുന്ന ഒരു സേവനവിഭാഗമാണ് ചൈൽഡ് ലൈൻ. കേന്ദ്ര മന്ത്രാലയത്തിന്റെ കീഴിൽ മുംബൈ ആസ്ഥാനമായി പ്രവർത്തിക്കുന്ന ചൈൽഡ്ലൈൻ ഇന്ത്യ ഫൗണ്ടേഷൻ എന്ന സ്ഥാപനമാണ് ഇതിന്റെ കേന്ദ്രം. കേരളത്തിൽ ഇപ്പോൾ തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, കോട്ടയം, ഇടുക്കി, എറണാകുളം, തൃശ്ശൂർ, കോഴിക്കോട്, വയനാട്, മലപ്പുറം, കണ്ണൂർ, കാസർഗോഡ്, പാലക്കാട് എന്നീ 13 ജില്ലകളിൽ ചൈൽഡ് ലൈൻ സർവീസ് ലഭ്യമാണ്. ചൈൽഡ് ലൈനിന്റെ സർവ്വീസിന് ബി എസ് എൻ എല്ലിന്റെ 1098 എന്ന ടോൾ ഫ്രീ നമ്പറിലേയ്ക്ക് 24 മണിക്കൂറും വിളിക്കാവുന്ന ഒരു ഹെൽപ്പ് ഡെസ്ക് പ്രവർത്തിക്കുന്നു.

## സാമൂഹ്യനീതി വകുപ്പിൻ കീഴിൽ ബാല നീതി നിയമപ്രകാരം പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ

1. *സ്പെഷ്യൽ ഹോം*

   കുറ്റം ചെയ്തതായി കണ്ടെത്തുന്ന കുട്ടികളെ ജെ.ജെ. ആക്ടിന്റെ വകുപ്പ് 10 സി പ്രകാരം, ഉചിതമായ പുനരധിവാസ നടപടികൾ എടുക്കുന്നതിനു വേണ്ടിയാണ് സ്പെഷ്യൽ ഹോം സ്ഥാപിച്ചിട്ടുള്ളത്. ആൺകുട്ടികൾക്കായി തിരുവനന്ത പുരത്തും, പെൺകുട്ടികൾക്കായി കോഴിക്കോടും ഓരോ സ്പെഷ്യൽ ഹോമുകൾ പ്രവർത്തിക്കുന്നു. ജുവനൈൽ ജസ്റ്റിസ് ബോർഡിന്റെ ഉത്തരവിൻ പ്രകാരമാണ് കുട്ടികളെ ഇവിടെ പ്രവേശിപ്പിക്കുന്നത്.

2. *ഒബ്സർവേഷൻ ഹോം*

   കുറ്റം ചെയ്തതായി ആരോപിക്കപ്പെട്ട കുട്ടികളുടെ കേസുകൾ തീർപ്പ് കൽപ്പിക്കുന്നതുവരെ പാർപ്പിക്കുന്ന താൽക്കാലിക നിരീക്ഷണ കേന്ദ്രങ്ങളാണ് ഒബ്സർവേഷൻ ഹോമുകൾ. നിയമവുമായി പൊരുത്തപ്പെടാത്ത കുട്ടികളെ സാധാരണയായി നാല് മാസത്തേയ്ക്കാണ് ഇവിടെ പാർപ്പിക്കുന്നത്. ഇടുക്കി ഒഴികെ കേരളത്തിലെ എല്ലാ ജില്ലകളിലും ഒബ്സർവേഷൻ ഹോമുകൾ പ്രവർത്തിക്കുന്നുണ്ട്. പെൺകുട്ടികൾക്കുള്ള ഏക ഒബ്സർവേഷൻ ഹോം കോഴിക്കോട് ജില്ലയിലാണ് പ്രവർത്തിക്കുന്നത്.

3. *ചിൽഡ്രൻസ് ഹോം*

   ബാലനീതി നിയമം 2002–ലെ 2 (ഡി) വകുപ്പിൽ നിർവചിച്ചിട്ടുള്ള പരിചരണവും പരിരക്ഷയും ആവശ്യമുള്ള കുട്ടികളുടെ സംരക്ഷണത്തിനും വിദ്യാഭ്യാസത്തിനും പരിശീലനത്തിനും പുനരധിവാസത്തിനുംവേണ്ടി സ്ഥാപിച്ചിട്ടുള്ള സ്ഥാപനമാണ് ചിൽഡ്രൻസ് ഹോം. കേരളത്തിലെ എട്ട് ചിൽഡ്രൻസ് ഹോമുകളിൽ ആറെണ്ണം ആൺകുട്ടികൾക്കുള്ളതാണ്. സമൂഹത്തിലെ സാമ്പത്തികവും, സാമൂഹികവും വിദ്യാഭ്യാസപരവുമായി പിന്നോക്കം നിൽക്കുന്ന കുടുംബത്തിലെ കുട്ടികൾ, വീടില്ലാത്ത കുട്ടികൾ, ജീവിതമാർഗ്ഗമില്ലാത്ത കുട്ടികൾ, ബാലവേലയിൽ നിന്നും മോചിപ്പിക്കപ്പെട്ട കുട്ടികൾ, തെരുവിൽ അലയുന്ന കുട്ടികൾ, ചൈൽഡ്ലൈൻ വഴി

രക്ഷിക്കപ്പെട്ട കുട്ടികൾ  തുടങ്ങി ശ്രദ്ധയും സംരക്ഷണവും ആവശ്യമായ വിഭാഗത്തിലുള്ളവരെയാണ് ചിൽഡ്രൻസ് ഹോമുകളിൽ പ്രവേശിപ്പിക്കപ്പെടുന്നത്. ചൈൽഡ് വെൽഫയർ കമ്മിറ്റികളുടെ ഉത്തരവിൻ പ്രകാരമാണ് പ്രവേശനം അനുവദിക്കുന്നത്.

## ബാലനീതി പ്രകാരമുള്ള അധികാര സ്ഥാപനങ്ങൾ

1. *ജുവനൈൽ ജസ്റ്റിസ് ബോർഡ്*

   കുറ്റം ചെയ്തതായി ആരോപിക്കപ്പെട്ട കുട്ടികളുമായി ബന്ധപ്പെട്ട നിയമ നടപടിക്രമങ്ങൾ അനുകമ്പയോടെയും സമഗ്രമായും കൈകാര്യം ചെയ്യുന്നതിനായി രൂപീകരിച്ച സംവിധാനമാണ് ജുവനൈൽ ജസ്റ്റിസ് ബോർഡ്. ഒബ്സർവേഷൻ ഹോമുകളോട് അനുബന്ധിച്ചാണ് ഇത് പ്രവർത്തിക്കുന്നത്. ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റാണ് ബോർഡിന്റെ പ്രിൻസിപ്പൽ മജിസ്ട്രേറ്റ്. കുട്ടികളുടെ ക്ഷേമത്തിനായി പ്രവർത്തിച്ചിട്ടുള്ള രണ്ട് സാമൂഹ്യപ്രവർത്തകരെയും (ഒരാൾ വനിത) ബോർഡിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇപ്പോൾ കേരളത്തിലെ എല്ലാ ജില്ലകളിലും ജുവനൈൽ ജസ്റ്റിസ് ബോർഡുകൾ പ്രവർത്തിച്ചുവരുന്നു.

2. *ചൈൽഡ് വെൽഫെയർ കമ്മിറ്റികൾ*

   ശ്രദ്ധയും സംരക്ഷണവും ആവശ്യമായ കുട്ടികളുടെ അവകാശം, സംരക്ഷണം, സുരക്ഷ, പുനരധിവാസം എന്നിവയെക്കുറിച്ച് അന്വേഷിച്ച് പുനരധിവാസ നടപടികളെടുക്കുകയാണ് ചൈൽഡ് വെൽഫെയർ കമ്മിറ്റികളുടെ പ്രാഥമിക ചുമതലകൾ. സംസ്ഥാനത്തെ എല്ലാ ജില്ലകളിലും ചൈൽഡ് വെൽഫെയർ കമ്മിറ്റികൾ പ്രവർത്തിച്ചുവരുന്നു. ഒരു ചെയർപേഴ്സണും നാല് അംഗങ്ങളും (ഒരാൾ വനിത) ഉൾപ്പെടുന്നതാണ് ഈ കമ്മിറ്റി. ഒരു കമ്മിറ്റിയുടെ കാലാവധി 3 വർഷമാണ്. ബാലനീതി സ്ഥാപനങ്ങളോടനുബന്ധിച്ചാണ് ഇത് പ്രവർത്തിക്കുന്നത്.

## സ്ത്രീകൾക്കുവേണ്ടിയുള്ള പദ്ധതികൾ

*സ്വാധർ സ്കീം*

ജയിൽ മോചിതരായവർ, വിധവകൾ, അഗതികളായ സ്ത്രീകൾ എന്നിവരാണ് ഗുണഭോക്താക്കൾ. ഭക്ഷണം, താമസം, വസ്ത്രം, കൗൺസലിംഗ്, തൊഴിൽ പരിശീലനം എന്നിവ നൽകി പുനരധിവസിപ്പിക്കുന്നതിനുള്ള കേന്ദ്രാവിഷ്കൃത പദ്ധതിയാണിത്. സാമൂഹ്യനീതി ഡയറക്ടർക്കാണ് അപേക്ഷ നൽകേണ്ടത്.

*ലിംഗാവബോധ പരിപാടി*

സ്ത്രീധനമാവശ്യപ്പെടൽ, ലൈംഗികപീഡനം, ഗാർഹിക പീഡനം എന്നിങ്ങനെ സ്ത്രീകൾക്കെതിരായി വർദ്ധിച്ചുവരുന്ന അതിക്രമങ്ങൾ പ്രതിരോധിക്കുന്നതിന് നിയമത്തെ ഉപയോഗിക്കുന്നതിനും, പരിഹാരമാർഗ്ഗങ്ങൾ തേടുന്നതിനും സ്ത്രീകളെ പ്രാപ്തരാക്കുകയും, ബോധവൽക്കരണം നടത്തുകയും ചെയ്യുകയാണ് ഈ പരിപാടിയിലൂടെ ലക്ഷ്യമിടുന്നത്. സംസ്ഥാനത്തെ വനിതാക്ഷേമ പ്രവർത്തനങ്ങൾ മാത്രം ഉൾക്കൊള്ളിച്ചുകൊണ്ട് www.keralawomen.gov.in എന്ന വെബ്പോർട്ടൽ നിലവിലുണ്ട്.

മംഗല്യ (വിധവാ വിവാഹ പ്രോത്സാഹന പദ്ധതി)

വിധവകൾക്ക് കഴിവും പ്രാപ്തിയും സാമ്പത്തിക നിലയും ഉള്ള അവസരത്തിൽ സംരക്ഷകരുണ്ടായിരിക്കുകയും അവസാനനാളുകളിൽ ആരും സംരക്ഷിക്കാനില്ലെന്ന അവസ്ഥയുണ്ടാകുകയും ചെയ്യുന്നത് ഒഴിവാക്കാനാണ് വിധവാ വിവാഹ പ്രോത്സാഹന പദ്ധതി (മംഗല്യ പദ്ധതി) നടപ്പിലാക്കുന്നത്. അർഹതയുള്ളവർക്ക് 25,000 രൂപയുടെ ധനസഹായമാണ് നൽകുന്നത്. സിഡിപിഒ മാർക്കാണ് അപേക്ഷ നൽകേണ്ടത്.

## വനിതകൾ ഗൃഹനാഥകളായുള്ള കുടുംബങ്ങളിലെ കുട്ടികൾക്കുള്ള വിദ്യാഭ്യാസ ധനസഹായ പദ്ധതി

ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള (ബിപിഎൽ) വനിതകൾ ഗൃഹനാഥരായുള്ള കുടുംബങ്ങളിലെ കുട്ടികൾക്ക് ഈ ധനസഹായത്തിന് അർഹതയുണ്ടായിരിക്കുന്നതാണ്. ദാരിദ്ര്യ രേഖയ്ക്ക് മുകളിലുള്ള വിഭാഗത്തിൽ (എപിഎൽ) എച്ച്ഐവി/എയ്ഡ്സ് ബാധിതർ, സാമൂഹികമായി വിവേചനം അനുഭവിക്കുന്നവർ, യുദ്ധത്തിൽ മരിച്ച ജവാൻമാരുടെ വിധവകൾ എന്നിവർ ഗൃഹനാഥകളായുള്ള കുടുംബങ്ങളിലെ കുട്ടികൾക്കും ധനസഹായത്തിന് അർഹതയുണ്ടായിരിക്കും. ഒരു കുടുംബത്തിൽ പരമാവധി രണ്ട് കുട്ടികൾക്കുവരെ പ്രസ്തുത ധനസഹായം ലഭിക്കും. സംസ്ഥാന/കേന്ദ്ര സർക്കാരിൽ നിന്നും ഒരു വിധത്തിലുള്ള സ്കോളർഷിപ്പും ലഭിക്കുന്നില്ല എന്ന സാക്ഷ്യപത്രം വിദ്യാഭ്യാസ സ്ഥാപന മേധാവിയിൽ നിന്നും വാങ്ങി അപേക്ഷയോടൊപ്പം നൽകേണ്ടതാണ്. അപേക്ഷകൾ അംഗൻവാടിവർക്കർമാർ വഴി സിഡിപിഒ മാർ സ്വീകരിച്ച് ജില്ലാ സാമൂഹ്യനീതി ഓഫീസർ മുഖേന പദ്ധതി നടപ്പാക്കുന്നു. എസ്.എസ്.എൽ.സി മുതൽ പ്ലസ് ടു വരെ പഠിക്കുന്ന ഓരോ കുട്ടിക്കും പ്രതിമാസം 250 രൂപ വീതം 10 മാസത്തേയ്ക്ക് 2500 രൂപ നിരക്കിലും ഡിഗ്രി മുതൽ തുടർ വിദ്യാഭ്യാസത്തിന് പ്രതിമാസം 500 രൂപ വീതം 10 മാസത്തേയ്ക്ക് 5000 രൂപ നിരക്കിലും ധനസഹായം നൽകുന്നതാണ്.

## ഉജ്ജ്വല സ്കീം

ലൈംഗിക ചൂഷണം തടഞ്ഞ്, ഇരകളെ മോചിപ്പിച്ച് അവരെ പുനരധിവസിപ്പിക്കുന്നതിന് ഉദ്ദേശിച്ചുള്ള സമഗ്രമായ ഒരു കേന്ദ്ര പദ്ധതിയാണിത്. ലൈംഗിക ചൂഷണത്തിന് വിധേയരായവർക്കും ചൂഷണത്തിന് വിധേയരാവാൻ സാധ്യതയുള്ളവർക്കും ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കും. ചൂഷണം തടയൽ, വിമോചനം, പുനരധിവാസം, പുനരേകീകരണം, സ്വന്തം വാസസ്ഥലത്തേയ്ക്ക് തിരിച്ചുവരവ് എന്നിവ സാദ്ധ്യമാക്കുന്നതിന് അംഗീകൃത സന്നദ്ധ സംഘടനകൾക്ക് ധനസഹായം ലഭിക്കും. ധനസഹായത്തിനുള്ള അപേക്ഷകൾ സാമൂഹ്യനീതി ഡയറക്ടർക്ക് സമർപ്പിക്കേണ്ടതാണ്.

### കൺസ്ട്രക്ഷൻ ഓഫ് വർക്കിംഗ് വുമൻസ് ഹോസ്റ്റൽ

നഗരങ്ങളിലും ഗ്രാമപ്രദേശങ്ങളിലുള്ള സർക്കാർ സ്വകാര്യ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന വിധവകൾ, വിവാഹമോചനം നേടിയവർ, ഭർത്താവ് ദൂരസ്ഥലങ്ങളിൽ ജോലിചെയ്യുന്നതിനാൽ ഒറ്റയ്ക്ക് താമസിക്കുന്ന സ്ത്രീകൾ എന്നിവരാണ് ഗുണഭോക്താക്കൾ. കേന്ദ്രസർക്കാർ നൽകുന്ന ധനസഹായപദ്ധതി സന്നദ്ധ സംഘടനകളിലൂടെയാണ് നടപ്പാക്കുന്നത്.

## സ്ത്രീകൾക്കുവേണ്ടിയുള്ള സ്ഥാപനങ്ങൾ

*മഹിളാമന്ദിരം*

വിധവകൾ, വിവാഹബന്ധം വേർപ്പെടുത്തിയവർ, ദുരിതബാധിതരും അഗതികളുമായ പതിമൂന്ന് വയസ്സിനുമേൽ പ്രായമുള്ള സ്തീകളെയാണ് മഹിളാമന്ദിരത്തിൽ പ്രവേശിപ്പിക്കുന്നത്. കുട്ടികളുമായി സ്ഥാപനത്തിലെത്തുന്ന സ്ത്രീകൾക്ക് കുട്ടിക്ക് ആറ് വയസ്സ് ആകുന്നതുവരെ കൂടെ താമസിപ്പിക്കുന്നതിന് അനുവാദമുണ്ട്. വയനാട്, ഇടുക്കി ജില്ലകൾ ഒഴികെ മറ്റെല്ലാ ജില്ലകളിലും മഹിളാമന്ദിരങ്ങൾ പ്രവർത്തിച്ചുവരുന്നു.

*ആശാഭവൻ*

മാനസികരോഗ ചികിത്സ കഴിഞ്ഞ് മാനസികാരോഗ്യം വീണ്ടെടുത്തെങ്കിലും, സംരക്ഷിക്കുവാൻ ആളില്ലാത്ത രോഗികളുടെ പരിചരണത്തിനും സംരക്ഷണത്തിനുമുള്ളതാണ് ആശാഭവൻ. ഇവിടെ പ്രവേശനം നേടുന്നവർ മെഡിക്കൽ ഓഫീസറുടെ സർട്ടിഫിക്കറ്റ് ഹാജരാക്കണം. ഇത്തരം ആറ് സ്ഥാപനങ്ങൾ സംസ്ഥാനത്തുണ്ട്. തിരുവനന്തപുരത്തും കോഴിക്കോട്ടും തൃശ്ശൂരും വനിതകൾക്കായി പ്രത്യേകം ആശാഭവനുകൾ പ്രവർത്തിക്കുന്നു. 13 വയസ്സിനുമേൽ പ്രായമുള്ള സ്ത്രീകൾക്കാണ് പ്രവേശനം നൽകുന്നത്. ഏതെങ്കിലും സ്ഥാപനത്തിൽനിന്നും മോചിപ്പിക്കപ്പെട്ടവർ പ്രസ്തുത സ്ഥാപനമേധാവിയുടെ സർട്ടിഫിക്കറ്റോ

ശുപാർശകത്തോ ഹാജരാക്കേണ്ടതാണ്. പുരുഷന്മാർക്കുവേണ്ടിയുള്ള ആശാഭവനുകൾ തിരുവനന്തപുരം, കോഴിക്കോട്, എറണാകുളം എന്നീ ജില്ലകളിലും പ്രവർത്തിക്കുന്നു.

*റസ്ക്യൂ ഹോമുകൾ*

അനാശാസ്യ പ്രവർത്തനങ്ങളിൽ ഏർപ്പെടുകയും സാന്മാർഗ്ഗിക ഭ്രംശം നേരിടുകയും ചെയ്യുന്ന സ്ത്രീകൾക്ക് സംരക്ഷണവും പരിചരണവും നൽകി പുനരധിവസിപ്പിച്ച് സമൂഹത്തിന്റെ മുഖ്യധാരയിലെത്തിക്കുന്ന സ്ഥാപനങ്ങളാണ് റസ്ക്യൂഹോമുകൾ. മലപ്പുറം ജില്ലയിലെ തവനൂരിലാണ് റസ്ക്യൂ ഹോം പ്രവർത്തിക്കുന്നത്.

*ആഫ്റ്റ് കെയർ ഹോം*

സാമൂഹ്യനീതി വകുപ്പിന് കീഴിലുള്ള ചിൽഡ്രൻസ് ഹോം, സ്പെഷ്യൽ ഹോം, ബാലമന്ദിരം, പുവർഹോം, അനാഥാലയങ്ങൾ എന്നീ സ്ഥാപനങ്ങളിൽ നിന്നും പതിനെട്ട് വയസ്സ് പൂർത്തിയാക്കി പുറത്തിറങ്ങിയവരെയാണ് ആഫ്റ്റർ കെയർഹോമുകളിൽ പുനരധിവസിപ്പിക്കുന്നത്. പതിനെട്ടിനും ഇരുപത്തൊന്നിനും ഇടയിൽ പ്രായമുള്ള പെൺകുട്ടികളും, ആൺകുട്ടികളും പ്രവേശനത്തിന് അർഹരാണ്. ഇവിടത്തെ അന്തേവാസികൾക്ക് അവരുടെ വിദ്യാഭ്യാസം തുടരുന്നതിനും, ജീവിതത്തിന് ആവശ്യമായ തൊഴിൽ പരിശീലനത്തിനുമുള്ള അവസരമുണ്ട്. കൊല്ലത്തും കോഴിക്കോട്ടും പെൺകുട്ടികൾക്കും, തലശ്ശേരിയിൽ ആൺകുട്ടികൾക്കും വേണ്ടി ആഫ്റ്റർ കെയർ ഹോം പ്രവർത്തിക്കുന്നുണ്ട്.

*ഷോർട്ട് സ്റ്റേ ഹോമുകൾ*

തകർന്ന കുടുംബത്തിൽനിന്ന് വേണ്ട പിന്തുണ ലഭിക്കാത്തവർ, മാനസിക സമ്മർദ്ദമുള്ളവർ, സമൂഹം ബഹിഷ്ക്കരിച്ചവർ, ചൂഷണം ചെയ്യപ്പെട്ടവർ, അനാശാസ്യവിപത്തിൽ ഭയപ്പെടുന്നവർ എന്നിങ്ങനെയുള്ള സ്ത്രീകളെയും പെൺകുട്ടികളെയും പുനരധിവസിപ്പിക്കുന്നതിനുള്ള താൽക്കാലിക അഭയകേന്ദ്രങ്ങളാണ് ഷോർട്ട് സ്റ്റേ ഹോമുകൾ. സ്ത്രീകൾക്ക് സ്വന്തം താൽപര്യപ്രകാരം തന്നെ ഇവിടെ പ്രവേശനം ലഭിക്കും. അവർക്ക് അവരുടെ വിദ്യാഭ്യാസം തുടരുവാനും, തൊഴിൽ പരിശീലനത്തിനുമുള്ള അവസരമുണ്ട്. ബന്ധുക്കളെത്തിയാൽ മോചിപ്പിക്കപ്പെടുകയും, കൂടുതൽ കാലം താമസിപ്പിക്കേണ്ടിവരുന്നവരെ മറ്റു സ്ഥാപനങ്ങളിലേയ്ക്ക് മാറ്റുകയും ചെയ്യും. പതിനഞ്ചിനും മുപ്പത്തിയഞ്ചിനും ഇടയ്ക്ക് പ്രായമുള്ള സ്ത്രീകൾക്കും പെൺകുട്ടികൾക്കും അവരുടെ കുഞ്ഞുങ്ങൾക്കും ഇത്തരം ഹോമുകളിൽ സഹായം ലഭ്യമാണ്.

## വൃദ്ധജനങ്ങൾക്കുള്ള പദ്ധതികൾ

*വൃദ്ധജനങ്ങൾക്കുള്ള സംയോജിത സംരക്ഷണ പദ്ധതി*

ഇന്ത്യയിൽ വൃദ്ധജനങ്ങളുടെ എണ്ണം വർദ്ധിച്ചുവരുന്നതും ഇവരെ ശരിയായ രീതിയിൽ സംരക്ഷിക്കുന്നതിനുമുള്ള സൗകര്യങ്ങളുടെ അപര്യാപ്തതയും കണക്കിലെടുത്ത് കേന്ദ്രസർക്കാർ ആവിഷ്ക്കരിച്ച് നടപ്പിലാക്കിവരുന്ന പദ്ധതിയാണിത്. വൃദ്ധജനങ്ങളുടെ ക്ഷേമത്തിനും സുരക്ഷിതത്വത്തിനും മാനസികോല്ലാസത്തിനും വൈദ്യസഹായത്തിനും ആവശ്യമായ സൗകര്യങ്ങൾ നൽകി ഇത്തരം ആളുകളെ ഉൽപ്പാദനപരവും ക്രിയാത്മകവുമായ വാർദ്ധക്യത്തിലേയ്ക്ക് നയിക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. ഇതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, സന്നദ്ധസംഘടനകൾ, സർക്കാർ സ്ഥാപനങ്ങൾ എന്നിവയ്ക്ക് കേന്ദ്രസർക്കാർ ധനസഹായം നൽകുന്നു. ചുവടെ വിവരിക്കുന്ന പദ്ധതി പ്രവർത്തനങ്ങൾക്കാണ് കേന്ദ്രസർക്കാർ ഗ്രാന്റ് നൽകി വരുന്നത്.

1. വൃദ്ധസദനങ്ങളുടെ നടത്തിപ്പ്
2. ആശ്വാസകേന്ദ്രങ്ങളുടെയും തുടർസംരക്ഷണ കേന്ദ്രങ്ങളുടെയും നടത്തിപ്പ്
3. വൃദ്ധർക്കായി വിവിധസേവനങ്ങൾ നൽകുന്ന കേന്ദ്രങ്ങൾ നടത്തുന്നതിനുള്ള പദ്ധതി (റണ്ണിംഗ് മൾട്ടി സർവ്വീസ് സെന്റേഴ്സ് ഫോർ ഓൾഡർ പേഴ്സൺസ്)
4. മെഡിക്കൽ കെയർ യൂണിറ്റ് നടത്തുന്നതിനുള്ള സഹായ പദ്ധതി (മെയിന്റനൻസ് ഓഫ് മൊബൈൽ കെയർ യൂണിറ്റ്)

5. സ്മൃതിനാശം ബാധിച്ച വൃദ്ധജനങ്ങളെ സംരക്ഷിക്കുന്ന പകൽ പരിപാലന കേന്ദ്രങ്ങൾക്കുള്ള ധനസഹായ പദ്ധതി (റണ്ണിംഗ് ഡേ കെയർ സെന്റർ ഫോർ അൾഷിമേഴ്സ് ഡിസീസ്/ഡിമൻഷ്യാ പേഷ്യന്റ്സ്)
6. ഫിസിയോ തെറാപ്പി ക്ലിനിക്കുകൾക്കുള്ള ധനസഹായം
7. വികലാംഗസഹായ ഉപകരണങ്ങൾ, ശ്രവണ സഹായി എന്നിവ നൽകുന്നതിനുള്ള ക്യാമ്പ് നടത്തുന്നതിനുള്ള സഹായ പദ്ധതി
8. വൃദ്ധജനങ്ങൾക്ക് ശാരീരിക മാനസികാരോഗ്യ സംരക്ഷണ പദ്ധതി (മെഡിക്കൽ ഹെൽത്ത് കെയർ ആന്റ് സ്പെഷ്യലൈസ്ഡ് കെയർ ഫോർ ഓൾഡർ പേഴ്സൺസ്)
9. വൃദ്ധജനങ്ങൾക്കുള്ള കൗൺസലിംഗ് ഹെൽപ്പ്ലൈൻ എന്നിവ നടത്തുന്നതിനുള്ള ധനസഹായം
10. സ്കൂൾ കോളേജ് വിദ്യാർത്ഥികൾക്ക് അവബോധം നൽകുന്ന പദ്ധതി
11. മേഖലാടിസ്ഥാനത്തിലുള്ള പരിശീലന കേന്ദ്രങ്ങൾക്കുള്ള ധനസഹായം
12. വൃദ്ധജനങ്ങൾക്ക് സംരക്ഷണം നൽകുന്നവർക്കുള്ള പരിശീലന പരിപാടികൾക്ക് നൽകുന്ന ധനസഹായം
13. വയോജനങ്ങൾക്കുള്ള ബോധവൽക്കരണ പരിപാടികൾ ദൃശ്യ ശ്രവ്യ മാദ്ധ്യമങ്ങളിലൂടെ നടത്തുന്നതിനുള്ള ധനസഹായം

മേൽ പദ്ധതികളുടെ വിശദവിവരങ്ങൾ www.socialjustice.nic.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. കൂടാതെ സാമൂഹ്യനീതിവകുപ്പിന്റെ ജില്ലാ ആഫീസുകൾ, മേഖല അസിസ്റ്റന്റ് ഡയറക്ടറാഫീസുകൾ എന്നിവിടങ്ങളിൽ നിന്നും ലഭിക്കുന്നതാണ്.

## ഓൾഡ് ഏജ് ഹോം, ഡേ കെയർ സെന്റർ എന്നിവ ആരംഭിക്കുന്നതിന് പഞ്ചായത്തുകൾക്കുള്ള ധനസഹായ പദ്ധതി

25 അന്തേവാസികളെ പ്രവേശിപ്പിക്കുന്നതിന് സൗകര്യമുള്ള വൃദ്ധസദനങ്ങൾക്കാണ് ഈ ആനുകൂല്യം ലഭിക്കുക. ഡേ കെയർ സെന്റർ ആണെങ്കിൽ 50 പേർക്കുള്ള സൗകര്യം ഉണ്ടായിരിക്കണം. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നടത്തുന്ന വൃദ്ധസദനങ്ങൾ, ഡേ കെയർ സെന്ററുകൾ എന്നിവയ്ക്കാണ് തുക അനുവദിക്കുന്നത്. പദ്ധതി സംബന്ധിച്ച വിവരങ്ങൾ എല്ലാ ജില്ലാ സാമൂഹ്യനീതി ആഫീസുകളിലും ലഭിക്കും. കൂടാതെ ഡിപ്പാർട്ടുമെന്റിന്റെ (www.swd.kerala.gov.in) വെബ് സൈറ്റിൽ നിന്നും വിവരങ്ങൾ ലഭ്യമാണ്.

## വൃദ്ധജനങ്ങൾക്കുള്ള സ്ഥാപനങ്ങൾ

*വികലാംഗരായ വൃദ്ധർക്കുള്ള ഹോം*

അൻപത്തഞ്ച് വയസ്സായ വികലാംഗരായ വൃദ്ധർക്കാണ് ഇവിടെ പ്രവേശനം ലഭിക്കുക, ജില്ലാ പ്രൊബേഷൻ ഓഫീസർ അല്ലെങ്കിൽ മെഡിക്കൽ ഓഫീസർ നൽകുന്ന ശുപാർശ കത്തുമായി വേണം പ്രവേശനത്തിനായി സൂപ്രണ്ടിനെ സമീപിക്കേണ്ടത്. ആലപ്പുഴ, ഇടുക്കി, വയനാട്, പാലക്കാട് ജില്ലകളിൽ ഈ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു.

*വൃദ്ധസദനം*

സംരക്ഷിക്കുവാനാളില്ലാത്ത വൃദ്ധജനങ്ങൾക്ക് സംരക്ഷണവും പരിചരണവും നൽകുന്നതിനാണ് ഇത്തരം സ്ഥാപനങ്ങൾ സാമൂഹ്യനീതി വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്നത്. 60 വയസ്സിനു മുകളിൽ പ്രായമുള്ളതും മേൽപറഞ്ഞ വിഭാഗങ്ങളിൽപ്പെടുന്ന എല്ലാ വയോജനങ്ങൾക്കും പ്രവേശനം ലഭിക്കും. അതാത് സ്ഥാപന സൂപ്രണ്ടുമാർക്ക് അപേക്ഷ നൽകേണ്ടതാണ്. സാമൂഹ്യനീതി വകുപ്പിനു കീഴിൽ സംസ്ഥാനത്തെ എല്ലാ ജില്ലകളിലും വൃദ്ധർക്കുവേണ്ടി സർക്കാർ വൃദ്ധസദനങ്ങൾ പ്രവർത്തിക്കുന്നു.

## **ശാരീരികമായി വെല്ലുവിളി നേരിടുന്നവർക്കുള്ള പദ്ധതികൾ**

*ദീൻദയാൽ ഡിസേബിൾഡ് റീഹാബിലിറ്റേഷൻ സ്കീം (DDRS)*

2001 വർഷത്തെ സെൻസസ് പ്രകാരം ഭാരതത്തിലെ ജനസംഖ്യയുടെ ഏകദേശം 2.1%ത്തോളം വികലാംഗരാണെന്നാണ് കണക്കാക്കപ്പെട്ടിരിക്കുന്നത്. അവരുടെ എണ്ണം ഏകദേശം 2.44 കോടിയോളം വരും. ഭരണഘടന അനുശാസിക്കുംവിധം ഏവർക്കും സമൂഹത്തിന്റെ മുഖ്യധാരാ പ്രവർത്തനങ്ങളിൽ വ്യാപരിക്കുന്നതിനായി പ്രത്യേക പരിഗണനയോടെയുള്ള പദ്ധതികൾ നടപ്പിൽ വരുത്തേണ്ടത് സമൂഹത്തിന്റെ കടമയാണ്. ഭാരതത്തിലെ എല്ലാ പൗരന്മാർക്കുമൊപ്പം ഭരണഘടന അനുശാസിക്കുന്ന സമത്വം, സ്വാതന്ത്ര്യം, നീതി എന്നിവ ഉറപ്പുവരുത്തുന്നതിന് വികലാംഗർക്കായി നടപ്പിലാക്കിയിട്ടുള്ളതാണ് ഈ പദ്ധതി. കേന്ദ്രസർക്കാർ ധനസഹായം ലഭ്യമാക്കുന്നതിനായി ചുവടെ പറയുന്ന പദ്ധതികൾക്കുള്ള അപേക്ഷകൾ അതാത് ജില്ലാ സാമൂഹ്യ നീതി ഓഫീസുകളിൽ സമർപ്പിക്കേണ്ടതാണ്.

1. **വികലാംഗത്വം വളരെ നേരത്തെ കണ്ടുപിടിച്ച്, വിദ്യാഭ്യാസം, പരിശീലനം എന്നിവ നൽകുന്നതിനുള്ള പദ്ധതി.**
2. **സ്പെഷ്യൽ സ്കൂളുകൾക്കുള്ള പദ്ധതി.**
3. **സെറിബ്രൽ പാൾസി ബാധിത കുട്ടികൾക്കുള്ള പദ്ധതി.**
4. **തൊഴിൽ പരിശീലന കേന്ദ്രങ്ങൾ (VTC)**
5. **ഷെൽറ്റേഡ് വർക്ക്ഷോപ്പ്**
6. **കുഷ്ഠരോഗ വിമുക്ത പുനരധിവാസ പദ്ധതി**
7. **ഹാഫ് വേ ഹോം–മാനസിക രോഗ ബാധിതർക്കുള്ള ചികിത്സാ–പുനരധിവാസ പദ്ധതി**
8. **വികലാംഗരെ തിരിച്ചറിയുന്നതിനും ബോധവൽക്കരണം നടത്തുന്നതിനുമുള്ള പദ്ധതി**
9. **വീടിനോടനുബന്ധിച്ച് പുനരധിവാസ പദ്ധതി**
10. **കമ്യൂണിറ്റി ബേസ്ഡ് റീഹാബിലിറ്റേഷൻ പ്രോജക്ട്**
11. **കാഴ്ച ശക്തി വളരെ കുറഞ്ഞവർക്കുള്ള പദ്ധതി**
12. **മനുഷ്യവിഭവശേഷി വികസനത്തിനുള്ള പദ്ധതി**
13. **സെമിനാറുകൾ/ക്യാമ്പുകൾ/വർക്ക്ഷോപ്പുകൾ നടത്തുന്നതിനുള്ള പദ്ധതി**
14. **വികലാംഗർക്കായി പരിസ്ഥിതി സൗഹൃദ–ജൈവാധിഷ്ഠിത പദ്ധതികൾ**
15. **വികലാംഗർക്കുള്ള മറ്റു പദ്ധതികളോടനുബന്ധിച്ച് കമ്പ്യൂട്ടർ വാങ്ങുന്നതിനുള്ള പദ്ധതി.**
16. **വികലാംഗർക്കുള്ള മറ്റു പദ്ധതികൾ നടപ്പിലാക്കുന്നതിനായി കെട്ടിടം നിർമ്മിക്കുന്നതിനുള്ള പദ്ധതി.**
17. **നിയമസാക്ഷരത, നിയമബോധവൽക്കരണം, നിയമപരമായ മറ്റു സഹായം എന്നിവയ്ക്കുള്ള പദ്ധതി**
18. **ജില്ലാ വികലാംഗ പുനരധിവാസ കേന്ദ്രങ്ങൾ**

ഈ പദ്ധതികൾ സംബന്ധിച്ച വിശദാംശങ്ങൾ www.socialwelfare.nic.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

### **സ്കോളർഷിപ്പ്**

ഒന്നാം സ്റ്റാൻഡേർഡ് മുതൽ ബിരുദാനന്തര ബിരുദംവരെ പഠിക്കുന്ന വികലാംഗ വിദ്യാർത്ഥികൾക്ക് സാമൂഹ്യനീതി വകുപ്പ് മുഖേന സ്കോളർഷിപ്പ് നൽകിവരുന്നു. വാർഷിക വരുമാനം 36,000 രൂപയിൽ കവിയാത്തവരും, മുൻവാർഷിക പരീക്ഷയിൽ 40% ൽ കുറയാത്ത മാർക്ക് ലഭിച്ചവരുമായ വികലാംഗ വിദ്യാർത്ഥികൾ ഈ സ്കോളർഷിപ്പിന് അർഹരാണ്. പ്രൊഫഷണൽ കോഴ്സ്, ടെക്നിക്കൽ ട്രെയിനിംഗ് എന്നീ മേഖലകളിൽ വിദ്യാഭ്യാസം നടത്തുന്ന വികലാംഗർക്കും സ്കോളർഷിപ്പ് നൽകിവരുന്നു. 1 മുതൽ 4 വരെ പഠിക്കുന്നവർക്ക് 100 രൂപയും, 5 മുതൽ 10 വരെ 125 രൂപയും, +1, +2, ഐ. ടി. ഐ. കോഴ്സുകൾക്ക് പഠിക്കുന്നവർക്ക് 150 രൂപയും എല്ലാ ഡിഗ്രി കോഴ്സുകൾക്കും, പോളി ടെക്നിക്ക് തത്തുല്യമായ ട്രെയിനിംഗ് കോഴ്സുകൾ, ബി.ഇ/എം.ബി.ബി.എസ്/എൽ.എൽ.ബി/ബി.എഡ്/എൽ.എൽ.എം/ എം.എഡ് മുതലായവയ്ക്ക് 250 രൂപയും നൽകിവരുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേനയാണ് ഇവ വിതരണം ചെയ്യുന്നത്. ഒന്നാം ക്ലാസ്സുമുതൽ പ്ലസ്ടു വരെ പഠിക്കുന്ന അന്ധവിദ്യാർത്ഥികൾക്ക് പ്രതിമാസം 50

രൂപയും, ബിരുദം മുതൽ പ്രൊഫഷണൽ കോഴ്സുകൾ വരെ പഠിക്കുന്ന അന്ധവിദ്യാർത്ഥികൾക്ക് 100 രൂപയും, റീഡേഴ്സ് അലവൻസായും വകുപ്പ് നൽകിവരുന്നു. അപേക്ഷകൾ അതാത് ജില്ലാ സാമൂഹ്യനീതി ഓഫീസർമാർക്ക് സമർപ്പിക്കേണ്ടതാണ്.

**<u>അന്ധരും അസ്ഥിസംബന്ധമായ വൈകല്യമുള്ളവരുമായ അഭിഭാഷകർക്കുള്ള ധനസഹായം</u>**

കുടുംബവാർഷിക വരുമാനം പ്രതിമാസം 18,000 രൂപയിൽ കവിയാത്ത അന്ധരായ അഭിഭാഷകർക്കും അസ്ഥിസംബന്ധമായ വൈകല്യമുള്ള അഭിഭാഷകർക്കും ധനസഹായം നൽകിവരുന്നു. അന്ധരായ അഭിഭാഷകർക്ക് പ്രതിമാസം 1000 രൂപ നിരക്കിൽ പരമാവധി 5 വർഷത്തേയ്ക്ക് റീഡേഴ്സ് അലവൻസും, നിയമപുസ്തകം, സ്യൂട്ട് എന്നിവ വാങ്ങുന്നതിന് ഒറ്റത്തവണയായി 2500 രൂപയും നൽകിവരുന്നു. അപേക്ഷകൾ സാമൂഹ്യനീതി ഡയറക്ടറേറ്റിൽ സമർപ്പിക്കേണ്ടതാണ്.

**ഇന്റർവ്യൂ, എഴുത്തുപരീക്ഷ എന്നിവയ്ക്ക് ഹാജരാകുന്ന വികലാംഗർക്ക് വരുമാനത്തിന്റെ അടിസ്ഥാനത്തിൽ യാത്രാബത്ത അനുവദിക്കുന്നതാണ്.**

**<u>എൻജിഒകൾ നടത്തുന്ന വികലാംഗ പുനരധിവാസ കേന്ദ്രങ്ങളിലെ അന്തേവാസികൾക്ക് നൽകേണ്ട ഗ്രാന്റ്</u>**

അംഗീകൃത സന്നദ്ധ സംഘടനകൾ നടത്തുന്ന വികലാംഗരുടെ പുനരധിവാസത്തിനും ക്ഷേമത്തിനുമായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിലെ അന്തേവാസികളുടെ സംരക്ഷണത്തിന് ധനസഹായം വകുപ്പിലൂടെ നൽകിവരുന്നു. ഒരു അന്തേവാസിക്ക് പ്രതിമാസം 200 രൂപ നിരക്കിൽ ധനസഹായം അനുവദിച്ചുവരുന്നു.

**<u>വികലാംഗർക്കായുള്ള സ്ഥാപനങ്ങൾക്കുള്ള പിഡബ്ല്യൂഡി രജിസ്ട്രേഷൻ</u>**

വികലാംഗരായ വ്യക്തികൾക്കുവേണ്ടി പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് 1995–ലെ (The Person's with Diabilities (Equal opportunities, Protection of Right and full participation) Act –ലെ 52–ാം സെക്ഷൻ പ്രകാരം രജിസ്ട്രേഷൻ നൽകിവരുന്നു. മേൽപ്പറഞ്ഞ ആനുകൂല്യങ്ങൾക്കായി സാമൂഹ്യ നീതി ഡയറക്ടർ/ജില്ലാ സാമൂഹ്യനീതി ഓഫീസർ എന്നിവർക്ക് അപേക്ഷ സമർപ്പിക്കേണ്ടതാണ്.

**<u>വികലാംഗദുരിതാശ്വാസ നിധിയിൽ നിന്നുള്ള ചികിത്സാസഹായം</u>**

പ്രതിവർഷം ഗ്രാമപ്രദേശങ്ങളിലുള്ളവർക്ക് 20,000 രൂപയിൽ താഴെയും നഗരപ്രദേശങ്ങളിലുള്ളവർക്ക് 22,375 രൂപയിൽ താഴെയും വരുമാനമുള്ള ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് വികലാംഗദുരിതാശ്വാസ നിധിയിൽ നിന്നുള്ള ചികിത്സാധനസഹായമായി പരമാവധി 5000 രൂപ വരെ നൽകിവരുന്നു. ഇതിനുള്ള അപേക്ഷാഫാറം അതാതു ജില്ലാ സാമൂഹ്യ നീതി ഓഫീസുകളിൽ നിന്നും ലഭിക്കും.

**<u>ശാരീരികമായി വെല്ലുവിളി നേരിടുന്ന പെൺകുട്ടികൾക്കും ശാരീരികമായി വെല്ലുവിളി നേരിടുന്ന മാതാപിതാക്കളുടെ പെൺമക്കൾക്കുമുള്ള വിവാഹധനസഹായം</u>**

പ്രതിവർഷം 36,000 രൂപയിൽ താഴെ വരുമാനമുള്ള ശാരീരിക വെല്ലുവിളികൾ നേരിടുന്ന പെൺകുട്ടികൾക്കും ശാരീരികവെല്ലുവിളികൾ നേരിടുന്ന മാതാപിതാക്കളുടെ പെൺമക്കൾക്കുമുള്ള വിവാഹ ധനസഹായമായി 10,000 രൂപ നൽകിവരുന്നു. ഇതിനുള്ള അപേക്ഷാഫാറം ജില്ലാ സാമൂഹ്യ നീതി ഓഫിസുകളിൽ നിന്നും ലഭ്യമാണ്.

## <u>എ.ഡി.ഐ.പി.സ്കീം (അസിസ്റ്റന്റ്സ് ഫോർ ഡിസേബിൾഡ് പേഴ്സൺ ഫോർ പർച്ചേസ്/ഫിറ്റിംഗ് ഓഫ് എയ്ഡ് അപ്ലയൻസ്)</u>

അംഗവൈകല്യമുള്ളവർക്ക് അവരുടെ വൈകല്യത്തിന്റെ സ്വഭാവമനുസരിച്ച് ആധുനിക ഉപകരണങ്ങൾ വിതരണം ചെയ്യുന്ന പദ്ധതിയാണിത്. ഉപകരണങ്ങൾ ലഭ്യമാക്കി അവരെ സ്വയം പര്യാപ്തരാക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം. ഗുണഭോക്താക്കൾക്ക് നിശ്ചിതപ്രായപരിധി ഇല്ല. ഉപകരണങ്ങൾ ഉപയോഗിക്കാൻതക്ക വൈകല്യം ഗുണഭോക്താവിനുണ്ട് എന്ന് തെളിയിക്കുന്ന ഒരു അംഗീകൃത ഡോക്ടറുടെ സാക്ഷ്യപത്രം അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്. വാർഷികവരുമാനം 10,000 രൂപയിൽ കൂടാൻ പാടില്ല. അപേക്ഷകൾ ജില്ലാ സാമൂഹ്യ നീതി ഓഫീസറുടെ കാര്യാലയത്തിൽ സമർപ്പിക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾ www.swd.gov.in.com എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

## <u>ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്ഥാപനങ്ങൾ</u>

### *ഹോം ഫോർ മെന്റലി ഡെഫിഷ്യന്റ് ചിൽഡ്രൻ (HMDC)*

ബുദ്ധിവൈകല്യമുള്ള നാലിനും പതിനാറിനുമിടയിൽ പ്രായമുള്ള കുട്ടികൾക്ക് സംരക്ഷണം നൽകുന്ന സ്ഥാപനമാണ് കോഴിക്കോട് പ്രവർത്തിക്കുന്ന ഹോം ഫോർ മെന്റലി ഡെഫിഷ്യന്റ് ചിൽഡ്രൻ. പ്രവേശനം ലഭിക്കുന്ന കുട്ടികൾക്ക് വസ്ത്രങ്ങളും കിടക്കയും ആഹാരവും നൽകിവരുന്നു. ദൈനംദിന ആവശ്യങ്ങൾ, വിദ്യാഭ്യാസം, കരകൗശലം എന്നിവ സംയോജിതമായുള്ള പരിശീലന പരിപാടിയും ഇവിടെ നടത്തിവരുന്നു.

### *പ്രതീക്ഷാഭവൻ*

ബുദ്ധിവൈകല്യമുള്ള പ്രായപൂർത്തിയായ പുരുഷൻമാർക്കുള്ള സ്ഥാപനമാണ് മലപ്പുറം ജില്ലയിലെ തവനൂരിൽ പ്രവർത്തിക്കുന്ന പ്രതീക്ഷാ ഭവൻ. മെഡിക്കൽ ഓഫീസറുടെ ശുപാർശ ചെയ്തുള്ള കത്ത് സഹിതം അപേക്ഷ സമർപ്പിക്കുന്നതിലൂടെ പ്രവേശനം ലഭ്യമാക്കാം. അന്തേവാസികൾക്ക് വസ്ത്രവും കിടക്കയും ഭക്ഷണവും ആരോഗ്യ പരിപാലനവും ആവശ്യമായ വൈദ്യചികിത്സയും നൽകുന്നു.

### *പ്രത്യാശാഭവൻ*

ബുദ്ധിവൈകല്യമുള്ള പ്രായപൂർത്തിയായ സ്ത്രീകൾക്ക് വേണ്ടിയുള്ള സ്ഥാപനമാണ് തൃശ്ശൂർ രാമവർമ്മപുരത്ത് പ്രവർത്തിക്കുന്ന പ്രത്യാശാഭവൻ എന്ന സ്ഥാപനം. സ്ഥാപനസൂപ്രണ്ടിന് അപേക്ഷ സമർപ്പിച്ച് സ്ഥാപനത്തിലേയ്ക്ക് പ്രവേശനം നേടാവുന്നതാണ്. മെഡിക്കൽ ഓഫീസറുടെ ശുപാർശ ചെയ്തുള്ള കത്തും അപേക്ഷയോടൊത്ത് സമർപ്പിക്കേണ്ടതാണ്. പ്രവേശനം ലഭിക്കുന്ന അന്തേവാസികൾക്ക് വസ്ത്രവും, കിടക്കയും, ഭക്ഷണവും, ആരോഗ്യപരിപാലനവും, സംരക്ഷണവും ആവശ്യമായ വൈദ്യചികിത്സയും നൽകിവരുന്നു.

### *വികലാംഗസദനം*

വികലാംഗരായ സ്ത്രീകൾക്കും പുരുഷന്മാർക്കും വേണ്ടി വികലാംഗ സദനങ്ങൾ പ്രവർത്തിച്ചുവരുന്നു. വനിതാ വികലാംഗ സദനങ്ങൾ തിരുവനന്തപുരത്തും എറണാകുളത്തും പുരുഷന്മാർക്കുള്ള വികലാംഗ സദനം കോഴിക്കോടും പ്രവർത്തിച്ചുവരുന്നു. പ്രവേശനത്തിന് സ്ഥാപന സൂപ്രണ്ടിന് അപേക്ഷ സമർപ്പിക്കേണ്ടതാണ്. മെഡിക്കൽ ഓഫീസർ ശുപാർശ ചെയ്തിട്ടുള്ള കത്തും അപേക്ഷയോടൊപ്പം സമർപ്പിക്കണം. സ്ഥാപനങ്ങളിലെ അന്തേവാസികൾക്ക് വസ്ത്രവും കിടക്കയും ഭക്ഷണവും ആരോഗ്യ പരിപാലനവും സംരക്ഷണവും നൽകിവരുന്നു.

## <u>വികലാംഗർക്കുള്ള തൊഴിൽ പരിശീലന കേന്ദ്രങ്ങൾ</u>

തിരുവനന്തപുരം, കോഴിക്കോട് ജില്ലകളിലായി രണ്ട് തൊഴിൽ പരിശീലനകേന്ദ്രങ്ങളാണ് പ്രവർത്തിച്ചുവരുന്നത്. പതിനാറ് വയസ്സിനുമേൽ പ്രായമുള്ള യുവജനങ്ങൾക്ക് ബുക്ക് ബയന്റിംഗ്, ടെയ്‌ലറിംഗ് എംബ്രോയിഡറി, കമ്പ്യൂട്ടർ എന്നിവയിൽ തൊഴിൽ പരിശീലനം നൽകുന്നു. രണ്ട്

വർഷമാണ് കോഴ്സ് കാലാവധി. മെഡിക്കൽ ഓഫീസർ നൽകുന്ന ശുപാർശ കത്ത്, ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ നിന്നുള്ള കത്ത് എന്നിവയാണ് പ്രവേശനത്തിനാവശ്യമായ രേഖകൾ. കൂടാതെ ഷോർട്ട്ടൈം കോഴ്സുകളായി ആറു മാസം, ഒരു വർഷം തുടങ്ങിയ കാലയളവുകളിലേയ്ക്കായി കമ്പ്യൂട്ടർ ട്രെയിനിംഗ് കോഴ്സുകൾ നടത്തുന്നു.

## ബാലവികലാംഗസദനം

നാലിനും പതിനാറിനും ഇടയിൽ പ്രായമുള്ള വികലാംഗരായ കുട്ടികൾക്ക് വേണ്ടിയുള്ള സ്ഥാപനമാണ് ബാലവികലാംഗ സദനം. മെഡിക്കൽ ഓഫീസർ നൽകുന്ന ശുപാർശ കത്ത്, ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ നിന്നുള്ള കത്ത് എന്നിവയാണ് പ്രവേശനത്തിനാവശ്യമായ രേഖകൾ. ആലപ്പുഴയിലും കണ്ണൂരിലും ബാലവികലാംഗ സദനങ്ങൾ പ്രവർത്തിച്ചുവരുന്നു. കുട്ടികൾക്ക് ഭക്ഷണം, വസ്ത്രം, കിടക്ക, ആരോഗ്യപരിപാലനം, വൈദ്യസഹായം എന്നിവ നൽകുന്നു. കുട്ടികൾക്ക് ഉപയുക്തമായ മേഖലയിൽ ട്രെയിനിംഗും നൽകുന്നു. കുട്ടികൾക്ക് വായിക്കുന്നതിനും ഉല്ലാസത്തിനും ഉള്ള അവസരവും കലാ -കായികരംഗങ്ങളിൽ അവരവരുടെ കഴിവ് തെളിയിക്കുന്നതിനുള്ള അവസരവും നൽകുന്നു. കൂടാതെ കുട്ടികൾക്ക് പഠിക്കുന്നതിനുള്ള സൗകര്യവും ഉണ്ടായിരിക്കും. പദ്ധതി സംബന്ധിച്ച വിവരങ്ങൾ അതത് സ്ഥാപനങ്ങളിൽ നിന്നും വെബ്സൈറ്റിൽ നിന്നും ലഭ്യമാണ്.

# മറ്റു വിഭാഗങ്ങൾക്കുള്ള പദ്ധതികൾ

## ജയിൽമോചിതരുടെ പുനരധിവാസം

ദരിദ്രമായ സാമ്പത്തിക സാഹചര്യങ്ങളിൽ നിന്നുള്ള മുൻ കുറ്റവാളികൾ, മേൽനോട്ടത്തിന് വിധേയമാക്കി വച്ചിരിക്കുന്ന കുറ്റവാളികൾ, തിരുത്തലിന് വേണ്ടിയോ അല്ലാതെയോ ഉള്ള സ്ഥാപനങ്ങളിലെ എക്സ്പ്യൂപ്പിൾസ് (മുൻ അന്തേവാസികൾ) എന്നിവരുടെ സാമൂഹ്യപുനരധിവാസത്തിന്റെ ഭാഗമായി സ്വയംതൊഴിൽ കണ്ടെത്തുന്നതിനുള്ള പദ്ധതിയാണിത്. ബന്ധപ്പെട്ട പ്രൊബേഷൻ ഓഫീസർക്കാണ് അപേക്ഷ നൽകേണ്ടത്. സ്വയംതൊഴിൽ കണ്ടെത്തുന്നതിന് നിലവിൽ 10,000 രൂപയാണ് നൽകിവരുന്നത്. ബന്ധപ്പെട്ട പ്രൊബേഷൻ ഓഫീസിൽ നിന്ന് പദ്ധതിയെ സംബന്ധിച്ച വിവരങ്ങൾ ലഭിക്കും.

## *തടവുകാരുടെ കുട്ടികൾക്കുള്ള വിദ്യാഭ്യാസ ധനസഹായം*

സ്ത്രീ തടവുകാരുടെ മക്കളും പുരുഷന്മാർ ദീർഘകാലമായി ജയിൽശിക്ഷ അനുവഭവിക്കുന്നതുമൂലം സ്ത്രീകൾ കുടുംബനാഥകൾ ആകുന്ന കുടുംബങ്ങളിലെ കുട്ടികളുമാണ് ഈ പദ്ധതിയുടെ ഗുണോക്താക്കൾ. ഈ രണ്ട് വിഭാഗത്തിലും ഉൾപ്പെട്ട കുട്ടികളുടെ ആഹാരം, വസ്ത്രം, സ്കൂൾഫീസ് തുടങ്ങിയ ചെലവുകൾക്കായി തുക അനുവദിയ്ക്കുന്നു. സ്കൂൾതലത്തിലുള്ള കുട്ടികൾക്ക് പ്രതിമാസം 500 രൂപ നിരക്കിൽ പ്രതിവർഷം 6000 രൂപയും, +2, ഡിപ്ലോമ ബിരുദതലത്തിലെ വിദ്യാർത്ഥികൾക്കായി പ്രതിമാസം 1000 രൂപാ നിരക്കിൽ പ്രതിവർഷം 12,000 രൂപയും ലഭിക്കുന്നു. ബിപിഎൽ വിഭാഗത്തിൽ വരുന്ന, അംഗീകൃത സ്ഥാപനങ്ങളിൽ ഡിഗ്രി/ഡിപ്ലോമ വരെ പഠിക്കുന്ന തടവുകാരുടെ കുട്ടികൾക്കാണ് വിദ്യാഭ്യാസ സഹായം ലഭിക്കുക. ആനുകൂല്യത്തിന് അർഹതയുള്ളവർ ബന്ധപ്പെട്ട ജയിൽ സൂപ്രണ്ടുമാർക്കാണ് അപേക്ഷ നൽകേണ്ടത്. സാമൂഹ്യ നീതി വകുപ്പിന്റെ വെബ്സൈറ്റിൽ പദ്ധതി സംബന്ധിച്ച വിവരങ്ങൾ ലഭിക്കും.

## *തടവുകാരുടെ ആശ്രിതരുടെ പുനരധിവാസ പദ്ധതി*

7 വർഷമോ അതിന് മുകളിലോ തടവിന് ശിക്ഷിക്കപ്പെട്ടവരുടെ കുടുംബാംഗങ്ങളുടെ പുനരധിവാസത്തിന് സ്വയംതൊഴിൽ കണ്ടെത്തുന്നതിനുള്ള ധനസഹായ പദ്ധതിയാണിത്. ബന്ധപ്പെട്ട പ്രൊബേഷൻ ഓഫീസർക്കാണ് അപേക്ഷ സമർപ്പിക്കേണ്ടത്. സ്വയംതൊഴിൽ കണ്ടെത്തുന്നതിന് ലഭിക്കുന്ന ബാങ്ക് വായ്പയുടെ 30 ശതമാനമോ 10,000 രൂപയോ ഏതാണോ കുറവ് അത് ലഭിക്കുന്നു.

***അക്രമത്തിനിരയായവരുടെ പുനരധിവാസം***

അക്രമത്തിന് ഇരയായ വ്യക്തിയുടെ ചികിത്സ, വീടിന്റെ കേട്പാട് തീർക്കൽ, കൃഷിക്കുണ്ടായ നാശനഷ്ടങ്ങൾ, കുട്ടികളുടെ വിദ്യാഭ്യാസം, സ്വയംതൊഴിൽ കണ്ടെത്തൽ തുടങ്ങിയ പുനരധിവാസ പ്രവർത്തനങ്ങൾക്കായി 15,000 രൂപ വരെ ധനസഹായമായി നൽകിവരുന്നു. ജില്ലാതലത്തിൽ കളക്ടർ, സൂപ്രണ്ട് ഓഫ് പോലീസ് മുതലായവർ ഉൾപ്പെടുന്ന കമ്മിറ്റി കുറ്റകൃത്യങ്ങളിൽ ഇരയാകുന്നവരുടെ കേസുകൾ പരിഗണിച്ച് ശുപാർശചെയ്യുകയാണ് ചെയ്യുന്നത്. ബന്ധപ്പെട്ട പ്രൊബേഷൻ ഓഫീസർക്കാണ് അപേക്ഷ സമർപ്പിക്കേണ്ടത്.

***മുൻകുറ്റവാളികൾ/പ്രൊബേഷണർ/എക്സ്പ്യൂപ്പിൾസ്/എക്സ്ഇൻമേറ്റ്സ് എന്നിവർക്കുള്ള ധനസഹായം***

ജയിൽമോചിതരായ മുൻ കുറ്റവാളികൾ പ്രൊബേഷൻ ഓഫ് ഒഫന്റേഴ്സ് ആക്ട് പ്രകാരം പ്രൊബേഷൻ റിലീസ് ലഭിച്ച പ്രൊബേഷണർമാർ/ബോർസ്റ്റൽ സ്കൂളുകളിൽനിന്നും വിടുതൽ ചെയ്യപ്പെട്ട എക്സ് പ്യൂപ്പിൾസ്/ ജുവനൈൽഹോമുകളിൽ നിന്ന് വിടുതൽ ചെയ്ത എക്സ് ഇൻമേറ്റ്സ് എന്നിവർക്ക് ഈ പദ്ധതി പ്രകാരം ധനസഹായം നൽകിവരുന്നു. ദരിദ്രമായ പശ്ചാത്തലത്തിലുള്ള കുടുംബങ്ങളിൽപ്പെട്ടവർക്ക് ഉപജീവനമാർഗ്ഗം നേടുന്നതിനായി എന്തെങ്കിലും തൊഴിൽ ആരംഭിക്കുന്നതിനാണ് സഹായം ലഭ്യമാക്കുന്നത്. പരമാവധി 10,000 രൂപയാണ് ധനസഹായമായി ഇപ്പോൾ നൽകി വരുന്നത്. അതാത് ജില്ലാ പ്രൊബേഷൻ ഓഫീസുകളിലാണ് അപേക്ഷ സമർപ്പിക്കേണ്ടത്.

***അനാഥമന്ദിരങ്ങൾക്കും മറ്റ് ധർമ്മസ്ഥാപനങ്ങൾക്കുമുള്ള ധനസഹായം***

ഓർഫനേജ് കൺട്രോൾ ബോർഡിന്റെ അംഗീകാരമുള്ള സന്നദ്ധസംഘടനകൾ നടത്തുന്ന ഓർഫനേജുകൾ, വൃദ്ധസദനങ്ങൾ, യാചകമന്ദിരങ്ങൾ എന്നിവയ്ക്കാണ് സാമൂഹ്യ നീതിവകുപ്പിൽ നിന്നും ഗ്രാന്റ് ലഭിക്കുന്നത്. ഒരു അന്തേവാസിക്ക് പ്രതിമാസം 750 രൂപയാണ് ഗ്രാന്റ്. പ്രസ്തുത ഹോമുകളിൽ പ്രവേശിപ്പിക്കപ്പെട്ട 5 വയസ്സിനും 21 വയസ്സിനുമിടയിൽ പ്രായമുള്ള അനാഥരും ഉപേക്ഷിക്കപ്പെട്ടവരുമായ കുട്ടികൾക്ക് ഗ്രാന്റിന് അർഹതയുണ്ട്. 55 വയസ്സിനു താഴെ പ്രായമുള്ള അംഗവൈകല്യംകൊണ്ടോ മാനസികമായ അസ്വസ്ഥതകൊണ്ടോ സാധാരണജീവിതം നയിക്കാൻ കഴിയാത്തവർക്കും മെഡിക്കൽ ഓഫീസറുടെ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ഗ്രാന്റിന് അർഹതയുണ്ട്. ബന്ധപ്പെട്ട ജില്ലാ സാമൂഹ്യനീതി ആഫീസർക്കാണ് അപേക്ഷ നൽകേണ്ടത്. പദ്ധതി സംബന്ധിച്ച വിവരങ്ങൾ എല്ലാ ജില്ലാ സാമൂഹ്യനീതി ആഫീസുകളിലും ലഭിക്കും. അതത് വർഷം ജൂൺ 1–ാം തീയതിക്കുമുമ്പ് അപേക്ഷ സമർപ്പിക്കേണ്ടതാണ്.

***ലഹരിവിരുദ്ധ പ്രവർത്തനം നടത്തുന്ന സന്നദ്ധസംഘടനകൾക്കുള്ള ധനസഹായ പദ്ധതി***

മദ്യത്തിനും മയക്കുമരുന്നിനും അടിമപ്പെട്ടുപോയ ജനവിഭാഗങ്ങളെ മെച്ചപ്പെട്ട രീതിയിൽ പുനരധിവസിപ്പിച്ച് സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് നയിക്കുന്നതിനും ലഹരിവസ്തുക്കളുടെ ദുരുപയോഗം തടയുക എന്ന ഉദ്ദേശ്യത്തോടുകൂടിയും കേന്ദ്രസർക്കാർ ആവിഷ്ക്കരിച്ചു നടപ്പാക്കുന്ന പദ്ധതിയാണിത്. ജില്ലാ സാമൂഹ്യ നീതി ഓഫീസർമാർക്കാണ് അപേക്ഷ നൽകേണ്ടത്. മദ്യത്തിനും മയക്കുമരുന്നിനും മറ്റ് ലഹരി വസ്തുക്കൾക്കും അടിമപ്പെട്ടുപോയവർക്ക് ലഹരി വിമുക്തകേന്ദ്രങ്ങളിലൂടെ പുനരധിവാസം സാധ്യമാക്കുകയാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. പദ്ധതി സംബന്ധിച്ച വിവരങ്ങൾ ജില്ലാ സാമൂഹ്യനീതി ഓഫീസർമാരുടെ കാര്യാലയങ്ങളിൽനിന്നും ലഭിക്കുന്നതാണ്.

***ദുർബല ജനവിഭാഗങ്ങൾക്കുള്ള സംരക്ഷണ പുനരധിവാസ പദ്ധതി***

അനാരോഗ്യം ബാധിച്ച് നിരാശ്രയരും, അശരണരുമായി തെരുവിൽ അലയുന്നവർക്കും രോഗം ഭേദമായ ശേഷവും ആശുപത്രികളിൽ കഴിയാൻ നിർബന്ധിതരായവർക്കും സംരക്ഷണം നൽകുന്നതിനുള്ള പദ്ധതിയാണിത്. മേൽപ്പറഞ്ഞ വിഭാഗത്തിൽപ്പെട്ട നിരാലംബരെ ഏറ്റെടുത്ത് അവർക്ക് എല്ലാവിധ സംരക്ഷണവും നൽകാൻ തയ്യാറുള്ള സന്നദ്ധസംഘടനകളെ തിരഞ്ഞെടുത്ത്

ചുമതല ഏൽപ്പിക്കുകയാണ് ഈ പദ്ധതിയിലൂടെ ഉദ്ദേശിക്കുന്നത്. തിരഞ്ഞെടുക്കപ്പെട്ട സ്ഥാപനങ്ങൾക്ക് സർക്കാർ ധനസഹായം നൽകും. സാമൂഹിക നീതി ഡയറക്ടർക്കാണ് അപേക്ഷ നൽകേണ്ടത്. പദ്ധതി സംബന്ധിച്ച വിവരങ്ങൾ ഔദ്യോഗിക വെബ്സൈറ്റിലും സാമൂഹ്യ നീതി വകുപ്പിന്റെ ജില്ലാതല ഓഫീസുകളിൽ നിന്നും ലഭിക്കും.

### ***മിശ്രവിവാഹ ധനസഹായ പദ്ധതി***

22,000 രൂപ വരെ വാർഷികവരുമാനമുള്ളവർക്കാണ് ധനസഹായത്തിന് അർഹതയുള്ളത്. വിവാഹം കഴിഞ്ഞ് 2 വർഷം പൂർത്തിയാവുകയും 3 വർഷം കഴിയാത്തവരുമായവർക്ക് സഹായത്തിന് അപേക്ഷിക്കാം. ജില്ലാ സാമൂഹ്യനീതി ഓഫീസർക്കാണ് അപേക്ഷ നൽകേണ്ടത്. എസ്.സി/എസ്.ടി ഒഴികെയുള്ള മിശ്ര വിവാഹിതർക്ക് ഈ വകുപ്പ് മുഖേന 30,000 രൂപ ധനസഹായം നൽകിവരുന്നുണ്ട്. ബന്ധപ്പെട്ട ജില്ലാ സാമൂഹ്യനീതി ഓഫീസിൽ നിന്നും അപേക്ഷ ലഭിക്കുന്നതാണ്.

## **സാമൂഹ്യനീതി വകുപ്പ് നടപ്പിലാക്കുന്ന നിയമങ്ങൾ**

### ***സ്ത്രീധന നിരോധന നിയമം***

1961 ലെ സ്ത്രീധന നിരോധന നിയമപ്രകാരം 2004-ൽ സംസ്ഥാന സർക്കാർ കേരള ഡൗറി പ്രൊഹിബിഷൻ റൂൾസ് പുറപ്പെടുവിക്കുകയുണ്ടായി. തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിങ്ങനെ 3 റീജിയണൽ ഡൗറി പ്രൊഹിബിഷൻ ഓഫീസർമാരെ സ്വതന്ത്ര ചുമതല നൽകി നിയമിച്ചിട്ടുണ്ട്. സാമൂഹ്യ നീതി ഡയറക്ടറാണ് ചീഫ് ഡൗറി പ്രൊഹിബിഷൻ ഓഫീസർ. സ്ത്രീധനം സംബന്ധിച്ചുള്ള പരാതികൾ സ്വന്തമായോ രക്ഷകർത്താക്കൾ അല്ലെങ്കിൽ ബന്ധുക്കൾ അല്ലെങ്കിൽ ഏതെങ്കിലും സന്നദ്ധസംഘടന/ സ്ഥാപനം വഴിയോ നൽകാവുന്നതാണ്.

### ***ഗാർഹിക പീഡന നിരോധന നിയമം***

2006 ഒക്ടോബറിലാണ് ഗാർഹിക പീഡന നിരോധന നിയമം പ്രാബല്യത്തിൽ വന്നത്. സ്ത്രീകൾക്ക് അപമാനവും ഉപദ്രവവും ആയി മാറിത്തീരാൻ സാധ്യതയുള്ള ഓരോ അതിക്രമങ്ങളും ഗാർഹിക പീഡനത്തിന്റെ വിശാലമായ നിർവചനത്തിൽ ഉൾപ്പെട്ടിട്ടുണ്ട്. ഗാർഹിക പീഡനത്തിന് ഇരയാകുന്ന സ്ത്രീകൾക്ക് സംരക്ഷണവും താമസവും സാമ്പത്തികാശ്വാസ നടപടികളും നിയമപരമായി ഉറപ്പുവരുത്തുന്നു. ജീവിത പങ്കാളിയായ ഭർത്താവിൽ നിന്നും അവരുടെ പുരുഷന്മാരായ ബന്ധുക്കളിൽ നിന്നും ഭാര്യയ്ക്ക് അല്ലെങ്കിൽ സ്ത്രീയ്ക്ക് നേരിടേണ്ടിവരുന്ന പീഡനങ്ങളിൽ നിന്ന് സംരക്ഷണം നൽകുന്നതിനാണ് ഈ നിയമം. സാമ്പത്തികവും വൈകാരികവും വാചികവും ശാരീരികവും ലൈംഗികവുമായ അപമാനിക്കലും അപമാന ഭീഷണികളുമെല്ലാം ഈ നിയമത്തിന്റെ പരിധിയിൽ വരുന്നു. സ്ത്രീധനത്തിനുവേണ്ടി പീഡിപ്പിക്കപ്പെട്ട സ്ത്രീകളും അവരുടെ ബന്ധുക്കളും ഗാർഹിക പീഡനത്തിന്റെ നിർവചനത്തിൽ ഉൾപ്പെടുന്നുണ്ട്.

ഗാർഹിക പീഡന നിരോധന നിയമം ഫലപ്രദമായി നടപ്പാക്കുന്നതിനായി 14 ജില്ലകളിലും വുമൺ പ്രൊട്ടക്ഷൻ ആഫീസർമാരെ നിയമിച്ചിട്ടുണ്ട്. പീഡനത്തിന് ഇരയായവർക്കും, പരാതിയുള്ളവർക്കും ടി ഉദ്യോഗസ്ഥരെ സമീപിച്ച് വിശദവിവരങ്ങൾ ധരിപ്പിക്കാവുന്നതും, ആവശ്യമായ നിയമസഹായം അഭ്യർത്ഥിയ്ക്കാവുന്നതുമാണ്. കുടുതൽ വിവരങ്ങൾ വകുപ്പിന്റെ വെബ്സൈറ്റിൽ ലഭ്യമാണ്.

## **മെയിന്റനൻസ് ആന്റ് വെൽഫയർ ഓഫ് പാരന്റ്സ് ആന്റ് സീനിയർ സിറ്റിസൺസ് ആക്ട് -2007**

മുതിർന്ന പൗരന്മാരുടെയും മാതാപിതാക്കളുടെയും ക്ഷേമവും പരിരക്ഷയും ഉദ്ദേശിച്ചാണ് ഈ നിയമം നടപ്പിലാക്കിയിരിക്കുന്നത്. ഈ നിയമപ്രകാരം മെയിന്റനൻസ് ട്രിബ്യൂണൽ രൂപീകരിച്ചിട്ടുണ്ട്. സ്വന്തം വരുമാനത്തിൽനിന്നോ സ്വന്തം സ്വത്തിൽ നിന്നുള്ള വരുമാനത്തിൽ നിന്നോ സ്വയം പരിപാലനത്തിനു കഴിവില്ലാത്ത മാതാപിതാക്കളുൾപ്പെടെയുള്ള മുതിർന്ന പൗരന്മാർക്ക് നിയമത്തിന്റെ ഖണ്ഡം 5 പ്രകാരം പരിരക്ഷയ്ക്കുള്ള അപേക്ഷ

സമർപ്പിക്കാവുന്നതാണ്. ട്രൈബ്യൂണലിനു അനുവദിക്കാവുന്ന പരമാവധി പരിരക്ഷ തുക സംസ്ഥാന ഗവൺമെന്റ് നിർദ്ദേശിച്ചിട്ടുള്ളതനുസരിച്ച് പതിനായിരം രൂപയിൽ കവിയാത്തതായിരിക്കണം.

## ജുവനൈൽ ജസ്റ്റിസ് (കുട്ടികളുടെ സംരക്ഷണവും സുരക്ഷയും) ആക്ട്-2000

നിയമവുമായി പൊരുത്തപ്പെടാത്ത കുട്ടികളുടെ സംരക്ഷണത്തിനും സുരക്ഷയ്ക്കും വികസനത്തിനും പുനരധിവാസത്തിനും ചില പ്രത്യേക സാഹചര്യത്തിൽ ശ്രദ്ധയും സംരക്ഷണവും ആവശ്യമായ കുട്ടികൾക്കും വേണ്ടിയാണ് ജുവനൈൽ ജസ്റ്റിസ് ആക്ട് (കുട്ടികളുടെ സംരക്ഷണവും സുരക്ഷയും) - 2000 രൂപപ്പെടുത്തിയിട്ടുള്ളത്.

ഈ നിയമത്തിൽ 18 വയസ്സുവരെയുള്ള കുട്ടികളെയാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. നിയമവുമായി പൊരുത്തപ്പെടാത്ത കുട്ടികളെ നിരീക്ഷിക്കുന്നതിനുള്ള ജുവനൈൽ ജസ്റ്റീസ് ബോർഡുകളും, സംരക്ഷണവും പരിചരണവും സുരക്ഷയും ആവശ്യമായ കുട്ടികൾക്ക് അവ നൽകുന്നതിനുവേണ്ടിയുള്ള ശിശുക്ഷേമ സമിതികളും ഈ സംവിധാനത്തിൽ ഉൾപ്പെടുന്നു.

കുട്ടികളുടെ അവകാശങ്ങളെക്കുറിച്ച് ഐക്യരാഷ്ട്രസഭ 1989-ൽ നടത്തിയ കൺവെൻഷനിൽ എടുത്ത തീരുമാനങ്ങളെ ഇന്ത്യാഗവൺമെന്റ് 1992-ൽ അംഗീകരിച്ചതിന്റെ അടിസ്ഥാനത്തിൽ നിയമങ്ങളും നയങ്ങളും എല്ലാ സംസ്ഥാനങ്ങളിലും ഒരുപോലെ നടപ്പാക്കുന്നതിനുള്ള ബാധ്യത ഏറ്റെടുത്തിരിക്കുന്നു.

## സ്പെഷ്യൽ ജുവനൈൽ പോലീസ് യൂണിറ്റ്

ക്രൈം ഡിറ്റാച്മെന്റ് ഡി.വൈ.എസ്.പിയുടെ കീഴിൽ ജില്ലാതല സ്പെഷ്യൽ ജുവനൈൽ പോലീസ് യൂണിറ്റുകൾ രൂപീകരിച്ചിട്ടുണ്ട്.

## ജുവനൈൽ പ്രൊബേഷൻ സർവ്വീസ്

ബാലനീതി നിയമപ്രകാരം കുട്ടികളെക്കുറിച്ചുള്ള അന്വേഷണം, മേൽനോട്ടം തുടങ്ങിയ ചുമതലകൾ നിർവ്വഹിക്കുന്നതിനുവേണ്ടി തിരുവനന്തപുരം, എറണാകുളം, തൃശ്ശൂർ ജില്ലകളിൽ സ്പെഷ്യൽ പ്രൊബേഷൻ ഓഫീസർമാരെ നിയമിച്ചിട്ടുണ്ട്. മറ്റ് ജില്ലകളിൽ ജുവനൈൽ കേസുകൾ കൈകാര്യം ചെയ്യുന്നത് പ്രൊബേഷൻ ഓഫ് ഒഫന്റേഴ്സ് ആക്ട് വ്യവസ്ഥയനുസരിച്ച് നിയമിച്ച പ്രൊബേഷൻ ഓഫീസർമാരാണ്.

## പ്രൊബേഷൻ ഓഫ് ഒഫന്റേഴ്സ് ആക്ട് - 1958

കുറ്റം തെളിയുന്ന പ്രതികളെ ജയിൽശിക്ഷ വിധിക്കാതെ പകരം സംവിധാനം എന്ന രീതിയിൽ പ്രൊബേഷൻ ആഫീസറുടെ മേൽനോട്ടത്തോട് കൂടിയോ ഇല്ലാതെയോ വ്യവസ്ഥകൾക്ക് വിധേയമായി നിരീക്ഷണത്തിൽ വിടുതൽ ചെയ്യുകയും തൃപ്തികരമായി നിരീക്ഷണകാലം പൂർത്തീകരിക്കുന്നവരെ ജയിൽശിക്ഷയിൽ നിന്നും ഒഴിവാക്കികൊടുക്കുകയും ചെയ്യുന്ന നിയമമാണിത്. ജീവപര്യന്തമോ തൂക്കിക്കൊലയോ ശിക്ഷവിധിക്കാവുന്ന വകുപ്പിൽ ഉൾപ്പെടാത്ത കുറ്റം ചെയ്തിട്ടുള്ളവരോ ആണ് ഗുണഭോക്താക്കൾ.

## ശൈശവ വിവാഹ നിരോധന നിയമം-2006

ബാലവിവാഹങ്ങൾ തടയുന്നതിനും, ബാലവിവാഹങ്ങൾ നടത്തിക്കൊടുക്കുന്നവരെ ശിക്ഷിക്കുന്നതിനും ഉതകുന്ന ഒരു നിയമമാണിത്. ഈ നിയമപ്രകാരം ബാലവിവാഹ നിരോധന ആഫീസർമാരായി ശിശു വികസന പദ്ധതി ഓഫീസർമാരെ നിയമിച്ചിട്ടുണ്ട്. ബാലവിവാഹം നടക്കാൻ ഇടയുണ്ട് എന്നറിയാവുന്നവർക്ക് ആ വിവാഹം തടയുന്നതിനും അത്തരം വിവാഹങ്ങൾ നടത്തിക്കൊടുക്കുന്നവർക്കെതിരെ നിയമനടപടി സ്വീകരിക്കുന്നതിനുമായി ഈ ആഫീസർമാർക്ക് പരാതി സമർപ്പിക്കാവുന്നതാണ്.

## നാഷണൽ ട്രസ്റ്റ് ആക്ട്

ഓട്ടിസം, സെറിബ്രൽ പാൾസി, മെന്റൽ റിട്ടാർഡേഷൻ എന്നിവ ബാധിച്ചിട്ടുള്ളവരുടെ ക്ഷേമത്തിനായി കേന്ദ്രസർക്കാരിന്റെ കീഴിലുള്ള ബോർഡാണ് നാഷണൽ ട്രസ്റ്റ്. നാഷണൽ ട്രസ്റ്റ് ആക്ട് നടപ്പിലാക്കുന്നതിനായി 13 ജില്ലകളിൽ ലോക്കൽ ലെവൽ കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. മാനസികവൈകല്യം ബാധിച്ച വ്യക്തികൾക്ക് നിയമാനുസൃത രക്ഷിതാക്കളെ നിയമിക്കുന്നതിനുള്ള അധികാരം ലോക്കൽ ലെവൽ കമ്മിറ്റികളിൽ നിക്ഷിപ്തമാണ്. ബാലവികാസ് ട്രസ്റ്റ് ആണ് നോഡൽ ഏജൻസി.

## പേഴ്സൺസ് വിത്ത് ഡിസബിലിറ്റീസ് ആക്ട് –1195

അംഗപരിമിതരായ ആളുകൾക്ക് (തുല്യ അവസരങ്ങളും, അവകാശ സംരക്ഷണ വും, പൂർണ്ണ പങ്കാളിത്തവും) ഉറപ്പാക്കുന്ന ആക്ട് 1995 – ൽ നിലവിൽ വന്നു. അംഗപരിമിതർക്ക് വേണ്ട ക്ഷേമപ്രവർത്തനങ്ങളും സേവനങ്ങളും ഈ നിയമം വഴി നടപ്പിലാക്കുന്നു.

## ഓർഫനേജ് ആന്റ് ചാരിറ്റബിൾ ഹോംസ് (കൺട്രോൾ ആന്റ് സൂപ്പർവിഷൻ ആക്ട്) 1960

സംസ്ഥാനത്ത് സ്ത്രീകൾക്കും കുട്ടികൾക്കും വേണ്ടി പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളും ഈ നിയമപ്രകാരം അംഗീകാരം നേടിയെടുക്കേണ്ടതാണ്. അംഗീകാരമില്ലാതെ പ്രവർത്തിക്കുന്ന ഇത്തരം സ്ഥാപനങ്ങൾക്കെതിരെ പ്രോസിക്യൂഷൻ നടപടികൾ സ്വീകരിക്കുന്നതിന് ഈ നിയമം അനുശാസിക്കുന്നു. ഈ നിയമത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനതലത്തിൽ ഓർഫനേജ് കൺട്രോൾ ബോർഡ് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. സ്ഥാപനങ്ങൾക്ക് അംഗീകാരം ലഭിക്കുന്നതിനുള്ള അപേക്ഷ ഓർഫനേജ് കൺട്രോൾ ബോർഡ് മെമ്പർ സെക്രട്ടറിയ്ക്ക് നൽകേണ്ടതാണ്.

മെമ്പർ സെക്രട്ടറി,
ഓർഫനേജ് കൺട്രോൾ ബോർഡ്, വികാസ്ഭവൻ,
മൂന്നാംനില, പി.എം.ജി. തിരുവനന്തപുരം.

## ദത്തെടുക്കൽ

നിയമപരമായി വിവാഹിതരായ ദമ്പതികൾ, വിവാഹിതർ/വിവാഹമോചനം നേടിയവർ തുടങ്ങിയ ഏതു വ്യക്തികൾക്കും ദത്ത് എടുക്കാവുന്നതാണ്. വിവാഹിതരായവരുടെ കാര്യത്തിൽ ദമ്പതികളിൽ ഒരാളുടെ വയസ്സ് 55 വരെ മാത്രമേ ദത്ത് അനുവദിക്കുകയുള്ളൂ. കൂടാതെ രണ്ടുപേരുടെയും വയസ്സു കൂട്ടുമ്പോൾ 90 വരെയാണ് പ്രായത്തിന്റെ പരിധി. മറ്റു വ്യക്തികളുടെ കാര്യത്തിൽ 30 നും 45 നും ഇടയിൽ പ്രായമുള്ളവർക്കാണ് ദത്ത് എടുക്കാൻ യോഗ്യത. കൂടാതെ താഴെപ്പറയുന്ന യോഗ്യതകൾ കൂടി അനിവാര്യമാണ്.

1. ശാരീരികവും മാനസികവും വൈകാരികവുമായി ആരോഗ്യമുള്ളവരായിരിക്കണം.
2. സൽസ്വഭാവമുള്ളവരും സുദൃഢമായ ദാമ്പത്യ/കുടുംബബന്ധം പുലർത്തുന്നവരു മായിരിക്കണം.
3. വ്യക്തിപരമായും കുടുംബപരമായും സാമൂഹികമായി പാലിക്കേണ്ട ചുമതലബോധമുള്ള വരായിരിക്കണം.

## അംഗൻവാടി വർക്കേഴ്സ് ആന്റ് ഹെൽപ്പേഴ്സ് ക്ഷേമനിധി ബോർഡ്

സാമൂഹ്യനീതി വകുപ്പിലെ അംഗൻവാടി വർക്കർമാർക്കും ഹെൽപ്പർമാർക്കുമായി ഒരു ക്ഷേമനിധി ബോർഡ് സാമൂഹ്യ നീതി ഡയറക്ടറേറ്റിൽ പ്രവർത്തിക്കുന്നു. അംഗൻവാടി വർക്കർമാരിൽ നിന്നും പ്രതിമാസം 30 രൂപയും ഹെൽപ്പർമാരിൽ നിന്ന് 15 രൂപയും ശേഖരിക്കുകയും തുല്യവിഹിതം സർക്കാർ നൽകുകയും ചെയ്യുന്നു. ഈ ഫണ്ട് ഉപയോഗിച്ച് അംഗങ്ങൾക്ക് വിവിധ സേവനങ്ങൾ ലഭ്യമാണ്. ജില്ലാതലത്തിൽ ഈ ഫണ്ടിന്റെ മേൽനോട്ടം വഹിക്കുന്നതിനായി ജില്ലാ സാമൂഹ്യനീതി ആഫീസിലും ഒരു മിനിസെൽ പ്രവർത്തിക്കുന്നു.

സംസ്ഥാനതലത്തിൽ ചീഫ് എക്സിക്യൂട്ടീവ് ആഫീസറും, ക്ഷേമനിധി ബോർഡ് ചെയർ പേഴ്സണും നേതൃത്വം നൽകുന്നു.

## അവാർഡുകൾ

*അംഗൻവാടി വർക്കർമാർക്കുള്ള സംസ്ഥാന അവാർഡ്*

ഐ.സി.ഡി.എസ് പദ്ധതി നടത്തിപ്പിലെ അടിസ്ഥാന ഘടകങ്ങളാണ് അംഗൻവാടി വർക്കർമാരും ഹെൽപ്പർമാരും. അംഗൻവാടി വർക്കർമാരുടെ ശിശുക്ഷേമ പ്രവർത്തനത്തിനും സന്നദ്ധസേവനങ്ങൾക്കും മുൻതൂക്കം നൽകി ആദരിക്കുന്നതിനായി കേന്ദ്രസർക്കാർ അവാർഡുകൾ ഏർപ്പെടുത്തിയിട്ടുണ്ട്. എല്ലാ വർഷവും തെരഞ്ഞെടുക്കപ്പെടുന്ന അംഗൻവാടി വർക്കർമാർക്ക് 5,000 രൂപ വീതം ക്യാഷ് അവാർഡും സർട്ടിഫിക്കറ്റും നൽകിവരുന്നു.

*അംഗൻവാടി ഹെൽപ്പർമാർക്കുള്ള സംസ്ഥാന അവാർഡ്*

സംസ്ഥാനത്ത് തിരഞ്ഞെടുക്കപ്പെടുന്ന അംഗൻവാടി ഹെൽപ്പർമാർക്ക് അവരുടെ ശിശുക്ഷേമപ്രവർത്തനങ്ങൾക്കും സന്നദ്ധ സേവനങ്ങൾക്കും അംഗീകാരം നൽകുന്നതിന്റെ ഭാഗമായി അവാർഡ് നൽകിവരുന്നു. 3000 രൂപയാണ് അവാർഡ് തുക.

*അംഗൻവാടി വർക്കർമാർക്കുള്ള ദേശീയ അവാർഡ്*

സംസ്ഥാനത്തുനിന്നും സംസ്ഥാന അവാർഡിനായി തിരഞ്ഞെടുക്കപ്പെടുന്ന 2 അംഗൻവാടി വർക്കർമാർക്ക് കേന്ദ്രസർക്കാർ 7,500 രൂപയും സർട്ടിഫിക്കറ്റും അവാർഡായി നൽകുന്നു.

*ജില്ലാകളക്ടർമാർക്കുള്ള അവാർഡ്*

ഐ.സി.ഡി.എസ്. പദ്ധതി പ്രവർത്തനവുമായി ബന്ധപ്പെട്ട് സംസ്ഥാനത്തിൽ ഏറ്റവും മികച്ച പ്രവർത്തനംകാഴ്ചവയ്ക്കുകയും അതിന് നേതൃത്വം നൽകുകയും ചെയ്യുന്ന ജില്ലയിലെ കളക്ടർക്ക് നൽകുന്ന അവാർഡാണിത്. 25,000 രൂപയും സർട്ടിഫിക്കറ്റുമാണ് അവാർഡ്.

*ഐ.സി.ഡി.എസ്. സൂപ്പർവൈസർമാർക്കും സി.ഡി.പി.ഒ മാർക്കുമുള്ള സംസ്ഥാന അവാർഡ്*

ജില്ലകളിൽ ഏറ്റവും മികച്ച പ്രവർത്തനം കാഴ്ചവയ്ക്കുന്ന ഓരോ സൂപ്പർവൈസർമാർ വീതം സംസ്ഥാനമൊട്ടാകെ 14 ഐ.സി.ഡി.എസ്. സൂപ്പർവൈസർമാർക്ക് ഒരാൾക്ക് 10,000 രൂപയും സർട്ടിഫിക്കറ്റും ഉൾപ്പെടുന്ന സംസ്ഥാന അവാർഡ് നൽകിവരുന്നു. സംസ്ഥാനത്തെ 258 ഐ.സി.ഡി.എസ്. പ്രൊജക്ടുകളിലെ സി.ഡി.പി.ഒ മാരിൽ നിന്ന് തെരെഞ്ഞടുക്കുന്ന ഏറ്റവും മികച്ച പ്രവർത്തനം കാഴ്ച വയ്ക്കുന്ന ഒരു സി.ഡി.പി.ഒയ്ക്ക് സംസ്ഥാന അവാർഡ് ഏർപ്പെടുത്തിയിട്ടുണ്ട്. 15,000 രൂപയും സർട്ടിഫിക്കറ്റുമാണ് അവാർഡ്.

*ധീരതയ്ക്കുള്ള അവാർഡ്*

സംസ്ഥാനത്ത് വിവിധതലങ്ങളിൽ സ്വന്തം ജീവൻ തൃണവത്ഗണിച്ചുകൊണ്ട് മറ്റുള്ളവരുടെ ജീവൻ രക്ഷിച്ച 6 നും 18 നും ഇടയ്ക്ക് പ്രായമുള്ള കുട്ടികളിൽ നിന്നാണ് അവാർഡിനായി അപേക്ഷ ക്ഷണിക്കുന്നത്. അവാർഡിന്റെ വിജ്ഞാപനത്തിൽ രേഖപ്പെടുത്തിയ പ്രകാരമുള്ള നിശ്ചിത കാലയളവിനുള്ളിൽ ധീര പ്രവൃത്തി കാഴ്ചവച്ചവരായിരിക്കണം അപേക്ഷകർ. ഏതു തരത്തിലുള്ള ധീരപ്രവൃത്തിയാണ് കാഴ്ചവച്ചത്, രക്ഷപ്പെടുത്തിയ ആളുമായി കുട്ടികൾക്കുള്ള ബന്ധം എന്നിവ രേഖപ്പെടുത്തിയിരിക്കണം.

*നാഷണൽ അവാർഡ് ഫോർ ചൈൽഡ് വെൽഫെയർ*

കുട്ടികളുടെ ക്ഷേമത്തിനുവേണ്ടി പ്രവർത്തിക്കുന്ന 3 വ്യക്തികൾക്കും 5 സ്ഥാപനങ്ങൾക്കുമാണ് ദേശീയ തലത്തിലുള്ള ഈ അവാർഡ് നൽകിവരുന്നത്. ഏതെങ്കിലും സ്ഥാപനത്തിൽ നിന്ന് പ്രതിഫലം പറ്റുന്നവർ അർഹരല്ല. നിർദ്ദിഷ്ട അപേക്ഷകൾ ഇംഗ്ലീഷിൽ പൂരിപ്പിച്ച് അതാതു ജില്ല സാമൂഹ്യ നീതി ഓഫീസുകളിൽ സമർപ്പിക്കേണ്ടതാണ്. സ്ഥാപനങ്ങൾക്കുള്ള അവാർഡ് 3 ലക്ഷം രൂപയും സൈറ്റേഷനുമാണ്. ഒരു ലക്ഷം രൂപയും സൈറ്റേഷനുമാണ് വ്യക്തികൾക്കുള്ള അവാർഡ്. പ്രസ്തുത അവാർഡ് സംബന്ധിച്ച വിവരങ്ങൾ സാമൂഹ്യ നീതി വകുപ്പിന്റെ വെബ്സൈറ്റിൽ ലഭ്യമാണ്.

*രാജീവ്ഗാന്ധി മാനവസേവ അവാർഡ് ഫോർ സർവ്വീസ് ടു ചിൽഡ്രൻ*

കുട്ടികളുടെ ക്ഷേമത്തിനുവേണ്ടി 10 വർഷത്തിലധികമായി പ്രവർത്തിക്കുന്ന 3 വ്യക്തികൾക്കാണ് ദേശീയതലത്തിലുള്ള ഈ പുരസ്കാരം നൽകിവരുന്നത്. അപേക്ഷകർ ഏതെങ്കിലും സ്ഥാപനത്തിൽ നിന്നും പ്രതിഫലം പറ്റുന്നവരായിരിക്കരുത്. വിജ്ഞാപനം വരുന്നമുറയ്ക്ക് നിർദ്ദിഷ്ട ഫോറത്തിൽ ഇംഗ്ലീഷിൽ പൂരിപ്പിച്ച അപേക്ഷകൾ അതാത് ജില്ല സാമൂഹ്യ നീതി ഓഫീസിലാണ് സമർപ്പിക്കേണ്ടത്. പ്രസ്തുത അവാർഡ് സംബന്ധിച്ച വിവരങ്ങൾ സാമൂഹ്യ നീതി വകുപ്പിന്റെ വെബ്സൈറ്റിൽ ലഭ്യമാണ്.

*സ്ത്രീശക്തി പുരസ്ക്കാർ*

സാമൂഹ്യരംഗത്ത് വനിതകൾ നേടിയ വ്യക്തിഗത നേട്ടങ്ങൾക്കാണ് ദേശീയ തലത്തിലുള്ള ഈ അവാർഡ് നൽകുന്നത്. ഇതേ വിഭാഗത്തിലെ റാണി രുദ്രമാദേവിയുടെ പേരിലുള്ള പുരസ്ക്കാരം, ഭരണ,സംഘാടനപാടവമുള്ള സ്ത്രീകൾക്കും പുരുഷന്മാർക്കും നൽകുന്നു. നിർദ്ദിഷ്ട ഫോറത്തിലുള്ള അപേക്ഷകൾ ഇംഗ്ലീഷിൽ പൂരിപ്പിച്ച് അതാതു ജില്ലാ സാമൂഹ്യ നീതി ഓഫീസർക്ക് സമർപ്പിക്കേണ്ടതാണ്. 3 ലക്ഷം രൂപയും സൈറ്റേഷനുമാണ് അവാർഡ്. പദ്ധതി സംബന്ധിച്ച വിവരങ്ങൾ സാമൂഹ്യ നീതി വകുപ്പിന്റെ വെബ്സൈറ്റിൽ ലഭ്യമാണ്. ഓരോ വർഷവും അവാർഡ് സംബന്ധിച്ച് വിജ്ഞാപനം നടത്തുന്നതായിരിക്കും.

*വയോശ്രേഷ്ഠ സമ്മാൻ*

വയോജനക്ഷേമ രംഗത്ത് സ്തുത്യർഹമായ സേവനം അനുഷ്ഠിച്ചിട്ടുള്ള വയോജനങ്ങളായ വ്യക്തികൾക്കും വയോജനങ്ങളുടെ വിവിധ പ്രശ്നങ്ങളിൽ ഇടപ്പെട്ട് ക്ഷേമപ്രവർത്തനങ്ങൾ നടത്തുന്ന സംഘടന, പഞ്ചായത്ത് എന്നിവർക്കും വയോശ്രേഷ്ഠ സമ്മാൻ ദേശീയ തലത്തിൽ നൽകിവരുന്നു. 10 അവാർഡാണ് ഈ വിഭാഗത്തിലുള്ളത്. വാർദ്ധക്യകാല പ്രശ്നങ്ങളെക്കുറിച്ച് പഠിക്കുകയും, ജനങ്ങളിലെത്തിക്കുകയും ചെയ്യുന്ന സ്ഥാപനങ്ങൾക്ക് ഇൻസ്റ്റിറ്റ്യൂഷൻ അവാർഡ് ഫോർ നോളഡ്ജ്, വയോജന ക്ഷേമ രംഗത്ത് സ്ത്യുത്യർഹമായ സേവനം അനുഷ്ഠിക്കുന്ന സംഘടനകൾക്ക് ഇൻസ്റ്റിറ്റ്യൂഷൻ അവാർഡ് ഫോർ സർവ്വീസ്, 90 വയസ്സിനുമുകളിൽ സാമൂഹ്യ സേവനം തുടരുന്നവർക്ക് സെന്റനേറിയൻ അവാർഡ്, മക്കളെ ലക്ഷ്യപ്രാപ്തിയിലെത്തിച്ച അമ്മമാർക്ക് ബെസ്റ്റ് മദർ അവാർഡ്, അസാമാന്യമായ ധീരത പ്രകടിപ്പിച്ച വയോജനങ്ങൾക്ക് ധീരതയ്ക്കുള്ള കറേജ് ആന്റ് ബ്രേവറി അവാർഡ്, വാർദ്ധക്യസംബന്ധ മേഖലയിൽ സംഭാവനകൾ നൽകിയ വയോജനങ്ങൾക്ക് ലൈഫ് ടൈം അച്ചീവ്മെന്റ് അവാർഡ്, കലാരംഗത്ത് പ്രവർത്തിച്ച ദേശീയ അന്തർദേശീയ പുരസ്കാരങ്ങൾ ലഭിച്ച വയോജനങ്ങൾക്ക് ക്രീയേറ്റീവ് ആർട്ട് അവാർഡ്, വയോജനക്ഷേമ രംഗത്ത് പ്രവർത്തിക്കുന്ന പഞ്ചായത്തുകൾക്ക് ബെസ്റ്റ് പഞ്ചായത്ത് അവാർഡ്, സ്പോർട്സ് മേഖലയിൽ പ്രവർത്തിക്കുന്ന വയോജനങ്ങൾക്ക് സ്പോർട്സ് പേഴ്സൺ അവാർഡ്, തൊഴിൽ രംഗത്ത് സാമ്പത്തിക പുരോഗതി ലക്ഷ്യം വച്ച് വ്യാവസായിക ഉന്നമനത്തിനായി ശ്രമിക്കുന്ന വയോജനങ്ങൾക്ക് എക്കണോമിക്ക് ലീഡർഷിപ്പ് അവാർഡ് എന്നിങ്ങനെ 10 അവാർഡുകൾ ഈ വിഭാഗത്തിൽ ഓരോ വർഷവും നൽകുന്നുണ്ട്. കേന്ദ്ര ഗവൺമെന്റ് മുഖാന്തിരം പുറപ്പെടുവിക്കുന്ന വിജ്ഞാപന പ്രകാരം അപേക്ഷകൾ ജില്ലാ സാമൂഹ്യനീതി ഓഫീസിലേയ്ക്ക് അയയ്ക്കേണ്ടതാണ്.

*സംസ്ഥാന വികലാംഗ അവാർഡ്*

കേന്ദ്ര/സംസ്ഥാന ഗവൺമെന്റ് സ്ഥാപനങ്ങളിലും പൊതു മേഖലാ സ്ഥാപനങ്ങളിലും സ്വകാര്യ സ്ഥാപനങ്ങളിലും ജോലി ചെയ്യുന്ന വികലാംഗരായ ഉദ്യോഗസ്ഥർക്ക് മികച്ച വികലാംഗ ജീവനക്കാർക്കുള്ള അവാർഡിനായി അപേക്ഷിക്കാം. അസ്ഥി സംബന്ധമായ വൈകല്യം, അന്ധത, ബധിരത, ബുദ്ധിവൈകല്യം എന്നീ രംഗത്ത് പ്രവർത്തിച്ചുവരുന്ന വികലാംഗക്ഷേമ സ്ഥാപനങ്ങൾക്കും സംസ്ഥാന അവാർഡിന് അപേക്ഷിക്കാം. 2 ശതമാനത്തിൽ കുറയാതെ വികലാംഗ ജീവനക്കാരുള്ള സ്ഥാപനങ്ങൾക്ക് മികച്ച തൊഴിൽദായകർക്കുള്ള സംസ്ഥാന അവാർഡിനായി അപേക്ഷിക്കാം. നിർദ്ദിഷ്ട അപേക്ഷാഫാറം പൂരിപ്പിച്ച് അതാത് ജില്ലാ സാമൂഹ്യ നീതി ഓഫീസർമാർക്ക് സമർപ്പിക്കേണ്ടതാണ്. അവാർഡിനുള്ള അപേക്ഷാഫാറം അതാതു ജില്ലാ സാമൂഹ്യ നീതി ഓഫീസിൽ നിന്ന് ലഭ്യമാണ്. അപേക്ഷ ഫോമിനൊപ്പം (ജീവനക്കാർക്കുള്ള അവാർഡിനായി അപേക്ഷിക്കുന്നവർ) ജോലി ചെയ്യുന്ന സ്ഥാപനമേധാവിയുടെ ശുപാർശ കത്ത്, വൈകല്യം തെളിയിക്കുന്ന മെഡിക്കൽ സർട്ടിഫിക്കറ്റ്, വൈകല്യം ബോദ്ധ്യപ്പെടുന്ന ഫോട്ടോ എന്നിവ സമർപ്പിക്കേണ്ടതാണ്.

*ദേശീയ വികലാംഗ അവാർഡ്*

കാഴ്ചക്കുറവ്, കേൾവി കുറവ്, അസ്ഥിസംബന്ധമായ വൈകല്യം, സെറിബ്രൽ പാൾസി, ബുദ്ധിമാന്ദ്യം, അന്ധത, മെന്റൽ ഇൽനെസ്സ്, ഓട്ടിസം, മൾട്ടിപ്പിൾ ഡിസബിലിറ്റി, ലെപ്രസി ക്യൂവേർഡ് എന്നീ വൈകല്യമുള്ള സർക്കാർ/സ്വകാര്യ/പൊതുമേഖലയിൽ ജോലി ചെയ്യുന്നവർക്കും സ്വയം തൊഴിൽ കണ്ടെത്തുന്നവർക്കുമായിട്ടാണ് ഈ അവാർഡ് നൽകുന്നത്. വൈകല്യമുള്ളവർക്ക് ജോലി നൽകുന്ന സ്ഥാപനങ്ങൾക്കും, പ്ലേസ്മെന്റ് ഓഫീസേഴ്സ്/ഏജൻസി, വികലാംഗർക്കുവേണ്ടി പ്രവർത്തിക്കുന്ന മികച്ച വ്യക്തികൾക്കും മികച്ച ക്ഷേമസ്ഥാപനങ്ങൾക്കും, വികലാംഗരായ വ്യക്തികളുടെ പുരോഗമനത്തിനായുള്ള റിസർച്ചിനും, വികലാംഗരുടെ ഉന്നമനത്തിന് പ്രവർത്തിക്കുന്ന മികച്ച ജില്ലകൾക്കും, മികച്ച ലോക്കൽ ലെവൽ കമ്മിറ്റികൾക്കും മികച്ച ചാനലൈസിംഗ് ഏജൻസിയ്ക്കും, വ്യക്തിപരമായ നേട്ടങ്ങൾ കൈവരിച്ച വികലാംഗ കുട്ടികൾക്കും മുതിർന്നവർക്കും അവാർഡുകൾ നൽകിവരുന്നു. കേന്ദ്ര സർക്കാർ വകുപ്പായ മിനിസ്ട്രി ഓഫ് സോഷ്യൽ ജസ്റ്റിസ് ആന്റ് എംപവർമെന്റ് ഓരോ വർഷവും അപേക്ഷ ക്ഷണിച്ചുകൊണ്ടുള്ള വിജ്ഞാപനം പുറപ്പെടുവിക്കുന്നമുറയ്ക്ക് ജില്ലാ സാമൂഹ്യനീതി ഓഫീസിൽ നിന്ന് ലഭിക്കുന്ന അപേക്ഷാഫാറം പൂരിപ്പിച്ച് അതാത് ജില്ലാ സാമൂഹ്യനീതി ഓഫീസർമാർക്ക് സമർപ്പിക്കേണ്ടതാണ്.

## <u>നാഷണൽ ചൈൽഡ് അവാർഡ് ഫോർ എക്സ്പഷണൽ അച്ചീവ്മെന്റ്</u>

വിദ്യാഭ്യാസം, കല, കായികം, സാഹിത്യം തുടങ്ങി വിവിധ രംഗങ്ങളിൽ വ്യക്തിമുദ്ര പതിപ്പിച്ചിട്ടുള്ള 4 നും 15 നും ഇടയിൽ പ്രായമുള്ള കുട്ടികൾക്കാണ് ഈ ദേശീയ അവാർഡ് നൽകുന്നത്. ഇംഗ്ലീഷിൽ പൂരിപ്പിച്ച അപേക്ഷ, വിശദമായ ബയോഡാറ്റ, പ്രാഗത്ഭ്യം തെളിയിക്കുന്നതിനുള്ള വിശദമായ രേഖകൾ എന്നിവ സഹിതം വിജ്ഞാപനപ്രകാരം അതാതു ജില്ലാ സാമൂഹ്യനീതി ഓഫീസർക്ക് സമർപ്പിക്കേണ്ടതാണ്.

## നിർഭയ പദ്ധതി

സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള ലൈംഗിക അതിക്രമങ്ങൾ തടയുന്നതിനുള്ള കേരള സർക്കാരിന്റെ നൂതന പദ്ധതിയാണ് നിർഭയ എന്ന പേരിൽ അറിയപ്പെടുന്നത്. ഇതിനായി ഒരു നയം, ജി.ഒ(എം.എസ്) 17/2012 പ്രകാരം സർക്കാർ അംഗീകരിക്കുകയുണ്ടായി. ഈ നയം ബാലപീഡനം, ലൈംഗിക അതിക്രമം, വേശ്യാവൃത്തിക്കുവേണ്ടിയുള്ള പെൺവാണിഭം ഇവയ്ക്കെതിരെയുള്ള ശക്തമായ പ്രവർത്തനങ്ങൾക്കാണ് മുൻതൂക്കം നൽകുന്നത്. സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള ലൈംഗികാതിക്രമങ്ങൾ തടയുന്നതിനും 4 പ്രധാന മേഖലയിൽ ഉള്ള ഇടപെടൽ നടത്താനാണ് പദ്ധതി ലക്ഷ്യമിടുന്നത്. പ്രതിരോധം, സംരക്ഷണം, നിയമനടത്തിപ്പ്, പുനരധിവാസവും പുനരേകീകരണവും എന്നിവയാണ് പ്രസ്തുത മേഖലകൾ.

ഈ പദ്ധതിയുടെ നടത്തിപ്പിനായി ബഹു. മുഖ്യമന്ത്രി ചെയർമാനായി ഒരു സംസ്ഥാനതല സമിതിയും, ബഹു.സാമൂഹ്യ നീതി വകുപ്പ്മന്ത്രി ചെയർമാനായി ഒരു എക്സിക്യൂട്ടീവ് കമ്മിറ്റിയും പ്രവർത്തിക്കുന്നു. ജില്ലാതലത്തിൽ ജില്ലാപഞ്ചായത്ത് പ്രസിഡന്റ് ചെയർമാനായി ജില്ലാതല നിർഭയ കമ്മിറ്റിയും, പ്രാദേശികതലത്തിൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്/ മുൻസിപ്പൽ ചെയർമാൻ/ മേയർ ചെയർമാനായി ജാഗ്രതാ സമിതികളും പ്രവർത്തിക്കുന്നു. നിർഭയ പദ്ധതിയുടെ നയപരമായ പരിപാടി നടത്തിപ്പുകൾക്കായി സാമൂഹ്യനീതി ഡയറക്ടറേറ്റിൽ ഒരു നിർഭയസെല്ലും പ്രവർത്തിക്കുന്നു.

ഫോൺ : 0471-2343466
email-genderadvisorkerala@gmail.com

# കേരള സാമൂഹ്യ സുരക്ഷാ മിഷൻ

സമൂഹത്തിൽ അവശത അനുഭവിക്കുന്ന ജനവിഭാഗങ്ങളുടെ ക്ഷേമത്തിനു വേണ്ടിയുള്ള പദ്ധതികൾ ആവിഷ്കരിച്ച് സമയബന്ധിതമായി നടപ്പാക്കുന്നതിന് സാമൂഹ്യ നീതി വകുപ്പാണ് കേരള സാമൂഹ്യ സുരക്ഷാ മിഷന് രൂപം നൽകിയത്. 2009-ൽ കേരള സാമൂഹ്യ സുരക്ഷാ മിഷൻ പ്രവർത്തനമാരംഭിച്ചു.

നിരാശ്രയരും നിരാലംബരുമായ അഗതികൾ, വൃദ്ധർ, സ്ത്രീകൾ, കുട്ടികൾ, വികലാംഗർ രോഗബാധിതരായവർ തുടങ്ങി അവശതയനുഭവിക്കുന്ന എല്ലാ ജനവിഭാഗങ്ങളുടെയും ക്ഷേമവും സുരക്ഷയും ഉറപ്പു വരുത്തുകയാണ് സാമൂഹ്യ സുരക്ഷാ മിഷന്റെ പരമമായ ലക്ഷ്യം.

സാമൂഹ്യ നീതി വകുപ്പിന്റെ പ്രവർത്തനങ്ങൾക്ക് പുതിയ മാനങ്ങൾ നൽകി ബൃഹത്തും നൂതനവുമായ പദ്ധതികൾ ജനങ്ങളിലേക്കെത്തിച്ച് വകുപ്പിന്റെ പ്രവർത്തനങ്ങൾക്ക് ശക്തി പകരുകയും ഗ്രാമതലങ്ങളിലേയ്ക്ക് പദ്ധതിയുടെ പ്രയോജനം എത്തിക്കുന്നതിനായി പ്രവർത്തിക്കുകയും ചെയ്യുന്നു. വിവിധങ്ങളായ സാമൂഹ്യപ്രശ്നങ്ങളെക്കുറിച്ചുള്ള ഗവേഷണങ്ങൾ, വികസനം, ആരോഗ്യം, സാങ്കേതികവിദ്യ, പരിസ്ഥിതി തുടങ്ങിയ വിവിധ മേഖലകളിൽ നടക്കുന്ന പഠന പരിപാടികളുടെ ഡോക്യുമെന്റേഷൻ എന്നിവയും സോഷ്യൽ സെക്യൂരിറ്റി മിഷന്റെ ലക്ഷ്യങ്ങളാണ്. മിഷന്റെ ആസ്ഥാന ആഫീസ് തിരുവനന്തപുരത്ത് പൂജപ്പുരയിലാണ്.

പൂജപ്പുര, തിരുവനന്തപുരം-695012, കേരള
ഫോൺ : 0471-2348135, 2341200
ഇ-മെയിൽ : socialsecuritymission@gmail.com
വെബ്സൈറ്റ് : www.socialsecuritymission.gov.in

കോഴിക്കോട് സിവിൽ സ്റ്റേഷനിൽ റീജിയണൽ ഓഫീസ് 2012 ഏപ്രിൽ മുതൽ പ്രവർത്തിച്ചുവരുന്നു.

കേരള സാമൂഹ്യ സുരക്ഷാ മിഷൻ,
റീജിയണൽ ഓഫീസ്, സിവിൽസ്റ്റേഷൻ,കോഴിക്കോട്
ഫോൺ : 0495-2370302
ഇ-മെയിൽ : kssmkkd@gmail.com

## കേരള സാമൂഹ്യ സുരക്ഷാ മിഷൻ നടപ്പിലാക്കുന്ന പദ്ധതികൾ:

### I. *ആശ്വാസകിരണം പദ്ധതി :*

ഒരു മുഴുവൻസമയ പരിചാരകന്റെ സേവനം ആവശ്യമുള്ള വിധം കിടപ്പിലായ രോഗികളെയും, മാനസിക, ശാരീരിക വെല്ലുവിളി നേരിടുന്നവരെയും, ഗുരുതര രോഗങ്ങളുള്ളവരെയും പരിചരിക്കുന്നവർക്ക് നൽകുന്ന പ്രതിമാസ ധനസഹായ പദ്ധതിയാണ് "ആശ്വാസകിരണം". പ്രതിമാസം 525/- രൂപ നിരക്കിൽ ധനസഹായം നൽകി വരുന്നു.

***മാനദണ്ഡങ്ങൾ :***

1. കുടുംബ വാർഷിക വരുമാനം മുനിസിപ്പൽ, കോർപ്പറേഷൻ ഏര്യയയിൽ 22,375/- രൂപയും, പഞ്ചായത്തുകളിൽ 20,000/- രൂപയും വരെ.
2. മുഴുവൻ സമയ പരിചാരകന്റെ സേവനം ആവശ്യമുള്ള ശാരീരിക മാനസിക വൈകല്യമുള്ളവർ ക്യാൻസർ രോഗികൾ, 100% അന്ധർ, പ്രായാധിക്യംകൊണ്ടും മറ്റുപല രോഗങ്ങളാൽ കിടപ്പിലായവരും ഈ പദ്ധതിയുടെ പരിധിയിൽ വരുന്നതാണ്.
3. മാനസിക രോഗികൾ, ഓട്ടിസം, സെറിബ്രൽപാൾസി, ബുദ്ധിമാന്ദ്യം ഇവ ബാധിച്ചവരെ പരിചരിക്കുന്നവർക്ക് വരുമാന പരിധി ബാധകമല്ല.
4. കുടുംബവരുമാനം തെളിയിക്കുന്നതിന് ബി.പി.എൽ റേഷൻകാർഡ്/വില്ലേജ് ആഫീസറിൽ നിന്നുള്ള വരുമാന സർട്ടിഫിക്കറ്റ് എന്നിവയുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഹാജരാക്കണം.
5. അപേക്ഷയോടൊപ്പം നിർദ്ദിഷ്ട മാതൃകയിൽ സർക്കാർ ഡോക്ടർ നൽകുന്ന മെഡിക്കൽ സർട്ടിഫിക്കറ്റ്.
6. വിധവ, വാർദ്ധക്യ, കർഷകത്തൊഴിലാളി, മറ്റു ക്ഷേമപെൻഷനുകൾ ലഭിക്കുന്നവർക്കും ആശ്വാസകിരണം ആനുകൂല്യം ലഭ്യമാകുന്നതാണ്.
7. അപേക്ഷകൾ സാമൂഹ്യനീതി വകുപ്പിലെ സി.ഡി.പി.ഒ, ഐ.സി.ഡി.എസ് സൂപ്പർവൈസർമാർ, അംഗൻവാടി വർക്കർമാർ എന്നിവരിൽ നിന്നും, സാമൂഹ്യ സുരക്ഷാ മിഷന്റെ വെബ്സൈറ്റ്/ഓഫീസിൽ നിന്നും ലഭ്യമാണ്. പൂരിപ്പിച്ച അപേക്ഷകൾ സമീപമുള്ള അംഗൻവാടികളിലോ ശിശുവികസന ഓഫീസിലോ നൽകാവുന്നതാണ്.

### II. *ക്യാൻസർ സുരക്ഷ :*

18 വയസ്സിന് താഴെയുള്ള ക്യാൻസർ ബാധിതരായ കുട്ടികൾക്ക് സൗജന്യ ചികിത്സ നൽകുന്ന പദ്ധതി. നീണ്ടകാലം ചെലവേറിയ ചികിത്സ വേണ്ടി വരുന്നവർക്ക് ചികിത്സാ ചെലവ് പരിമിതപ്പെടുത്തിയിട്ടില്ല.

***<u>സൗജന്യ ചികിത്സ ലഭിക്കുന്ന ആശുപത്രികൾ :</u>***

1. ഗവ: മെഡിക്കൽ കോളേജ്, തിരുവനന്തപുരം
2. ഗവ: മെഡിക്കൽ കോളേജ്, തൃശ്ശൂർ
3. ഗവ: മെഡിക്കൽ കോളേജ്, ആലപ്പുഴ
4. ഗവ: മെഡിക്കൽ കോളേജ്, കോഴിക്കോട്
5. ഗവ: മെഡിക്കൽ കോളേജ്, കോട്ടയം
6. ഐ എം സി എച്ച്, മെഡിക്കൽ കോളേജ്, കോഴിക്കോട്
7. ഐ. സി. എച്ച്, മെഡിക്കൽകോളേജ്, കോട്ടയം
8. കോ-ഓപ്പറേറ്റീവ് മെഡിക്കൽ കോളേജ്, കണ്ണൂർ
9. റീജിയണൽ ക്യാൻസർ സെന്റർ, തിരുവനന്തപുരം
10. ജനറൽ ആശുപത്രി, എറണാകുളം
11. മലബാർ ക്യാൻസർ സെന്റർ, കണ്ണൂർ

പ്രത്യേക അപേക്ഷാഫോറം ആവശ്യമില്ല അതാത് ആശുപത്രികളിൽ നിയോഗിച്ചിട്ടുള്ള സുരക്ഷാ മിഷന്റെ കൗൺസലർമാർ നടത്തുന്ന സാമ്പത്തിക, സാമൂഹ്യ വിശകലനത്തിന്റെ അടിസ്ഥാനത്തിൽ ചികിത്സാ ചെലവുകൾ വഹിക്കാൻ കഴിയാത്ത കുടുംബങ്ങളിലെ കുട്ടികൾക്ക് എ.പി.എൽ , ബി.പി.എൽ വ്യത്യാസമില്ലാതെ പദ്ധതിയുടെ പ്രയോജനം ലഭ്യമാകും.

## III. ***<u>താലോലം :</u>***

18 വയസ്സിന് താഴെ പ്രായമുള്ള കുട്ടികൾക്കുണ്ടാകുന്ന ഹൃദയ സംബന്ധമായ രോഗങ്ങൾ, നാഡീരോഗങ്ങൾ, സെറിബ്രൽപാൾസി, ഓട്ടിസം, അസ്ഥി വൈകല്യങ്ങൾ, എൻഡോസൾഫാൻ രോഗബാധിതരുടെ രോഗങ്ങൾ, ഡയാലിസിസ്, ശസ്ത്രക്രിയ അടക്കമുള്ള ചികിത്സാചെലവ് വഹിക്കുന്നു. കൂടുതൽ വിദഗ്ധ ചികിത്സ ആവശ്യമായവർക്കും ചികിത്സാചെലവിന് പരിധി ഏർപ്പെടുത്തിയിട്ടില്ല.

***<u>സൗജന്യ ചികിത്സ ലഭിക്കുന്ന ആശുപത്രികൾ :</u>***

1. ഗവ: മെഡിക്കൽ കോളേജ്, തിരുവനന്തപുരം
2. ഗവ: മെഡിക്കൽ കോളേജ്, തൃശ്ശൂർ
3. ഗവ: മെഡിക്കൽ കോളേജ്, ആലപ്പുഴ
4. എസ്. എ. ടി ഹോസ്പിറ്റൽ, തിരുവനന്തപുരം
5. ഗവ: മെഡിക്കൽ കോളേജ്, കോട്ടയം
6. ഐ.എം. സി. എച്ച്, മെഡിക്കൽ കോളേജ്, കോഴിക്കോട്
7. ഐ. സി. എച്ച്, മെഡിക്കൽ കോളേജ്, കോട്ടയം
8. കോ-ഓപ്പറേറ്റീവ് മെഡിക്കൽ കോളേജ്, കണ്ണൂർ
9. റീജിയണൽ ക്യാൻസർ സെന്റർ, തിരുവനന്തപുരം
10. ജില്ലാ ആശുപത്രി, എറണാകുളം
11. ശ്രീ ചിത്തിര തിരുനാൾ ആശുപത്രി, തിരുവനന്തപുരം
12. കോ-ഓപ്പറേറ്റീവ് മെഡിക്കൽ കോളേജ്, കൊച്ചി
13. ചെസ്റ്റ് ഹോസ്പിറ്റൽ, തൃശ്ശൂർ
14. ജനറൽ ഹോസ്പിറ്റൽ, കാസർഗോഡ്

പ്രത്യേക അപേക്ഷ ആവശ്യമില്ല. അതാത് ആശുപത്രികളിൽ നിയോഗിച്ചിട്ടുള്ള സുരക്ഷ മിഷന്റെ കൗൺസലർമാർ നടത്തുന്ന സാമ്പത്തിക, സാമൂഹ്യ വിശകലനത്തിന്റെ അടിസ്ഥാനത്തിൽ ചികിത്സാ ചെലവുകൾ വഹിക്കാൻ കഴിയാത്ത കുടുംബങ്ങളിലെ കുട്ടികൾക്ക് എ.പി.എൽ, ബി.പി.എൽ വ്യത്യാസമില്ലാതെ പദ്ധതിയുടെ പ്രയോജനം ലഭ്യമാകും.

## ***<u>താലോലം/ക്യാൻസർ സുരക്ഷ കൗൺസിലർമാർ :</u>***

| ആശുപത്രിയുടെ പേര് | കൗൺസിലറുടെ പേര് | ഫോൺ നമ്പർ |
|---|---|---|
| എസ്.സി.റ്റി.ഐ.എം.എസ്.റ്റി. തിരുവനന്തപുരം | ശ്രീമതി. റോസമ്മ മനുവേൽ | 9446848142 |
| റീജിയണൽ ക്യാൻസർ സെന്റർ, തിരുവനന്തപുരം | ശ്രീമതി. രജിതകുമാരി<br>ശ്രീ. ശ്രീനാഥ് | 9645205425 |
| എസ്.എ.റ്റി. ഹോസ്പിറ്റൽ തിരുവനന്തപുരം | ശ്രീമതി. ജിജില | 9645205440 |
| ഗവ.മെഡിക്കൽ കോളേജ് ഹോസ്പിറ്റൽ, തിരുവനന്തപുരം | ശ്രീമതി .സജിന | 9645205426 |
| ഗവ.മെഡിക്കൽകോളേജ് ഹോസ്പിറ്റൽ, കോട്ടയം & ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ചൈൽഡ് ഹെൽത്ത് കോട്ടയം | ശ്രീമതി .വിനിത | 9645205430 |
| ഗവ.മെഡിക്കൽ കോളേജ് ഹോസ്പിറ്റൽ, ആലപ്പുഴ | ശ്രീ.നസിയ അബ്ദുൾ സതാർ | 9645205436 |
| ഗവ.മെഡിക്കൽ കോളേജ് ഹോസ്പിറ്റൽ, തൃശ്ശൂർ | ശ്രീമതി. അമ്പിളി | 9645205427 |
| ഗവ.ചെസ്റ്റ് ഹോസ്പിറ്റൽ, തൃശ്ശൂർ | കുമാരി. നീതു വർഗ്ഗീസ് | 9645205439 |
| ഗവ.മെഡിക്കൽ കോളേജ് ഹോസ്പിറ്റൽ, കോഴിക്കോട് | ശ്രീമതി. അനു | 9645205429 |
| ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെറ്റേണൽ & ചൈൽഡ് ഹെൽത്ത്, കോഴിക്കോട് | കുമാരി. കവിത | 9645205428 |
| കോ ഓപ്പറേറ്റീവ് മെഡിക്കൽ കോളേജ് പരിയാരം, കണ്ണൂർ | കുമാരി .സോണിയ | 9645205438 |
| മലബാർ ക്യാൻസർ സെന്റർ, കണ്ണൂർ | ശ്രീമതി. അമൃതാ റാണി | 9645205437 |

## IV. ***ശ്രുതിതരംഗം - കോക്ലിയാർ ഇംപ്ലാന്റേഷൻ പദ്ധതി :***

0–5 വയസ്സുവരെ പ്രായമുള്ള ശ്രവണവൈകല്യമുള്ള കുട്ടികൾക്ക് കോക്ലിയാർ ഇംപ്ലാന്റേഷൻ സർജറിയിലൂടെ കേൾവിശക്തി ലഭിക്കുമെന്ന് ബന്ധപ്പെട്ട ഡോക്ടർ സാക്ഷ്യപ്പെടുത്തുന്ന കുഞ്ഞുങ്ങൾക്ക് കോക്ലിയാർ ഇംപ്ലാന്റേഷൻ സർജറിയിലൂടെ കേൾവിയും, തുടർച്ചയായ ആഡിയോ വെർബൽ ഹബിലിറ്റേഷനിലൂടെ സംസാരശേഷിയും ലഭ്യമാക്കുന്ന പദ്ധതി. ഒരു ഗുണഭോക്താവിന് അഞ്ചര ലക്ഷം രൂപ വരെ ചെലവ് ചെയ്ത് നടപ്പാക്കുന്ന ഈ പദ്ധതി പൂർണ്ണമായും സൗജന്യമാണ്. പ്രതിവർഷം രണ്ട് ലക്ഷം രൂപ വരെ കുടുംബ വരുമാനമുള്ള കുട്ടികൾക്ക് ഈ പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നതാണ്. പദ്ധതി നടപ്പാക്കുന്നതിന് എംപാനൽ ചെയ്യപ്പെട്ട ആശുപത്രികളിൽ സൗകര്യപ്രദമായവ ഗുണഭോക്താവിന് തെരഞ്ഞെടുക്കാവുന്നതാണ്. സ്വകാര്യ ആശുപത്രി തെരഞ്ഞെടുക്കുന്നവർ സർജറി ചാർജ് സ്വന്തമായി വഹിക്കേണ്ടതാണ്.

***സൗജന്യ ചികിത്സ ലഭിക്കുന്ന ആശുപത്രികൾ***

1. ഗവ: മെഡിക്കൽ കോളേജ്, തിരുവനന്തപുരം
2. സാന്ത്വനം ഹോസ്പിറ്റൽ, തിരുവനന്തപുരം
3. കിംസ് ഹോസ്പിറ്റൽ, തിരുവനന്തപുരം
4. ഗവ: മെഡിക്കൽ കോളേജ്, കോഴിക്കോട്
5. മിംമ്സ് ഹോസ്പിറ്റൽ, കോഴിക്കോട്
6. ഡോ: മനോജ് ഇ. എൻ. ടി ഹോസ്പിറ്റൽ, കോഴിക്കോട്
7. ഡോ: നൗഷാദ് ഇ .എൻ .ടി ഹോസ്പിറ്റൽ, എറണാകുളം
8. മെഡിക്കൽ ട്രസ്റ്റ് ഹോസ്പിറ്റൽ, കൊച്ചി
9. വെസ്റ്റ് ഫോർട്ട് ഹോസ്പിറ്റൽ, തൃശ്ശൂർ
10. അൽഷിഫാ ഹോസ്പിറ്റൽ, പെരിന്തൽമണ്ണ

അംഗീകൃത ആശുപത്രികളിലെ ഡോക്ടർമാരും സാങ്കേതിക വിദഗ്ദരും അപേക്ഷയോടൊപ്പമുള്ള സർട്ടിഫിക്കറ്റുകൾ സാക്ഷ്യപ്പെടുത്തിയിരിക്കണം. അപേക്ഷഫോറം സാമൂഹ്യ സുരക്ഷാ മിഷൻ വെബ്സൈറ്റിലും, ശ്രുതിതരംഗം പദ്ധതിയുടെ വെബ്സൈറ്റിലും, സുരക്ഷാ മിഷന്റെ ഓഫീസിലും ലഭ്യമാണ്.

## V. ***സ്നേഹപൂർവ്വം പദ്ധതി :***

മാതാപിതാക്കളിൽ ഒരാൾ മരിച്ചുപോവുകയും ജീവിച്ചിരിക്കുന്നയാൾക്ക് സാമ്പത്തിക പരാധീനതയാൽ കുട്ടികളെ സംരക്ഷിക്കാൻ കഴിയാത്ത അവസ്ഥയിൽ ഇത്തരം കുട്ടികളെ സ്വഭവനങ്ങളിൽ/ബന്ധുഭവനങ്ങളിൽ താമസിപ്പിച്ച് വിദ്യാഭ്യാസം നൽകി സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടു വരുന്നതിനുള്ള പ്രതിമാസ ധനസഹായ പദ്ധതിയാണിത്.

***മാനദണ്ഡങ്ങൾ :***

നഗര പ്രദേശങ്ങളിൽ 22,375/- രൂപയും ഗ്രാമ പ്രദേശങ്ങളിൽ 20,000/- രൂപയും വരെ വാർഷിക വരുമാനമുള്ള കുടുംബങ്ങളിലെ സർക്കാർ/എയ്ഡഡ് സ്ഥാപനങ്ങളിൽ

ഡിഗ്രി/പ്രൊഫഷണൽ ക്ലാസ്സുകൾ വരെ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ചുവടെ പറയുന്ന നിരക്കിൽ പ്രതിമാസ ധനസഹായം അനുവദിയ്ക്കുന്നു.

| | | |
|---|---|---|
| 1 മുതൽ 5–ാം ക്ലാസ്സുവരെ | – | 300/– രൂപ |
| 6 മുതൽ 10–ാംക്ലാസ്സുവരെ | – | 500/– രൂപ |
| +1, +2 ക്ലാസ്സുവരെ | – | 750/– രൂപ |
| ഡിഗ്രി/ പ്രൊഫഷണൽ | – | 1000/– രൂപ |

1. മാതാവിന്റെയോ പിതാവിന്റെയോ മരണ സർട്ടിഫിക്കറ്റ്.
2. ബി.പി.എൽ സർട്ടിഫിക്കറ്റ്/ ബി.പി.എൽ റേഷൻകാർഡിന്റെ കോപ്പി/ വില്ലേജ് ആഫീസറിൽ നിന്നുളള വരുമാന സർട്ടിഫിക്കറ്റ്.
3. 5 വയസ്സിന് താഴെയുള്ള കുട്ടിയാണെങ്കിൽ ജില്ലാ ചൈൽഡ് വെൽഫെയർ കമ്മിറ്റിയുടെ സർട്ടിഫിക്കറ്റ്.
4. വിദ്യാർത്ഥി പഠിക്കുന്ന സ്കൂൾ/കോളേജ് മേധാവിയുടെ സർട്ടിഫിക്കറ്റ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധിയുടെ സർട്ടിഫിക്കറ്റ്.
5. നിലവിലുള്ള രക്ഷാകർത്താവിന്റെയും കുട്ടിയുടെയും പേരിൽ നാഷണലൈസ്ഡ് ബാങ്കിൽ അക്കൗണ്ട് തുടങ്ങി പാസ്സ് ബുക്കിന്റെ പകർപ്പ്.
6. അപേക്ഷാഫോറം,പഞ്ചായത്താഫീസുകൾ,കോർപ്പറേഷൻ/മുനിസിപ്പൽ ഓഫീസുകൾ/ സ്കൂളുകൾ, അംഗൻവാടിവർക്കർമാർ എന്നിവിടങ്ങളിൽ നിന്നും, സാമൂഹ്യ സുരക്ഷാ മിഷന്റെ വെബ്സൈറ്റ്/ഓഫീസിൽ നിന്നും ലഭ്യമാണ്. അപേക്ഷ മുഴുവൻ രേഖകൾ സഹിതം കേരള സാമൂഹ്യ സുരക്ഷാ മിഷൻ ആഫീസിലേയ്ക്ക് അയയ്ക്കേണ്ടതാണ്

## VI. *സ്നേഹസ്പർശം :*

ചൂഷണത്തിന് വിധേയരായി അവിവാഹിത അവസ്ഥയിൽ അമ്മമാരാകുന്ന അഗതികൾക്ക് പ്രതിമാസ ധനസഹായം നൽകി പുനരധിവസിപ്പിക്കുക എന്ന ലക്ഷ്യത്തോടുകൂടി ആവിഷ്ക്കരിച്ചിട്ടുള്ള പദ്ധതിയാണിത്. പ്രതിമാസം 1000/– രൂപ നിരക്കിൽ ധനസഹായം അനുവദിക്കുന്നു.

### *മാനദണ്ഡങ്ങൾ :*

1. അവിവാഹിതാവസ്ഥയിൽ പലവിധ ചൂഷണങ്ങളിലൂടെ അമ്മമാരായവരും, നിലവിൽ കുട്ടികളുണ്ടായിരിക്കുന്നവരുമായിരിക്കണം
2. നിലവിൽ വിവാഹിതരോ ഏതെങ്കിലും പുരുഷനുമൊത്ത് കുടുംബമായി കഴിയുന്നവരോ ആയിട്ടുള്ളവർക്ക് ഈ ആനുകൂല്യം ലഭിക്കുകയില്ല.
3. വരുമാന പരിധിയില്ല. അപേക്ഷാഫോറം ബന്ധപ്പെട്ട സാമൂഹ്യക്ഷേമ ഓഫീസിൽ നിന്നും സാമൂഹ്യ സുരക്ഷാമിഷന്റെ വെബ്സൈറ്റ്/ഓഫീസിൽ നിന്നും ലഭ്യമാണ്. അപേക്ഷ ആവശ്യമായ രേഖകൾ സഹിതം ബന്ധപ്പെട്ട ശിശുവികസന പദ്ധതി ആഫീസർ ജില്ലാ സാമൂഹ്യനീതി ഓഫീസർ ജില്ലാ സാമൂഹ്യ നീതി ആഫീസർക്ക് നൽകേണ്ടതാണ്.

## VII. വയോമിത്രം പദ്ധതി

സംസ്ഥാനത്ത് വയോജന നയം നടപ്പിലാക്കുന്നതിന്റെ ഭാഗമായി വയോജനങ്ങളുടെ ആരോഗ്യ സംരക്ഷണ പരിപാലനത്തിന് പ്രത്യേക ശ്രദ്ധ നൽകി കൊണ്ട് ആരംഭിച്ച നൂതന

പദ്ധതിയാണ് വയോമിത്രം. ആദ്യഘട്ടമെന്ന നിലയിൽ മുനിസിപ്പൽ/കോർപ്പറേഷൻ പ്രദേശങ്ങളിലാണ് പദ്ധതി ആരംഭിച്ചിട്ടുള്ളത്. കൂടാതെ പദ്ധതി നടപ്പാക്കുന്ന പ്രദേശത്തെ വയോജനങ്ങളുടെ മാനസിക ഉല്ലാസത്തിനുവേണ്ടിയുള്ള വിവിധ പരിപാടികളും വയോജനക്ഷേമ സ്ഥാപനങ്ങളിലെ അന്തേവാസികൾക്ക് പ്രത്യേക കരുതൽ നൽകുന്ന തരത്തിലുള്ള വിവിധ പരിപാടികളും പദ്ധതിയുടെ ഭാഗമായി സംഘടിപ്പിക്കാറുണ്ട്. ചുവടെ പറയുന്ന ആനുകൂല്യങ്ങൾ വയോമിത്രം പദ്ധതികളിലൂടെ ലഭ്യമാണ്.

1. 65 വയസ്സിന് മുകളിൽ പ്രായമുള്ളവർക്ക് നഗര പ്രദേശങ്ങളിൽ മൊബൈൽ ക്ലിനിക്കും, വൈദ്യസഹായവും മരുന്നും സൗജന്യമായി നൽകുന്നു.
2. കിടപ്പു രോഗികളുടെ വീടുകളിൽ പോയി പാലിയേറ്റീവ് ഹോംകെയർ നൽകുന്നു.
3. ആശുപത്രികളിൽ വയോജനങ്ങളെ കൊണ്ടു പോകുന്നതിനും, തിരിച്ചു കൊണ്ട് പോകുന്നതിനും സൗജന്യ ആംബുലൻസ് സേവനം നൽകുന്നു.
4. വയോജനങ്ങൾക്ക് ആവശ്യമായ വിവരങ്ങൾ നൽകുന്നതിന് ചുവടെ പറയുന്ന ഹെൽപ്പ് ഡെസ്ക്കുകളും പ്രവർത്തിക്കുന്നു.

**<u>വയോമിത്രം ഹെൽപ്പ് ഡെസ്ക്കുകൾ</u>**

| | | |
|---|---|---|
| **തിരുവനന്തപുരം** | – | **9349788889** |
| **നെയ്യാറ്റിൻകര** | – | **9388788887** |
| **കൊല്ലം** | – | **9387588889** |
| **കരുനാഗപ്പള്ളി** | – | **9645006393** |
| **പത്തനംതിട്ട** | – | **9349488889** |
| **ആലപ്പുഴ** | – | **9387288889** |
| **ചേർത്തല** | – | **9645005042** |
| **കോട്ടയം** | – | **9349588889** |
| **പാല** | – | **8943257775** |
| **ഇടുക്കി** | – | **9387388889** |
| **എറണാകുളം** | – | **9349388887** |
| **അങ്കമാലി** | – | **9645205434** |
| **തൃശ്ശൂർ** | – | **9349188887** |
| **ചാവക്കാട്** | – | **9645005043** |
| **പാലക്കാട്** | – | **9387118889** |
| **ഷൊർണ്ണൂർ** | – | **9645006293** |
| **മലപ്പുറം** | – | **9387558889** |
| **നിലമ്പൂർ** | – | **8589013556** |
| **തിരൂർ** | – | **8589005435** |
| **വയനാട്** | – | **9387388887** |
| **കോഴിക്കോട്** | – | **9349668889** |
| **കൊയിലാണ്ടി** | – | **8589025435** |
| **കണ്ണൂർ** | – | **9349338889** |
| **മട്ടന്നൂർ** | – | **9645005014** |
| **കാസർഗോഡ്** | – | **9387088887** |

## VIII. *ഹംഗർഫ്രീസിറ്റി പദ്ധതി :*

ചില പ്രത്യേക സാഹചര്യങ്ങളിൽ നഗരങ്ങളിൽ എത്തിച്ചേരുകയും സ്വന്തമായി ഭക്ഷണം വാങ്ങി കഴിക്കുന്നതിന് പണമില്ലാതെ ബുദ്ധിമുട്ടുകയും ചെയ്യുന്നവർക്ക് ഒരു നേരത്തെ ഭക്ഷണം സൗജന്യമായി നൽകുകയെന്ന ഉദ്ദേശ്യത്തോടെ ആവിഷ്ക്കരിച്ച് നടപ്പാക്കി വരുന്ന പദ്ധതിയാണിത്. കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രി, കോട്ടപ്പറമ്പ് ബീച്ച് ഹോസ്പിറ്റൽ എന്നിവിടങ്ങളിലെ രോഗികൾക്കും കൂട്ടിരിപ്പുകാർക്കും പുറമേ കോഴിക്കോട് നഗരത്തിൽ അലഞ്ഞു തിരിയുന്നവരുമുൾപ്പെടെ പ്രതിദിനം 2000 ത്തിലധികം പേർക്ക് ഉച്ചഭക്ഷണം നൽകുന്നു. കൊല്ലം നഗരസഭാ പരിധിയിൽ പ്രതിദിനം 1000 –ൽപരം പേർക്കും മലപ്പുറം നഗരസഭാപരിധിയിൽ പ്രതിദിനം 500 –ൽപരം പേർക്കും തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിലും, എസ്.എ.റ്റി ആശുപത്രിയിലുമായി 2000–ൽപരം പേർക്കും വിശപ്പുരഹിത നഗരം പദ്ധതിയിലൂടെ ഉച്ചഭക്ഷണം നൽകി വരുന്നു.

## IX. വൈകല്യ നിർണ്ണയ മെഡിക്കൽ സർട്ടിഫിക്കേഷൻ ക്യാമ്പുകളിലൂടെ തത്സമയം മെഡിക്കൽ സർട്ടിഫിക്കറ്റും തിരിച്ചറിയൽ കാർഡും നൽകുന്ന പദ്ധതി :

വിഭിന്നശേഷിയുള്ളവർക്ക് കേന്ദ്ര – സംസ്ഥാന സർക്കാരുകളിൽ നിന്നും അർദ്ധസർക്കാർ പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നും ലഭ്യമാകേണ്ട ആനുകൂല്യങ്ങൾക്കുള്ള പൊതു ആധികാരികരേഖയായി തിരിച്ചറിയൽ കാർഡ് അംഗീകരിച്ചിട്ടുണ്ട്. സംസ്ഥാനത്തെ വിഭിന്നശേഷിയുള്ള എല്ലാ വ്യക്തികൾക്കും ടി രേഖ നൽകുകയെന്ന ലക്ഷ്യത്തോടുകൂടി സംസ്ഥാനത്തെ എല്ലാ ജില്ലകളിലും പ്രദേശികതല ക്യാമ്പുകൾ സംഘടിപ്പിച്ച് തത്സമയം ടി രേഖകൾ ഗുണഭോക്താക്കൾക്ക് നൽകി വരുന്നു.

ടി ക്യാമ്പിൽ പങ്കെടുക്കുന്നതിന് നിശ്ചിതഫോറത്തിൽ അപേക്ഷ കേരള സാമൂഹ്യ സുരക്ഷാ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർക്ക് നൽകേണ്ടതാണ്. ക്യാമ്പിന്റെ സ്ഥലവും തീയതിയും അപേക്ഷകരെ യഥാസമയം തപാൽ മാർഗ്ഗം അറിയിക്കുന്നതാണ്. ക്യാമ്പിൽ പങ്കെടുക്കുന്നവർക്ക് യാതൊരുവിധമായ ഫീസും ഈടാക്കാതെ മെഡിക്കൽ പരിശോധന നടത്തി ലഭിക്കുന്ന സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ തിരിച്ചറിയൽ കാർഡ് നൽകുന്നു. ഇത്തരം ക്യാമ്പിൽ പങ്കെടുക്കുന്ന വിഭിന്നശേഷിയുള്ളവർക്കും എസ്കോർട്ടിനും സൗജന്യമായി ഭക്ഷണവും നൽകി വരുന്നു. 2009 ഡിസംബർ മുതൽ കേരള സാമൂഹ്യ സുരക്ഷാ മിഷൻ സംഘടിപ്പിച്ച ഇത്തരം ക്യാമ്പുകളിലൂടെ 2,60,000 പേർക്ക് ടി രേഖകൾ നൽകിയിട്ടുണ്ട്.

മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റ് ലഭിച്ചിട്ടുള്ളവർക്ക് ക്യാമ്പിൽ ഹാജരാകാതെ ചുവടെ പറയുന്ന രേഖകൾ സഹിതം നിശ്ചിതഫോറത്തിൽ അപേക്ഷ എക്സിക്യൂട്ടീവ് ഡയറക്ടർക്ക് നൽകി തിരിച്ചറിയൽ കാർഡ് സ്വന്തമാക്കാവുന്നതാണ്.

1. മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റ് (ഒറിജിനൽ) /അറ്റസ്റ്റഡ് കോപ്പി
2. പാസ്പോർട്ട് സൈസ് ഫോട്ടോ–1
3. റേഷൻകാർഡിന്റെ കോപ്പി
4. ഒരു വെള്ളക്കടലാസിൽ വിരലടയാളം

## X.എൻഡോസൾഫാൻ ദുരിതബാധിതരുടെ പുനരധിവാസത്തിനുള്ള പദ്ധതികൾ

### (എ). സ്നേഹസാന്ത്വനം പദ്ധതി :

കാസർഗോഡ് ജില്ലയിലെ എൻഡോസൾഫാൻ ദുരിതബാധിതരുടെ ലിസ്റ്റിൽ ഉൾപ്പെട്ട 4516 പേർക്ക് പ്രതിമാസം പെൻഷൻ നൽകുന്നു. ദീർഘകാല ചികിത്സ ആവശ്യമുള്ളതും രോഗാവസ്ഥയിലുള്ളവരും തൊഴിലെടുക്കാനാകാതെ വീട്ടിൽ കഴിയുന്നവരുമായവരിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും വികലാംഗ പെൻഷൻ ലഭിക്കുന്നവർക്ക് 1700/- രൂപയും പെൻഷൻ ലഭിക്കാത്തവർക്ക് 2000/- രൂപയും എൻഡോസൾഫാൻ ദുരിതബാധിതരായ മറ്റ് രോഗികൾക്ക് 1000/- രൂപ വീതവും പ്രതിമാസ ധനസഹായം നൽകി വരുന്നു. സ്നേഹസാന്ത്വനം പദ്ധതിയിലൂടെ പ്രതിമാസം 65 ലക്ഷത്തോളം രൂപ സുരക്ഷാ മിഷൻ നൽകുന്നു.

### (ബി). എൻഡോസൾഫാൻ ദുരിതബാധിത കുടുംബങ്ങളിലെ വിദ്യാർത്ഥികൾക്കുള്ള വിദ്യാഭ്യാസ ധനസഹായം

എൻഡോസൾഫാൻ ദുരിത ബാധിത കുടുംബങ്ങളിലെ 1 മുതൽ +2 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ചുവടെ പറയുന്ന നിരക്കിൽ വിദ്യാഭ്യാസ ധനസഹായം അനുവദിച്ചു വരുന്നു.

| | |
|---|---|
| 1 മുതൽ 7 വരെ ക്ലാസ്സുകളിൽ പഠിക്കുന്നവർക്ക് | - 2000/- രൂപ |
| 8 മുതൽ 10 വരെ ക്ലാസ്സുകളിൽ പഠിക്കുന്നവർക്ക് | - 3000/- രൂപ |
| +1,+2 ക്ലാസ്സുകളിൽ പഠിക്കുന്നവർക്ക് | - 4000/- രൂപ |

### (സി). സ്പെഷ്യൽ ആശ്വാസകിരണം

എൻഡോസൾഫാൻ ദുരിതബാധിതരായി കിടപ്പിലായവരെയും കടുത്ത ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നതിനാൽ ഒരു മുഴുവൻ സമയ പരിചാരകന്റെ സേവനം ആവശ്യമുള്ളവരെയും പരിചരിക്കുന്നവർക്ക് സ്പെഷ്യൽ ആശ്വാസകിരണം പദ്ധതി പ്രകാരം 700/- രൂപ നിരക്കിൽ പ്രതിമാസ ധനസഹായം അനുവദിച്ചു വരുന്നു.

### (ഡി). എൻഡോസൾഫാൻ ദുരിത ബാധിത മേഖലയിൽ പ്രവർത്തിക്കുന്ന ബഡ്സ് സ്കൂൾ ജീവനക്കാർക്ക് പ്രത്യേക അലവൻസ്

എൻഡോസൾഫാൻ ദുരിത ബാധിത മേഖലയിലെ പ്രവർത്തിക്കുന്ന ബഡ്സ് സ്കൂൾ ജീവനക്കാർക്ക് നിലവിൽ നൽകി വരുന്ന വേതനത്തിന് പുറമേ 1500/- രൂപ പ്രത്യേക അലവൻസായി അനുവദിക്കുന്നു.

## XI. സ്റ്റേറ്റ് ഇൻഷിയേറ്റീവ് ഓൺ ഡിസെബിലിറ്റീസ് :

വൈകല്യം തടയൽ, പ്രാരംഭ നിർണ്ണയം, പ്രാരംഭ ഇടപെടൽ, വിദ്യാഭ്യാസം, തൊഴിൽ, പുനരധിവാസം എന്നിവ ലക്ഷ്യമാക്കി സർക്കാർ പ്രത്യേക താൽപര്യമെടുത്ത് തുടങ്ങിയ പരിപാടി. വൈകല്യ പ്രതിരോധ പരിപാടിയുടെ ഭാഗമായി ജന്മനായുള്ള വൈകല്യം തടയുന്നതിനായ് സൗജന്യമായി കുട്ടികൾക്ക് MMR കുത്തിവയ്പും കൗമാരപ്രായക്കാരായ പെൺകുട്ടികൾക്ക് റുബെല്ലാ കുത്തിവയ്പും നൽകുന്നു. കൂടാതെ കേരളത്തിലെ 14 ജില്ലകളിലും കുട്ടികളിലെ വളർച്ചകുറവ് നേരത്തെ കണ്ടുപിടിച്ച് യഥാസമയം ഇടപെടൽ നടത്തുന്നതിനുമുള്ള ജില്ലാ പ്രാരംഭ ഇടപെടൽ കേന്ദ്രം (DEIC - District Early Intervention Centre) തുടങ്ങുവാനുള്ള നടപടികൾ പൂർത്തിയായി വരുന്നു. വളർച്ചാ വൈകല്യങ്ങൾ

നേരത്തെ കണ്ടുപിടിക്കുന്നതിന് എല്ലാ അംഗൻവാടി പ്രവർത്തകർക്കും പരിശീലനം നൽകാനുള്ള നടപടിക്രമങ്ങളും പുരോഗമിക്കുന്നു.

## XII. (A) സമാശ്വാസം പദ്ധതി :

വൃക്ക തകരാർ സംഭവിച്ച് മാസത്തിൽ ഒരു പ്രാവശ്യമെങ്കിലും ഡയാലിസിസിന് വിധേയരാകുന്ന ബി.പി.എൽ വിഭാഗത്തിൽപ്പെടുന്ന രോഗികൾക്ക് പ്രതിമാസ ധനസഹായം അനുവദിക്കുന്ന പദ്ധതിയാണിത്.

**അനുവദിക്കുന്ന ധനസഹായം :-**

പ്രതിമാസം 900/- രൂപ നിരക്കിൽ

***മാനദണ്ഡങ്ങൾ :-***

1. ബി.പി.എൽ സർട്ടിഫിക്കറ്റ്/ബി.പി.എൽ റേഷൻ കാർഡിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്.
2. രോഗി പ്രതിമാസം ഡയാലിസിസിന് വിധേയമാകുന്നുവെന്നുള്ള സർക്കാർ/ സ്വകാര്യ ആശുപത്രിയിലെ വൃക്കരോഗ വിദഗ്ധർ നൽകുന്ന മെഡിക്കൽ സർട്ടിഫിക്കറ്റ്. ടി സർട്ടിഫിക്കറ്റിൽ ഡയാലിസിസ് ആരംഭിച്ച തീയതി കൂടി രേഖപ്പെടുത്തേണ്ടതാണ്.
3. അപേക്ഷകന്റെപേരിൽ നാഷണലൈസ്ഡ് ബാങ്കിൽ അക്കൗണ്ട് ഉണ്ടായിരിക്കണം. ബാങ്ക് പാസ്സ്ബുക്കിന്റെ പകർപ്പ് അപേക്ഷയോടൊപ്പം ചേർക്കേണ്ടതാണ്.
4. ആധാർ തിരിച്ചറിയൽ കാർഡിന്റെ പകർപ്പ്. അപേക്ഷാഫോറം, ഐ.സി.ഡി.എസ് പ്രോജക്ട് ആഫീസുകൾ, പഞ്ചായത്താഫീസുകൾ, കോർപ്പറേഷൻ/മുനിസിപ്പൽ ഓഫീസുകൾ/ അംഗൻവാടികൾ എന്നിവിടങ്ങളിൽ നിന്നും, സാമൂഹ്യ സുരക്ഷാ മിഷന്റെ വെബ്സൈറ്റ്/ ഓഫീസിൽ നിന്നും ലഭ്യമാണ്. അപേക്ഷകൾ മുഴുവൻ രേഖകൾ സഹിതം കേരള സാമൂഹ്യ സുരക്ഷാ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർക്ക് നൽകേണ്ടതാണ്.

## (B) സ്പെഷ്യൽ സമാശ്വാസം പദ്ധതി

വൃക്ക/കരൾ അവയവ മാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്ക് വിധേയരായ രോഗികൾക്ക് പ്രതിമാസം 1000 രൂപാ നിരക്കിൽ അനുവദിക്കുന്നു. 2 ലക്ഷം രൂപ വരെ കുടുംബവാർഷിക വരുമാനമുള്ളവർക്ക് ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നതാണ്.

## XIII. ഒ.ആർ.സി പദ്ധതി :

കുട്ടികളിൽ സാമൂഹ്യ വ്യതിയാനം തടയാനും സാമൂഹ്യ ഉത്തരവാദിത്വം വർദ്ധിപ്പിക്കാനും ലക്ഷ്യം വച്ച് കൊണ്ടുള്ള ഒ .ആർ .സി പദ്ധതി (Our Responsibility to Children) സംസ്ഥാനത്ത് നടപ്പാക്കുന്നതിനായി സുരക്ഷാ മിഷനെ ചുമതല പ്പെടുത്തിയിരിക്കുന്നു. ആദ്യ ഘട്ടമെന്ന നിലയിൽ കോഴിക്കോട്, തൃശ്ശൂർ, എറണാകുളം, തിരുവനന്തപുരം എന്നീ ജില്ലകളിലാണ് പദ്ധതി നടപ്പാക്കി വരുന്നത്. വിദ്യാർത്ഥികളിൽ സാമൂഹ്യ ദിശാബോധം വളർത്താനാവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുക, കുറ്റകൃത്യങ്ങളിൽപ്പെട്ടുപോയ വിദ്യാർത്ഥികളുടെ സാമൂഹ്യ പുനരധിവാസം ഉറപ്പ് വരുത്തുക എന്നിവയാണ് പദ്ധതി ലക്ഷ്യമിടുന്നത്.

## ***XIV കാരുണ്യ ഡെപ്പോസിറ്റ് സ്കീം :***

ഒരു ലക്ഷം രൂപയോ അതിന്റെ ഗുണിതങ്ങളോ നിക്ഷേപിക്കുന്ന വ്യക്തിക്ക് ഒരു വർഷത്തിന് ശേഷം നിക്ഷേപിച്ച തുക തിരിച്ചു നൽകുകയും, തുകയുടെ പലിശയും സാമൂഹ്യ സുരക്ഷാ മിഷന്റെ ഫണ്ടിൽ നിന്നും തത്തുല്യ തുകയും മാനസിക വെല്ലുവിളി നേരിടുന്ന ഒരു കുട്ടിക്ക് നൽകുകയും ചെയ്യുന്ന പദ്ധതി. ഗുണഭോക്താവിനെ തെരഞ്ഞെടുക്കാൻ നിക്ഷേപകന് സ്വാതന്ത്ര്യമുണ്ട്.

## ***XV. WE-CARE :***

സഹായമർഹിക്കുന്ന കേരളത്തിലെ ആബാലവൃദ്ധം ജനങ്ങൾക്കും ഒരു കൈത്താങ്ങ് എന്ന നിലയിൽ പ്രവർത്തിക്കുന്നതിനും അവരുടെ ആവശ്യങ്ങൾ കണ്ടറിഞ്ഞ് കരുതലും സഹായവും നൽകുന്നതിനും ഉദ്ദേശിച്ചുകൊണ്ട് സാമൂഹ്യനീതി വകുപ്പ് കേരള സാമൂഹ്യ സുരക്ഷാ മിഷനിലൂടെ WE-CARE എന്ന ഒരു പുതിയ സംരംഭത്തിന് തുടക്കം കുറിക്കുന്നു. വ്യക്തികൾ, സന്നദ്ധ സംഘടനകൾ, ഫൗണ്ടേഷനുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, കോർപ്പറേറ്റുകൾ, എന്നിവയിൽ നിന്നും ജീവകാരുണ്യ പ്രവർത്തനങ്ങൾക്കായുള്ള വിഭവ സമാഹരണം നടത്തുകയും ഇത്തരത്തിൽ സമാഹരിക്കുന്ന തുക ഉപയോഗിച്ച് ജീവകാരുണ്യ പ്രവർത്തന ങ്ങൾ ആവിഷ്ക്കരിച്ചു നടപ്പിലാക്കുകയും ചെയ്യുകയെന്നതാണ് WE-CARE ലൂടെ ലക്ഷ്യമിടുന്നത്

### ***പേയ്മെന്റ് ഗേറ്റ് വേ :***

കേരള സാമൂഹ്യ സുരക്ഷാമിഷൻ മുഖേന നടപ്പാക്കുന്ന വിവിധ ജനക്ഷേമപദ്ധതികൾക്ക് സർക്കാരിൽ നിന്നും പദ്ധതി വിഹിതമായി അനുവദിച്ച് ലഭിക്കുന്ന തുക കൊണ്ടുമാത്രം പദ്ധതി പ്രവർത്തനം പൂർത്തീകരിക്കുവാൻ സാധിക്കുന്നതല്ല. സമൂഹത്തിൽ ഏറ്റവും അവശത അനുഭവിക്കുന്ന ജനവിഭാഗങ്ങളുടെ പുനരധിവാസത്തിനുവേണ്ടി മിഷൻ ആവിഷ്ക്കരിച്ചിട്ടുള്ള പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കുന്നതിന് കൈതാങ്ങാകാൻ സൻമനസ്സുള്ള സമൂഹത്തിന്റെ നാനാതുറകളിൽപ്പെട്ട ജനങ്ങളുടെയും നിർലോഭമായ സഹായ സഹകരണങ്ങൾ ആവശ്യമാണ്. ചെറുതും വലുതുമായ തുകകൾ മിഷൻ ഫണ്ടിലേയ്ക്ക് രാജ്യത്തിനകത്തും പുറത്തും ഉള്ളവർക്ക് മിഷന്റെ പേയ്മെന്റ്ഗേറ്റ്വേയിലൂടെ സംഭാവനയായി നൽകാവുന്നതാണ്.

വിദേശത്തുള്ളവർക്ക് സംഭാവന നിക്ഷേപിക്കാവുന്ന കറണ്ട് അക്കൗണ്ട് നമ്പർ 32571943287, എസ്.ബി.ഐ. സ്റ്റാച്യൂ ബ്രാഞ്ച് തിരുവനന്തപുരം.

ഇന്ത്യയ്ക്കകത്തുള്ളവർക്ക് സംഭാവന നിക്ഷേപിക്കാവുന്ന എസ്.ബി.അക്കൗണ്ട് നമ്പർ 30809533211, എസ്.ബി.ഐ. സ്റ്റാച്യൂ ബ്രാഞ്ച് തിരുവനന്തപുരം. കൂടാതെ ഡി.ഡിയായും, ചെക്കായും, മണിയോർഡറായും സംഭാവനകൾ നൽകാവുന്നതാണ്. സംഭാവനകൾ അയച്ച് തരേണ്ട മേൽവിലാസം എക്സിക്യൂട്ടീവ് ഡയറക്ടർ, കേരള സാമൂഹ്യ സുരക്ഷാ മിഷൻ പൂജപ്പുര, തിരുവനന്തപുരം, ഫോൺ : 0471 2348135, 2341200 ഫാക്സ് : 0471 2346016

Regional Office, Kozhikode: 0495 – 2370302

## *XVI  "പ്രത്യാശ" വിവാഹ ധനസഹായ പദ്ധതി :*

പൊതുമേഖലാ സ്ഥാപനങ്ങൾ, കോർപ്പറേറ്റുകൾ, ഫൗണ്ടേഷനുകൾ, സന്നദ്ധസംഘടനകൾ എന്നിവയുമായി സംയോജിച്ച് ജീവകാരുണ്യ പ്രവർത്തനങ്ങൾ നടത്തുകയെന്നത് സാമൂഹ്യ സുരക്ഷാമിഷന്റെ ലക്ഷ്യങ്ങളിലൊന്നാണ്. മലബാർ ഗോൾഡ് ആൻഡ് ഡയമണ്ട്സുമായി ചേർന്ന് സാമ്പത്തിക പരാധീനത അനുഭവിക്കുന്ന കുടുംബങ്ങളിലെ പെൺകുട്ടികൾക്ക് 50,000/- രൂപ നിരക്കിൽ വിവാഹ ധനസഹായം അനുവദിക്കുന്ന പദ്ധതിയാണ് "പ്രത്യാശ." 60,000 രൂപയിൽ താഴെ കുടുംബവാർഷിക വരുമാനമുള്ള കുടുംബങ്ങളിലെ 22 വയസ്സ് പൂർത്തിയായ സ്ത്രീകൾക്കാണ് ടി പദ്ധതി ആനുകൂല്യത്തിന് അപേക്ഷിക്കാൻ അർഹതയുള്ളത്. 2013-14 സാമ്പത്തിക വർഷത്തിൽ പരീക്ഷണാടിസ്ഥാനത്തിൽ നടപ്പിലാക്കുന്ന ഈ പദ്ധതി ആനുകൂല്യം പരമാവധി 2000 പേർക്കാണ് അനുവദിക്കുന്നത്. അപേക്ഷാഫാറം കേരള സാമൂഹ്യ സുരക്ഷാമിഷൻ ഓഫീസിലും വയോമിത്രം ഓഫീസുകളിലും മലബാർ ഗോൾഡ് ആന്റ് ഡയമണ്ട്സിന്റെ ഓഫീസുകളിലും ലഭ്യമാണ്.

## കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ

ശാരീരികവും മാനസികവുമായ വെല്ലുവിളി നേരിടുന്നവരുടെ പുനരധിവാസത്തിനും അവരുടെ ജീവിത നിലവാരം ഉയർത്തുന്നതിനും ആവശ്യമായ പദ്ധതികൾ തയ്യാറാക്കുകയും നടപ്പിലാക്കുകയും ചെയ്യുക, അത്തരം ആളുകൾക്കോ സംഘങ്ങൾക്കോ അല്ലെങ്കിൽ ശാരീരികവും മാനസികവുമായ വെല്ലുവിളികൾ നേരിടുന്നവരുടെ ഉന്നമനത്തിനുവേണ്ടി പ്രവർത്തിക്കുന്ന സംഘടനകൾക്കോ വേണ്ട സാമ്പത്തികവും സാങ്കേതികവുമായ പിന്തുണ നൽകുക എന്നിവയാണ് കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷന്റെ മുഖ്യ പ്രവർത്തനങ്ങൾ.

പൂജപ്പുര, തിരുവനന്തപുരം 695012
ഫോൺ : 0471-2347768, ഫാക്സ് : 2340568
ഇ-മെയിൽ : ks_kshwc@hahoo.com
വെബ്സൈറ്റ് : www.handicapped.kerala.gov.in

*വികലാംഗക്ഷേമ കോർപ്പറേഷൻ നടപ്പിലാക്കി വരുന്ന പദ്ധതികൾ*

1. സഹായ ഉപകരണങ്ങളുടെ വിതരണം (സംസ്ഥാന സർക്കാർ പദ്ധതി)

   ഈ പദ്ധതിയനുസരിച്ച് 72,000 രൂപയിൽ താഴെ പ്രതിവർഷ വരുമാനമുള്ള വികലാംഗർക്ക് കോർപ്പറേഷൻ 6000/- രൂപവരെ വില വരുന്ന സഹായോപകരണങ്ങൾ സൗജന്യമായി നൽകി വരുന്നു. ഓരോ മൂന്ന് വർഷത്തിലൊരിക്കലാണ് വൈകല്യമുള്ള വർക്ക് സഹായോപകരണങ്ങൾ സൗജന്യമായി നൽകുന്നത്. വീൽചെയർ, മൂന്നുവീൽ സൈക്കിളുകൾ, ആർട്ടിഫിഷ്യൽ ലിംബുകൾ, കാലിപ്പർ, ശ്രവണ സഹായികൾ, ഡി.വി.ഡി പ്ളെയറുകൾ, കുടലിൽ ക്യാൻസർ ബാധിച്ചവർക്കുള്ള കൊളോസ്റ്റമീബാഗുകൾ, കണ്ണടകൾ, വൈറ്റകെയിൻ, കുട്ടികൾക്കുള്ള സി.പി. ചെയർ, വാക്കർ മുതലായവ കോർപ്പറേഷനിൽ നിന്നും നൽകി വരുന്നു. ഗുണഭോക്താക്കളെ അപേക്ഷയുടെ അടിസ്ഥാനത്തിൽ അതാതു ജില്ല/ബ്ളോക്ക്/പഞ്ചായത്ത് തലത്തിൽ വച്ചു നടക്കുന്ന മെഡിക്കൽ ക്യാമ്പുകളിൽ നിന്ന് തെരഞ്ഞെടുത്തും ഡോക്ടർമാർ നൽകുന്ന സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലും ഉപകരണങ്ങൾ നൽകി വരുന്നു.

2. <u>സ്വയം തൊഴിൽ പദ്ധതി (ബാങ്ക് ലോൺ സബ്സിഡി)</u>

സ്വയം തൊഴിൽ പദ്ധതിയിൽ കീഴിൽ എല്ലാ വിഭാഗത്തിൽപ്പെട്ട വൈകല്യമുള്ളവർക്കും കോർപ്പറേഷൻ സംസ്ഥാനത്തെ വിവിധ വാണിജ്യ ബാങ്കുകളിലൂടെ വായ്പ ലഭ്യമാക്കി വരുന്നു. ഈ പദ്ധതിക്ക് കോർപ്പറേഷൻ സബ്സിഡി നൽകുന്നതാണ്. 20,000/- രൂപവരെയുള്ള ലോണിന് തുകയുടെ 50% (പരമാവധി 5000/- രൂപ) സബ്സിഡിയായും 20,001/- മുതൽ 50,000/- രൂപവരെയുള്ള ലോണിന് തുകയുടെ 30% സബ്സിഡിയായും ഒരു ലക്ഷം രൂപയ്ക്കു മുകളിലുള്ള ലോണിന് തുകയുടെ 20% (മാക്സിമം ഒരു ലക്ഷം രൂപവരെ) സബ്സിഡിയായി നൽകുന്നു. അപേക്ഷകനാവശ്യപ്പെടുന്ന സർവ്വീസ് ഏരിയാ ബാങ്കിലേയ്ക്ക് അപേക്ഷകൾ കോർപ്പറേഷൻ ശുപാർശ ചെയ്യുന്നു. നിശ്ചിത ഫോറത്തിലെ അപേക്ഷയോടൊപ്പം 40%നു മുകളിൽ അംഗവൈകല്യം തെളിയിക്കുന്ന സർട്ടിഫിക്കറ്റിന്റെ കോപ്പി, റേഷൻ കാർഡിന്റെ 1,2 പേജുകളുടെ ഫോട്ടോ കോപ്പികൾ, (ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയത്) രണ്ട് പാസ്പോർട്ട് സൈസ് ഫോട്ടോ എന്നിവ ഹാജരാക്കേണ്ടതാണ്.

3. <u>വികലാംഗർക്ക് മോട്ടോർ ഘടിപ്പിച്ച ട്രൈസൈക്കിൾ വാങ്ങുന്നതിനുള്ള സബ്സിഡി.</u>

മോട്ടോറൈസ്ഡ് ട്രൈസൈക്കിൾ വാങ്ങുന്നതിനായി വൈകല്യമുള്ള വിദ്യാർത്ഥികൾക്കും സ്വയം തൊഴിൽ ചെയ്യുന്നവർക്കും കോർപ്പറേഷൻ 10,000/- രൂപ സബ്സിഡിയായി നൽകി വരുന്നു. വെള്ള കടലാസിൽ തയ്യാറാക്കുന്ന അപേക്ഷയോടൊപ്പം സ്ക്കൂട്ടർ വാങ്ങി സൈഡ് വീൽ ഫിറ്റു ചെയ്ത ബിൽ, രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് 40% മോ അതിൽ കൂടുതലോ വൈകല്യമുള്ള മെഡിക്കൽ സർട്ടിഫിക്കറ്റ്, റേഷൻ കാർഡിന്റെ 1,2 പേജുകളുടെ കോപ്പി, വാഹനം ഇൻഷൂർ ചെയ്ത സർട്ടിഫിക്കറ്റിന്റെ കോപ്പി, വാഹനത്തിന്റെ നമ്പർ കാണത്തക്കവിധം അപേക്ഷകൻ ഇരുന്നെടുത്ത ഫോട്ടോ, വില്ലേജാഫീസർ നൽകുന്ന വരുമാന സർട്ടിഫിക്കറ്റ് എന്നിവ ഒരു ഗസറ്റഡ് ഓഫീസറെകൊണ്ട് സാക്ഷ്യപ്പെടുത്തി നൽകേണ്ടതാണ്.

4. <u>അംഗവൈകല്യമുള്ളവർക്കുള്ള പ്രൊഫിഷ്യൻസി അവാർഡ്</u>

അംഗവൈകല്യമുള്ള കുട്ടികളെ പ്രചോദിതരാക്കുകയെന്ന ഉദ്ദേശത്തോടെ ഓരോ ജില്ലയിലും എസ്.എസ്.എൽ.സി, ഹയർ സെക്കന്ററി എന്നീ പരീക്ഷകളിൽ സംസ്ഥാനതലത്തിൽ ഏറ്റവും കൂടുതൽ മാർക്കു വാങ്ങുന്ന നാലു വിഭാഗത്തിലെയും കുട്ടികൾക്ക് 5000/- രൂപ വീതവും ജില്ലാതലത്തിൽ 2500/- രൂപ വീതവും ക്യാഷ് അവാർഡ് നൽകുന്നതാണ്. അതിനായി കൈകാലുകൾക്ക് വൈകല്യമുള്ളവരെയും കാഴ്ച വൈകല്യമുള്ളവരെയും കേൾവിക്കും സംസാരത്തിനും തകരാറുകളുള്ളവരെയം ബുദ്ധിവൈകല്യമുള്ളവരേയും പരിഗണിക്കുന്നതാണ്. വിദ്യാഭ്യാസ വകുപ്പു മുഖേനയും കോർപ്പറേഷൻ നേരിട്ടും അപേക്ഷ ക്ഷണിക്കുന്നതാണ്. ഇതിലേയ്ക്കായി സ്കൂൾ മേലധികാരി സാക്ഷ്യപ്പെടുത്തിയ മാർക്ക് ലിസ്റ്റിന്റെ കോപ്പി, മെഡിക്കൽ ബോർഡിന്റെ 40% ത്തിൽ കുറയാത്ത അംഗവൈകല്യം തെളിയിക്കുന്ന മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ

അറ്റസ്റ്റഡ് കോപ്പിയും, വെള്ളക്കടലാസിലുള്ള അപേക്ഷയോടൊപ്പം കോർപ്പറേഷനിൽ സമർപ്പിക്കേണ്ടതാണ്.

5. <u>വികലാംഗരായ ലോട്ടറി ഏജന്റുമാർക്കുള്ള സാമ്പത്തിക സഹായം</u>

ലോട്ടറി ഏജന്റുമാരാകാൻ താൽപര്യമുള്ള അംഗ വൈകല്യമുള്ളവർക്ക് കേരളാ സ്റ്റേറ്റ് ലോട്ടറി ഡിപ്പാർട്ടുമെന്റുമായി സഹകരിച്ച് ഒരു പ്രത്യേക പദ്ധതി നടപ്പിലാക്കി വരുന്നു. ഈ പദ്ധതി പ്രകാരം, ലോട്ടറി ടിക്കറ്റുകളുടെ വില്പനയ്ക്കു വേണ്ടി സംസ്ഥാനത്തുടനീളം വൈകല്യമുള്ളവരെ കണ്ടെത്തി ഏജൻസി പ്രവർത്തനം നടത്താനായി 5000/- രൂപ വീതം ഒറ്റതവണ സാമ്പത്തിക സഹായം നൽകി വരുന്നു. ഈ പദ്ധതി പ്രകാരം ആനുകൂല്യത്തിന് വെള്ളക്കടലാസിൽ താഴെപറയുന്ന രേഖകൾ സഹിതം അപേക്ഷ സമർപ്പിക്കേണ്ടതാണ്.

(എ) 40% മോ അതിൽ കൂടുതലോ വൈകല്യം തെളിയിക്കുന്ന മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അറ്റസ്റ്റഡ് കോപ്പി.

(ബി) റേഷൻ കാർഡിന്റെ അറ്റസ്റ്റഡ് കോപ്പി.

(സി) പാസ്പോർട്ട് സൈസ് ഫോട്ടോ.

(ഡി) ലോട്ടറി ഏജന്റിന്റെ ലൈസൻസിന്റെ ഫോട്ടോ കോപ്പി (ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയത്)

6. <u>നാഷണൽ ഹാൻഡിക്കാപ്പ്ഡ് ഫിനാൻസ് ആന്റ് ഡവലപ്മെന്റ് കോർപ്പറേഷന്റെ വായ്പ</u>

നാഷണൽ ഹാൻഡിക്കാപ്പ്ഡ് ഫിനാൻസ് ആന്റ് ഡവലപ്മെന്റ് കോർപ്പറേഷന്റെ വായ്പ പദ്ധതി നടപ്പിലാക്കുന്ന കേരളത്തിലെ സ്റ്റേറ്റ് ചാനലൈസിംഗ് ഏജൻസികൂടിയാണ് K S H P W C. സ്റ്റേറ്റ് ചാനലൈസിംഗ് ഏജൻസി (എസ്.സി.എ) യെന്ന നിലയിൽ, 2000 മുതൽ നാഷണൽ ഹാൻഡിക്കാപ്പ്ഡ് ഫിനാൻസ് ആന്റ് ഡവലപ്മെന്റ് കോർപ്പറേഷന്റെ പദ്ധതി പ്രകാരമുള്ള വായ്പകൾ കോർപ്പറേഷൻ വിതരണം ചെയ്തു വരുന്നു. 50,000/ രൂപയ്ക്കു മുകളിൽ അനുവദിക്കുന്ന ലോണിന്റെ 5 ശതമാനം എസ്.സി.എ എന്ന നിലക്ക് കോർപ്പറേഷൻ നൽകുന്നു. 50,000/- രൂപവരെയുള്ള വായ്പക്ക് 5% പലിശയും (സ്ത്രീകൾക്ക് 4%) 50,000/- രൂപക്ക് മുകളിൽ 6% (സ്ത്രീകൾക്ക് 5%) പലിശയുമാണ്. വായ്പ തിരിച്ചടവ് കാലാവധി 7 വർഷമായി കോർപ്പറേഷൻ നിജപ്പെടുത്തിയിരിക്കുന്നു. ഈ പദ്ധതി പ്രകാരം നിലവിൽ പരമാവധി 5,00,000/- രൂപവരെ വായ്പ നൽകുന്നതാണ്.

7. <u>തികച്ചും അംഗവൈകല്യമുള്ള കുട്ടികൾക്കുള്ള സ്ഥിരനിക്ഷേപ പദ്ധതി</u>

സ്വന്തം യാതനകൾ വിവരിക്കാനോ തന്റെ അവകാശങ്ങൾ ചോദിച്ചു വാങ്ങാനോ കഴിയാത്ത കുട്ടികൾക്ക് സഹായകരമായ പദ്ധതിയാണ് ഇത്. അഞ്ച് വയസ്സുവരെ പ്രായമുള്ള 60% ന് മേൽ വൈകല്യമുള്ള കുട്ടികളുടെ പേരിൽ 10,000/- രൂപ ബാങ്കിൽ നിക്ഷേപിക്കുന്നു.

എ). യോഗ്യത:

1. 60 ശതമാനമോ അതിൽ കൂടുതലോ വൈകല്യമുള്ളവർ
2. പ്രതിവർഷ കുടുംബ വരുമാനം 36,000 രൂപയിൽ താഴെ
3. പ്രായ പരിധി : നവജാതശിശു മുതൽ 5 വയസ് വരെ

സി). ട്രസ്റ്റി : കോർപ്പറേഷൻ

ഡി). ഫണ്ട് റീലീസ് : 18 വയസിന് ശേഷം

അപേക്ഷയോടൊപ്പം ഹാജരാക്കുന്ന രേഖകളുടെ കോപ്പികൾ ഗസറ്റഡ് ഓഫീസർ അറ്റസ്റ്റ് ചെയ്തത് ആയിരിക്കണം.

8. വികലാംഗരായ വയോജനങ്ങൾക്കുവേണ്ടിയുള്ള വൃദ്ധ സദനം (പാറശ്ശാല)

വികലാംഗരായ വയോജനങ്ങളെ താമസിപ്പിക്കുന്നതിന് ആധുനിക സജ്ജീകരണങ്ങളോടുകൂടിയ ഒരു വൃദ്ധസദനം തിരുവനന്തപുരം ജില്ലാ പഞ്ചായത്തും വകലാംഗക്ഷേമ കോർപ്പറേഷനും സംയുക്തമായി പാറശ്ശാലയ്ക്കടുത്ത് കൊറ്റാമം എന്ന സ്ഥലത്ത് നടത്തിവരുന്നു. പ്രവേശനം ലഭിക്കുന്നവർക്ക് താമസവും ഭക്ഷണവും സൗജന്യമാണ്.

9. പ്രായമായവർക്ക് സഹായോപകരണങ്ങൾ ലഭ്യമാക്കൽ

വാക്കിംഗ് സ്റ്റിക്കുകൾ, കൊളോസ്റ്റമി ബാഗ്ഗുകൾ, വീൽ ചെയറുകൾ തുടങ്ങിയ വ്യത്യസ്തമായ സഹായോപകരണങ്ങൾ ഉപയോഗിക്കുന്നതിലൂടെ മുതിർന്ന പൗരന്മാരുടെ ജീവിത സൗകര്യങ്ങൾ വളരെ കുടുതൽ ഉയർത്താനാവും. മുതിർന്നവരുടെ സാമ്പത്തിക സ്ഥിതിയുടെ അടിസ്ഥാനത്തിൽ സൗജന്യമായോ കുറഞ്ഞ വിലയ്ക്കോ സഹായോപകരണങ്ങൾ ലഭ്യമാക്കിക്കൊടുക്കുന്നു.

10. നാഷണൽ പ്രോഗ്രാം ഫോർ റീഹാബിലിറ്റേഷൻസ് ഓഫ് പേഴ്സൺസ് വിത്ത് ഡിസെബിലിറ്റീസ് (എൻ.ജി.ആർ.പി.ഡി).

കേരളത്തിലെ വികലാംഗരുടെ സമ്പൂർണ്ണ പുനരധിവാസം ലക്ഷ്യമാക്കി കേന്ദ്ര സർക്കാർ ആവിഷ്ക്കരിച്ച്, കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷനിലൂടെ നടപ്പിലാക്കുന്ന ഒരു ബൃഹത് പദ്ധതിയാണ് എൻ.ജി.ആർ.പി.ഡി എന്ന ചുരുക്കപ്പേരിൽ അറിയപ്പെടുന്ന ദേശിയ വികലാംഗ പുനരധിവാസ പദ്ധതി. കേന്ദ്ര സർക്കാരിൽ നിന്നും കേരള സർക്കാരിന് ലഭിച്ച 2.57 കോടി രൂപയുടെ ഒറ്റതവണ ധനസഹായമാണ് ഈ പദ്ധതിയ്ക്കായി വിനിയോഗിക്കുന്നത്. വികലാംഗരെ അവരുടെ വാസസ്ഥാനത്തു നിന്നുതന്നെ കണ്ടെത്തി അവർക്ക് സർവ്വതോൻമുഖമായ ക്ഷേമം ഉറപ്പു വരുത്തുന്നതിനാവശ്യമായ സൂജന്യ ചികിത്സ വിദ്യാഭ്യാസം, തൊഴിലധിഷ്ഠിത പരിശീലനം, തൊഴിലവസരങ്ങൾ എന്നിവ ലഭ്യമാക്കി ഒരു സമ്പൂർണ്ണ പുനരധിവാസം ലക്ഷ്യമാക്കിയാണ് പദ്ധതി നടപ്പിലാക്കുന്നത്. ആദ്യ ഘട്ടത്തിൽ കൊല്ലം, പാലക്കാട്, കാസർഗോഡ് എന്നീ ജില്ലകളിലാണ് ഈ പദ്ധതി നടപ്പിലാക്കുന്നതിനായി തെരഞ്ഞെടുത്തിട്ടുള്ളത്. ഗ്രാമ-ബ്ളോക്ക്-ജില്ല-സംസ്ഥാനം എന്നിങ്ങനെ നാല് തലത്തിലുള്ള പ്രവർത്തന രീതിയാണ് നിർദ്ദേശിച്ചിട്ടുള്ളത്. പദ്ധതി നടത്തിപ്പിനായി മൂന്ന് ജില്ലാ പഞ്ചായത്തുകൾക്കും സർക്കാർ നിശ്ചയിച്ച പ്രകാരം തുക അനുവദിച്ചു നൽകിയിട്ടുണ്ട്. പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചു കഴിഞ്ഞു.

11. എ.ഡി.ഐ.പി.

വികലാംഗരെ സമൂഹത്തിന്റെ മുഖ്യധാരയിൽ കൊണ്ടുവരുന്നതിന് കേന്ദ്ര സാമൂഹ്യനീതി മന്ത്രാലയത്തിന്റെ ധനസഹായത്തോടെ വികലാംഗർക്ക് ആവശ്യമായ ആധുനികവും ശാസ്ത്രീയവും നിലവാരമുള്ളതുമായ സഹായ ഉപകരണങ്ങൾ നൽകുന്നതിനും അവരെ സഹായിക്കുന്നതിനുമായി നടപ്പിലാക്കിവരുന്ന പദ്ധതിയാണ് എ.ഡി.ഐ.പി. പ്രതിമാസം 6,500 /- രൂപവരെ വരുമാനമുള്ള വികലാംഗർക്ക് 6000/-

രൂപവരെ വിലവരുന്ന സഹായ ഉപകരണങ്ങൾ സൗജന്യമായി ഈ പദ്ധതി പ്രകാരം നൽകുന്നു. 6,500/- രൂപയ്ക്കു മുകളിൽ 10,000/- രൂപവരെ പ്രതിമാസ വരുമാനമുള്ള വികലാംഗർക്ക് 6000/- രൂപവരെ വിലയുള്ള സഹായ ഉപകരണങ്ങൾ 50% വിലകുറവിൽ നൽകുന്നു.

1. <u>കോർപ്പറേഷന്റെ ഓഫീസുകൾ</u>

| | | |
|---|---|---|
| 1 | ഹെഡ്ഢാഫീസ്, പൂജപ്പുര തിരുവനന്തപുരം-12 | 0471-2347768 |
| 2 | റീജിയണൽ ഓഫീസ്, കോസ്റ്റ് ഗാർഡിനെതിർവശം, ഫോർട്ട് കൊച്ചി, കൊച്ചി-1, എറണാകുളം | 0484-2116880 |
| 3 | കോഴിക്കോട് | |

## <u>കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ (KSFDC)</u>

സ്ത്രീകളുടെ ക്ഷേമത്തിനും വികസനത്തിനും ഉതകുന്ന പദ്ധതികളുടെ രൂപീകരണവും നിർവ്വഹണവും ലക്ഷ്യമിട്ട് രൂപീകരിക്കപ്പെട്ട സ്ഥാപനമാണ് കേരള സംസ്ഥാന വനിത വികസന കോർപ്പറേഷൻ. ദേശീയ കോർപ്പറേഷനുകളായ എൻ.എസ്.ഇഫ്.ഡി.സി., എൻ.എസ്.റ്റി.എഫ്.ഡി.സി., എൻ.ബി.സി.എഫ്.ഡി.സി., എൻ.എം.ഡി.എഫ്.സി., എൻ.എച്ച്.എഫ്.ഡി.സി. തുടങ്ങിയവയുടെ പദ്ധതികളുടെ സംസ്ഥാനതല നിർവ്വഹണം നടത്തുന്നത് കേരള സംസ്ഥാന വനിത വികസന കോർപ്പറേഷനിലൂടെയാണ്. കേരളത്തിലെ സ്ത്രീകളുടെ സാമൂഹികവും സാമ്പത്തികവുമായ പിന്നോക്കാവസ്ഥയെ ആസൂത്രിതമായ പദ്ധതികളിലൂടെ മാറ്റി എടുക്കുന്നതിനും കേരളീയ സ്ത്രീകളുടെ സമഗ്രവികസനം സാധ്യമാക്കുന്നതിനുമായി സംസ്ഥാന സാമൂഹ്യ നീതി വകുപ്പിന്റെ കീഴിൽ 1988-ൽ രൂപികൃതമായ പൊതു മേഖലാ സ്ഥാപനമാണ് കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ.

ബസന്ത്, ടി.സി.20/2170,
മൻമോഹൻ ബംഗ്ലാവിന് എതിർവശം,
കവടിയാർ, പി.ഒ. തിരുവനന്തപുരം-3
ഫോൺ : 0471-2727668, 9496015015, 9496015016
ഫാക്സ് :0471-2316006
ഇ-മെയിൽ : head@kswdc.org
വെബ്സൈറ്റ് : www.kswdc.org

## <u>വനിതാവികസന കോർപ്പറേഷൻ മുഖേന നടപ്പാക്കുന്ന പദ്ധതികൾ</u>

### <u>വായ്പ പദ്ധതികൾ</u>

വനിതകൾക്കുള്ള വിവിധതരം വായ്പ പദ്ധതികൾ കോർപ്പറേഷന്റെ പ്രവർത്തനങ്ങളിലെ മുഖ്യ ഇനമാണ് 3% മുതൽ 6% വരെ കുറഞ്ഞ പലിശ നിരക്കിൽ വായ്പ ലഭ്യമാക്കുന്നു എന്നതാണ് കോർപ്പറേഷന്റെ വായ്പ പദ്ധതികളുടെ സവിശേഷത. 18 നും 55 നും മദ്ധ്യേ

പ്രായമുള്ള വനിതകൾക്ക്, സർക്കാർ ഉദ്യോഗസ്ഥരുടെ ജാമ്യമോ സ്ഥലത്തിന്റെ ഈടോ അടിസ്ഥാനമാക്കി വായ്പ അനുവദിക്കുന്നു. നഗരപ്രദേശങ്ങളിൽ 1,03,000 രൂപയും ഗ്രാമ പ്രദേശങ്ങളിൽ 81,000 രൂപയുമാണ് അപേക്ഷകരുടെ കുടുംബ വാർഷിക വരുമാന പരിധി.

a) സ്വയംതൊഴിൽ വായ്പ

- ദേശീയ ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷന്റെ (NMDFC) സഹായത്തോടെ ന്യൂനപക്ഷ വിഭാഗങ്ങൾക്കുള്ള വായ്പാ പദ്ധതി. പരമാവധി അനുവദിക്കുന്ന തുക 3 ലക്ഷം രൂപവരേയും ദേശീയ ഏജൻസിയുടെ പ്രത്യേക അനുമതിയോടെ 10 ലക്ഷം രൂപവരേയും.
- ദേശീയ പിന്നോക്ക വിഭാഗ ധനകാര്യ വികസന കോർപ്പറേഷന്റെ (NBCFDC) സഹായത്തോടെ പിന്നോക്ക വിഭാഗങ്ങൾക്കുള്ള വായ്പാ പദ്ധതി. പരമാവധി അനുവദിക്കുന്ന തുക 2 ലക്ഷം രൂപവരേയും ദേശീയ ഏജൻസിയുടെ പ്രത്യേക അനുമതിയോടെ 10 ലക്ഷം രൂപവരേയും.
- ദേശീയ പട്ടികജാതി വികസന ധനകാര്യ കോർപ്പറേഷന്റെ (NSFDC) സഹായത്തോടെ പട്ടികജാതി വിഭാഗങ്ങൾക്കുള്ള വായ്പ പദ്ധതി. പരമാവധി അനുവദിക്കുന്ന തുക 3 ലക്ഷം രൂപവരേയും ദേശീയ ഏജൻസിയുടെ പ്രത്യേക അനുമതിയോടെ 10 ലക്ഷം രൂപവരേയും.
- സംസ്ഥാന സർക്കാരിന്റെ ഫണ്ടുപയോഗിച്ച് മുന്നോക്ക വിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വനിതകൾക്കുള്ള വായ്പ പദ്ധതി.

b) മൈക്രോ ഫിനാൻസ് പദ്ധതി

ചെറുകിട തൊഴിൽ സംരംഭങ്ങൾ തുടങ്ങുന്നതിനായി 75% മെങ്കിലും ന്യൂനപക്ഷ/പിന്നോക്ക/പട്ടികജാതി വിഭാഗത്തിലെ വനിതകളുൾപ്പെടുന്ന സ്വയം സഹായസംഘങ്ങൾ (SHG) ക്ക് വായ്പകൾ നൽകുന്നു. ഒരു സംഘത്തിൽ ചുരുങ്ങിയത് 10 അംഗങ്ങളും പരമാവധി 20 പേർ എന്നതാണ് വ്യവസ്ഥ. ഒരാൾക്ക് പരമാവധി 50000 രൂപവരെയുള്ള വായ്പ എന്ന നിരക്കിൽ അപേക്ഷിക്കാവുന്നതാണ്.

c) വിദ്യാഭ്യാസ വായ്പ പദ്ധതി

പിന്നോക്ക/ന്യൂനപക്ഷ വിഭാഗത്തിലെ പ്രൊഫഷണൽ കോഴ്സുകളിൽ Job Oriented Degree Course അഡ്മിഷൻ നേടിയിരിക്കുന്ന വിദ്യാർത്ഥികൾക്കുള്ള വായ്പ പദ്ധതി. വികലാംഗർക്കും യുദ്ധത്തിൽ മരിച്ച ഭടന്മാരുടെ ആശ്രിതർക്കും മുൻഗണന. ഇന്ത്യയ്ക്കകത്ത് പരമാവധി 10 ലക്ഷം രൂപവരേയും വിദേശ പഠനത്തിന് പരമാവധി 20 ലക്ഷം രൂപവരേയും ദേശീയ ഏജൻസികളുടെ പ്രത്യേക അനുമതിയോടെ നൽകുന്നതാണ്.

- വർക്കിംഗ് വിമെൻസ് ഹോസ്റ്റലുകൾ

നഗര പ്രദേശങ്ങളിൽ ജോലി ചെയ്യുന്ന വനിതാ ഉദ്യോഗസ്ഥർക്ക് കുറഞ്ഞ നിരക്കിൽ സുരക്ഷിതമായ താമസസൗകര്യം ലഭ്യമാക്കുന്നതിന് തിരുവനന്തപുരം, കടവന്ത്ര, കാക്കനാട്, മഞ്ചേരി, തിരൂർ, വയനാട്,കണ്ണൂർ എന്നിവിടങ്ങളിലായി കോർപ്പറേഷൻ വർക്കിംഗ് വിമൻസ് ഹോസ്റ്റലുകൾ നടത്തിവരുന്നു.

കേന്ദ്ര സർക്കാരിന്റെ ധന സഹായത്തോടെ ഹോസ്റ്റൽ നടത്തുന്നതിന് സന്നദ്ധ സംഘടനകൾക്ക് കോർപ്പറേഷൻ മുഖേന അപേക്ഷിക്കാം. ഈ പദ്ധതിയുടെ സംസ്ഥാനതല നോഡൽ ഏജൻസിയുമാണ് കോർപ്പറേഷൻ. ഹോസ്റ്റൽ പണിയുന്നതിനു സ്ഥലം വാങ്ങാൻ 50% വരെയും കെട്ടിടം പണിയാൻ 75% വരെയും ധന സഹായം കേന്ദ്ര സർക്കാരിൽ നിന്നും ലഭിക്കുന്നതാണ്.

- ബോധവൽക്കരണ പദ്ധതികൾ

  സ്ത്രീകൾ നേരിടേണ്ടി വരുന്ന സാമൂഹിക പ്രശ്നങ്ങളേയും അവയ്ക്കുള്ള പരിഹാര മാർഗ്ഗങ്ങളേയും സംബന്ധിച്ച് ബോധവൽക്കരണ ക്യാമ്പുകളും സെമിനാറുകളും അതാത് രംഗത്ത് പ്രവർത്തിക്കുന്ന വിവിധ ഏജൻസികളുടെയും സന്നദ്ധ സംഘടനകളുടേയും സഹകരണത്തോടെ നടപ്പിലാക്കുന്നു.

- സ്റ്റെപ്പ് പദ്ധതി

  കേന്ദ്ര സർക്കാരിന്റെ സ്റ്റെപ്പ് പദ്ധതി പ്രകാരം വനിതകൾക്ക് തൊഴിൽ പരിശീലനം നൽകാനും തൊഴിലിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനും ഗ്രാന്റ്-ഇൻ-എയ്ഡ് നൽകുന്നു. വരുമാന സാധ്യതയുള്ള ഏത് പദ്ധതിക്കും ധനസഹായം നൽകുന്നു. ഈ പദ്ധതിയുടെ സംസ്ഥാനതല നോഡൽ ഏജൻസിയാണ് വനിതാ വികസന കോർപ്പറേഷൻ. വനിതാ ശാക്തീകരണ പരിപാടികളിൽ മൂന്ന് വർഷത്തിലേറെ പരിചയമുള്ള സന്നദ്ധ സംഘടനകളാണ് ഇപ്രകാരമുള്ള ധനസഹായത്തിനു അപേക്ഷ നൽകേണ്ടത്.

- തൊഴിൽ പരിശീലനം

  വനിതകൾക്ക് അനുയോജ്യമായ തൊഴിൽ മേഖലകളിൽ തൊഴിലധിഷ്ഠിത പരിശീലനം നൽകിവരുന്നു.

- ഫ്ളാഗ്ഷിപ്പ് പ്രോഗ്രാം ഓൺ ഫിനിഷിംഗ് സ്ക്കൂൾ

- ആശയ വിനിമയം, വ്യക്തിത്വ വികസനം, സാങ്കേതിക തൊഴിൽനൈപുണ്യം എന്നിവ മെച്ചപ്പെടുത്തി തൊഴിൽ രംഗത്ത് സ്ത്രീകളുടെ അവസരം വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതിയാണ് ഫ്ളാഗ്ഷിപ്പ് പ്രോഗ്രാം ഓൺ ഫിനിഷിംഗ് സ്ക്കൂൾ ആന്റ് എംപ്ളോയ്മെന്റ് എന്ന പേരിൽ നടപ്പാക്കിവരുന്നത്. ഫിനിഷിംഗ് സ്ക്കൂൾ പദ്ധതിയുടെ ഭാഗമായി തിരുവനന്തപുരത്ത് കൈമനത്തും, കണ്ണൂരിലെ പിലാത്തറയിലും റീച്ച് എന്ന പേരിൽ പരിശീലന കേന്ദ്രം പ്രവർത്തിച്ചു വരുന്നു.

  അഭ്യസ്ഥവിദ്യരായ പെൺകുട്ടികൾക്ക് ഉയർന്ന ജോലി നേടുന്നതിനാവശ്യമായ പരിശീലനം നൽകുകയാണിവിടെ ചെയ്യുന്നത്. തികച്ചും അന്താരാഷ്ട്ര നിലവാരത്തിൽ സജ്ജമാക്കിയിട്ടുള്ള ഈ പരിശീലന കേന്ദ്രത്തിന് ഇതിനോടകം തന്നെ ഐ.എസ്.ഒ സർട്ടിഫിക്കേഷൻ ലഭിച്ചിട്ടുള്ളതാണ്. ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള ഭവനങ്ങളിലെ പെൺകുട്ടികൾക്ക് തികച്ചും സൗജന്യമായും അല്ലാത്തവർക്ക് തുച്ഛമായ ഫീസ് നൽകിയും പരിശീലനം നേടാവുന്നതാണ്

- ഫ്ളാഗ്ഷിപ്പ് പ്രോഗ്രാം ഓൺ ജെൻഡർ അവയർനസ്

  സ്ത്രീകൾ നേരിടുന്ന പ്രശ്നങ്ങളും അവയുടെ പരിഹാരങ്ങളും ചർച്ചചെയ്യുന്നതിനും ഈ വിഷയങ്ങളിലേക്ക് യുവജനങ്ങളുടെ ശ്രദ്ധ കൂടുതലായി

ക്ഷണിക്കുന്നതിനുംവേണ്ടി കേരളത്തിലെ തെരഞ്ഞെടുക്കപ്പെട്ട 40 കോളേജുകളിൽ വിമെൻസ് സെൽ മുഖേന വിവിധ ജെൻഡർ അവയർനെസ് പരിപാടികൾ നടത്തി വരുന്നു. കൂടാതെ സ്ത്രീകളുടെ സംരക്ഷണം ഉറപ്പാക്കുന്നതിന് തെരഞ്ഞെടുക്കപ്പെട്ട സ്ക്കൂൾ മുഖേന സെൽഫ് ഡിഫെൻസ് പരിശീലനവും നടത്തി വരുന്നു.

- ഷീ ടോയ്‌ലറ്റ്

സംസ്ഥാന സർക്കാരിന്റെ പ്ലാൻ ഫണ്ട് ഉപയോഗിച്ച് തിരുവനന്തപുരം ജില്ലയിൽ 23 ഷീ ടോയ്‌ലറ്റുകൾ സ്ഥാപിച്ചിട്ടുണ്ട്. മറ്റ് ജില്ലകളിലെ പ്രധാനകേന്ദ്രങ്ങളിൽ പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനം നടന്നുവരുന്നു.

**കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ**

ബസന്ത്, ടി.സി 20/2170, മൻമോഹൻ ബംഗ്ലാവിന് എതിർവശം, കവടിയാർ പി.ഒ, തിരുവനന്തപുരം, ഫോൺ : 0471 2727668, 2727669, ഫാക്സ് : 0471 2316006

Email: head @kswdc.org. Web: www.kswdc.org.

**മേഖലാ ഓഫീസുകൾ**

തിരുവനന്തപുരം

സണ്ണിഡേൽ മീഡ്സ് ലെയ്ൻ, യൂണിവേഴ്സിറ്റി .ജി.ഒ, പാളയം, തിരുവനന്തപുരം ഫോൺ : 0471 2328257, 9496015006

**എറണാകുളം**

ലിയോൺസ് അപ്പാർട്ട്മെന്റ്, 41/4104 –എ, സരിതാ തീയറ്ററിനു എതിർവശം, ബനാർജി റോഡ്, എറണാകുളം, കൊച്ചി –18

ഫോൺ : 0484 2394932, 9896015008

**കോഴിക്കോട്**

2–ാം നില, നിർമ്മൽ ആർക്കേഡ്, മിനി ബൈപ്പാസ് റോഡ്, ജില്ലാ സഹകരണ ആശുപത്രിക്ക് സമീപം, പരഞ്ഞിപ്പാലം, കോഴിക്കോട്

ഫോൺ : 0495 2766454, 9596015010

**ജില്ലാ ഓഫീസുകൾ**

എം. എം. ബിൽഡിംഗ്സ്, ഇരുമ്പുപാലം, കല്ലുപാലം.പി.ഒ, ആലപ്പുഴ
ഫോൺ : 0477 2565096, 9496015012

ഒന്നാംനില, മുൻസിപ്പൽ ഡോർ നം. 15/608 താലൂക്ക് ഓഫീസിന് സമീപം, **കോട്ടയം.**
ഫോൺ : 0481 2565096, 9496015011

വാരിയത്ത് പ്ലാസ, ഒന്നാം നില, മാരാർ റോഡ്, **തൃശൂർ**
ഫോൺ : 0487 2424593, 9496015013

എൻ.എ.എം.കോംപ്ലക്സ്, പള്ളിക്കുന്ന്, **കണ്ണൂർ**
ഫോൺ : 0497 2701399, 9496015014

## ഹോസ്റ്റലുകൾ

| | |
|---|---|
| കൈമനം, തിരുവനന്തപുരം, | ഫോൺ : 0471–249600 |
| ശ്രീകണ്ഠേശ്വരം, തിരുവനന്തപുരം, | ഫോൺ : 9744348980 |
| കടവന്ത്ര, എറണാകുളം | ഫോൺ : 0484–2204773 |
| കാക്കനാട്, എറണാകുളം | ഫോൺ : 0484–2423858 |
| മഞ്ചേരി, മലപ്പുറം | ഫോൺ : 0483–2777050 |
| തിരൂർ, മലപ്പുറം | ഫോൺ : 0494–2426833 |
| മാനന്തവാടി | ഫോൺ : 0493–5240150 |
| കണ്ണൂർ | ഫോൺ : 0497–2712077 |

റീച്ച്
ടി സി 55/1549, കൈമനം പി.ഒ
തിരുവനന്തപുരം –695040
(എൻ.എച്ച്)
കേരള
ഫോൺ: 0471 24944445, Mob : 9496015051
email: Info@reach.org.in

റീച്ച്
പീരിക്കാംതടം
പിലാത്തറ .പി.ഒ
കണ്ണൂർ –670501
ഫോൺ: 0497–2800572
email:
kannur@reach.org.in

## സ്റ്റേറ്റ് കമ്മീഷണറേറ്റ് ഫോർ പേഴ്സൺസ് വിത്ത് ഡിസബിലിറ്റീസ്

കേരളത്തിലെ അംഗ പരിമിതരുടെ സമ്പൂർണ്ണ പുനരധിവാസം ഉറപ്പാക്കാനും, അവരുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനുമായി 1995–ലെ കേന്ദ്ര വികലാംഗ നിയമം അനുസരിച്ച് രൂപീകൃതമായ സ്ഥാപനമാണ് സംസ്ഥാന വികലാംഗ കമ്മീഷണറേറ്റ്. സംസ്ഥാന വികലാംഗ കമ്മീഷണറേറ്റ് 1999 മുതൽ പ്രവർത്തനം ആരംഭിച്ചു.

കമ്മീഷണർ, കമ്മീഷണറേറ്റ് ഫോർ പേഴ്സൺസ് വിത്ത് ഡിസബലിറ്റീസ്,
പൂജപ്പുര, വൊക്കേഷണൽ ട്രെയിനിംഗ് സെന്ററിന്റെ ഒന്നാം നില,
തിരുവനന്തപുരം 695012.
ഫോൺ : 0471–
ഫാക്സ് 0471–

കമ്മീഷണറുടെ പ്രധാന പ്രവർത്തനങ്ങൾ

1. വിവിധ വകുപ്പുകൾ മുഖേന അംഗപരിമിതരുടെ ക്ഷേമത്തിനായി സർക്കാർ നടപ്പാക്കി വരുന്ന ക്ഷേമ പദ്ധതികൾ ഏകോപിപ്പിക്കുക.
2. അംഗപരിമിതരുടെ പരാതികൾ കേട്ട് തീർപ്പു കൽപ്പിക്കുക.
3. അംഗപരിമിതരുടെ അവകാശങ്ങൾ അനർഹരായവർ കവർന്നെടുക്കുന്നില്ലായെന്ന് ഉറപ്പുവരുത്തുക.
4. അംഗപരിമിതർക്കായുള്ള സേവന പദ്ധതികൾ കാര്യക്ഷമമാക്കുക.

5. അംഗപരിമിതർക്ക് നിയമബോധവൽക്കരണം നടത്തുക.
6. അംഗപരിമിതരുടെ തൊഴിൽ സംവരണം ഉറപ്പാക്കുക.
7. അംഗപരിമിതർക്കുവേണ്ടി ആരോഗ്യക്യാമ്പുകൾ സംഘടിപ്പിക്കുകയും അവർക്ക് ആവശ്യമായ സഹായ ഉപകരണങ്ങൾ നൽകുകയും ചെയ്യുക.
8. വികലാംഗർക്കുള്ള സ്ഥാപനങ്ങളിൽ പരിശോധന നടത്തുക.
9. ഗവേഷണം, ബോധവൽക്കരണ ക്യാമ്പുകൾ, സെമിനാറുകൾ എന്നിവ സംഘടിപ്പിക്കുക.

## വിഭിന്ന ശേഷിയുള്ളവർക്കുള്ള സഹായ സംവിധാനങ്ങൾ അവകാശ സംരക്ഷണ നിയമങ്ങൾ, ഇളവുകൾ

തുല്യമായ അവകാശങ്ങളാണ് ഇന്ത്യയുടെ ഭരണഘടന എല്ലാ പൗരൻമാർക്കും വാഗ്ദാനം ചെയ്യുന്നത്. മത, ജാതി, ലിംഗ വ്യത്യാസങ്ങളെയോ ശാരീരികവും മാനസികവുമായ പരിമിതികളെയോ പരിഗണിക്കാതെ എല്ലാവരെയും തുല്യമായി കാണാനാണ് അത് സമൂഹത്തോട് ആവശ്യപ്പെടുന്നത്. ഭരണഘടനയുടെ 45-ാം ഖണ്ഡിക പതിനാലു വയസിനു താഴെയുള്ള എല്ലാ കുട്ടികൾക്കും (മാനസികവും ശാരീരികവുമായ പരിമിതികൾ അനുഭവിക്കുന്നവർ ഉൾപ്പെടെ) നിർബന്ധിതവും സൗജന്യവുമായ വിദ്യാഭ്യാസം ഉറപ്പു നൽകുന്നു. വികലാംഗരായ വ്യക്തികളുടെ അവകാശ സംരക്ഷണത്തിനു വേണ്ടിയുള്ള പ്രധാന നിയമങ്ങൾ ഇവയാണ്.

### 1. മെന്റൽ ഹെൽത്ത് ആക്ട്, 1987

മാനസിക അസുഖമുള്ളവരുടെ (മെന്റലി ഇൽ) അവകാശ സംരക്ഷണത്തിനു വേണ്ടിയുള്ള നിയമമാണിത്. അവരുടെ ചികിത്സയും പരിചരണവും ഉറപ്പു വരുത്തുക, സ്വത്തിന് സംരക്ഷണം നൽകുക തുടങ്ങിയ കാര്യങ്ങളുമായി ഈ നിയമം ബന്ധപ്പെടുന്നു.

### 2. റിഹാബിലിറ്റേഷൻ കൗൺസിൽ ഓഫ് ഇന്ത്യ ആക്ട്, 1992

വികലാംഗപുനരധിവാസരംഗത്തുള്ള സ്ഥാപനങ്ങൾ, വിദഗ്ദർ, പരിശീലനങ്ങൾ, വ്യക്തികൾ തുടങ്ങിയ വിഷയങ്ങൾ ഇതിന്റെ പരിധിയിൽ വരുന്നു.

### 3. പി. ഡബ്ല്യു.ഡി. ആക്ട്, 1995 The Person with disabilities (Equal opportunities, Protection of Rights and full participation) Act 1995

വികലാംഗരായ വ്യക്തികൾക്ക് നിയമപ്രകാരം ലഭിക്കേണ്ട വിദ്യാഭ്യാസം, ആനുകൂല്യങ്ങൾ, ജോലിസംവരണം, നിയമസംരക്ഷണം തുടങ്ങിയവ നഷ്ടപ്പെടാതിരിക്കാൻ ഫലപ്രദമായ നിയമ നടപടികളും നിയമം തെറ്റിക്കുന്നവർക്കെതിരെ കനത്ത ശിക്ഷാ നടപടികളും ഇന്ത്യൻ പാർലമെന്റ് പാസാക്കിയ പി .ഡബ്ല്യൂ.ഡി. ആക്ടിൽ ഉൾപ്പെട്ടിരിക്കുന്നു.

40 ശതമാനമെങ്കിലും വൈകല്യമുണ്ടെന്ന് മെഡിക്കൽ ബോർഡ് സാക്ഷ്യപ്പെടുത്തുന്ന താഴെ വിവരിക്കുന്ന വിഭാഗങ്ങളിൽപ്പെടുന്നവരാണ് ഈ ആക്ട് പ്രകാരം വൈകല്യമുള്ള വ്യക്തികൾ.

1. പൂർണ്ണമായ കാഴ്ചക്കുറവ് (ബ്ലൈൻഡ്നസ്)
2. ഭാഗികമായ കാഴ്ചക്കുറവ് (ലോ വിഷൻ)
3. ഭേദമായ കുഷ്ഠരോഗം
4. കേൾവിക്കുറവ്
5. സഞ്ചരിക്കാനുള്ള കഴിവില്ലായ്മ (ശാരീരിക വൈകല്യം)
6. ബുദ്ധിമാന്ദ്യം
7. മാനസികരോഗം

പി .ഡബ്ല്യൂ.ഡി. ആക്ടിന്റെ അഞ്ചാമദ്ധ്യായം വൈകല്യമുള്ള ഓരോ കുട്ടിക്കും 18 വയസു പൂർത്തിയാകുന്നതു വരെ അനുയോജ്യമായ സാഹചര്യത്തിൽ സൗജന്യ വിദ്യാഭ്യാസം ഉറപ്പുവരുത്തേണ്ടത് ബന്ധപ്പെട്ട സർക്കാരിന്റെ ഉത്തരവാദിത്വമായി കണക്കാക്കിയിരിക്കുന്നു. ഇൻക്ലൂസീവ് വിദ്യാഭ്യാസത്തിന് (കുട്ടിയുടെ വീടിന് തൊട്ടടുത്തുള്ള സാധാരണസ്കൂളിൽ പഠിക്കുന്നതിനുള്ള അവകാശത്തിന്) നിയമപരമായ പിൻബലം പി .ഡബ്ല്യൂ.ഡി. ആക്ട് നൽകുന്നു. കേന്ദ്ര, സംസ്ഥാനതലങ്ങളിൽ കോ-ഓർഡിനേഷൻ കമ്മിറ്റികളും എക്സിക്യൂട്ടീവ് കമ്മിറ്റികളും അവയുടെ ചുമതലകൾ വഹിക്കാൻ കമ്മീഷണർമാരും ഈ നിയമപ്രകാരം നിലവിൽ വന്നു.

കേന്ദ്ര സർക്കാരിനു കീഴിൽ വികലാംഗർക്കു വേണ്ടി ചീഫ് കമ്മീഷണറും സംസ്ഥാനങ്ങളിൽ കമ്മീഷണർമാരുമുണ്ട്. എല്ലാ ജില്ലാ കളക്ടർമാരും അസിസ്റ്റന്റ് കമ്മീഷണർമാരാണ്. അംഗവൈകല്യം സംഭവിച്ചവർക്ക് അവകാശനിഷേധം, നിയമനിഷേധം, സർക്കാരോ സ്വയം ഭരണസ്ഥാപനങ്ങളോ നൽകുന്ന നിർദ്ദേശങ്ങളോ ഉത്തരവുകളോ നടപ്പിലാക്കാതിരിക്കുക തുടങ്ങിയ കാര്യങ്ങളുമായി ബന്ധപ്പെട്ട പരാതികളിന്മേൽ ചീഫ് കമ്മീഷണർക്കും, സംസ്ഥാനതല കമ്മീഷണർമാർക്കും നടപടികൾ കൈക്കൊള്ളാവുന്നതാണ്. 1998 ലെ സിവിൽ പ്രൊസീജിയർ കോഡ് പ്രകാരം മുഖ്യ കമ്മീഷണർക്കും കമ്മീഷണർമാർക്കും സാക്ഷികളെ വിളിച്ച് സത്യവാങ്മൂലങ്ങളുടെ അടിസ്ഥാനത്തിൽ തെളിവുകൾ സ്വീകരിക്കുന്നതിന് ഒരു കോടതിയുടെ അധികാരങ്ങൾ തന്നെയാണുള്ളത്.

പരാതികൾ ഉണ്ടായാൽ താഴെ പറയുന്ന വിലാസത്തിൽ ബന്ധപ്പെടേണ്ടാണ്.

***<u>വിലാസം</u>* :**

**വികലാംഗർക്ക് വേണ്ടിയുള്ള സംസ്ഥാന കമ്മീഷണർ,**
**വൊക്കേഷണൽ ട്രെയിനിംഗ് സെന്റർ, ഒന്നാം നില**
**സാമൂഹ്യനീതി വകുപ്പ് ഇൻസ്റ്റിറ്റ്യൂഷൻ കോംപ്ലക്സ്,**
**പൂജപ്പുര, തിരുവനന്തപുരം.**

ശാരീരികവും മാനസികവുമായ വെല്ലുവിളികൾ നേരിടുന്നവർക്കായി വിവിധ നിയമ സംരക്ഷണങ്ങളും അവകാശങ്ങളും ഇളവുകളും നിലവിലുണ്ട്. വേണ്ടത്ര ധാരണയില്ലാത്തതിനാലും നടപടിക്രമങ്ങൾ അറിയാത്തതുകൊണ്ടും വളരെ ചുരുക്കം പേർക്കു മാത്രമേ ഇത്തരം ആനുകൂല്യങ്ങൾ ലഭ്യമാവുന്നുള്ളൂ.

## <u>ഡിസെബിലിറ്റി സർട്ടിഫിക്കറ്റ്</u>

കേന്ദ്ര സംസ്ഥാന സർക്കാരുകളിൽ നിന്നും അർദ്ധ സർക്കാർ പൊതു മേഖലാ സ്ഥാപനങ്ങളിൽ നിന്നും അംഗപരിമിതർക്ക് ലഭിക്കേണ്ട ആനുകൂല്യങ്ങൾക്ക് തിരിച്ചറിയൽ കാർഡ് നിർബന്ധമാക്കിയിട്ടുണ്ട്. കേരള സാമൂഹ്യ സുരക്ഷാമിഷൻ പ്രാദേശിക തലത്തിൽ വൈകല്യ നിർണ്ണയ മെഡിക്കൽ സർട്ടിഫിക്കേഷൻ ക്യാമ്പുകൾ സംഘടിപ്പിച്ച് തിരിച്ചറിയൽ കാർഡും മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റും വിതരണം ചെയ്തു വരുന്നു.

## വിദ്യാഭ്യാസം

പ്രത്യേക ആവശ്യങ്ങളുള്ള കുട്ടികൾക്ക് വിദ്യാലയപ്രവേശനം ഉറപ്പാക്കാനും അവർക്ക് അനുയോജ്യമായ രീതിയിൽ വിദ്യാലയപ്രവർത്തനം ലഭ്യമാക്കാനും ധാരാളം ഇളവുകൾ സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ നൽകുന്നു.

1. **സ്കൂൾ പ്രവേശനം**
   പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്ക് സാധാരണ സ്കൂളുകളിൽ അഡ്മിഷൻ നിഷേധിക്കാൻ പാടില്ല (സർക്കുലർ No. IED 67996/98DPI/Tvpm dated 16/12/1998).
2. ഒന്നു മുതൽ എട്ടു വരെ ക്ലാസ്സുകളിൽ ബി.ആർ.സി.മുഖേന സർവ്വശിക്ഷാ അഭിയാനും ഒൻപതുമുതൽ പന്ത്രണ്ടു വരെ ക്ലാസുകളിലേക്ക് പൊതുവിദ്യാഭ്യാസ വകുപ്പ് നേരിട്ടും റിസോഴ്സ് അധ്യാപകരെ നിയമിച്ചിട്ടുണ്ട്. പൊതു വിദ്യാലയങ്ങളിൽ സാധാരണ കുട്ടികളോടൊപ്പം പഠിക്കുന്ന പ്രത്യേക ആവശ്യങ്ങളുള്ള കുട്ടികൾക്ക് പഠനപ്രവർത്തനങ്ങൾ നൽകുമ്പോൾ എന്തെല്ലാം അധിക പ്രവർത്തനങ്ങളും അനുരൂപീകരണങ്ങളും ഉൾപ്പെടുത്തണമെന്ന ധാരണ അധ്യാപകർക്കു നൽകലും അവരെ അതിനു സഹായിക്കലുമാണ് റിസോഴ്സ് അധ്യാപരുടെ പ്രധാന ചുമതല. കൂടാതെ കുട്ടികൾക്കു ലഭിക്കേണ്ട എല്ലാതരം ആനുകൂല്യങ്ങളും ലഭ്യമാക്കേണ്ടതും രക്ഷിതാക്കൾക്ക് അവരുടെ കുട്ടികൾക്ക് ലഭിക്കേണ്ട സേവനങ്ങളെക്കുറിച്ചും ധാരണ നൽകേണ്ടതും റിസോഴ്സ് അധ്യാപകരുടെ ചുമതലയാണ്.
3. **ബഹുഭാഷങ്ങൾ പഠിക്കുന്നതിൽ ഇളവുകൾ (കേൾവിക്കുറവ്, ബുദ്ധിമാന്ദ്യം, പഠനവൈകല്യം)**
   - G.O (MS)135/88 G.Edn.dated 1/09/88 Tvm ഉത്തരവ്, ശ്രവണവൈകല്യമുള്ളവർക്ക് ഒന്നാം ഭാഷയായ മലയാളം മാത്രം പഠിച്ചാൽ മതിയെന്നും കുട്ടി ആഗ്രഹിക്കുന്നുവെങ്കിൽ അവരെ രണ്ടും മൂന്നും ഭാഷകളിൽ നിന്നും ഒഴിവാക്കിയിട്ടുണ്ടെന്നും വ്യക്തമാക്കുന്നു.

     **എസ്.എസ്.എൽ.സി. പരീക്ഷ എഴുതുമ്പോൾ**

     പരീക്ഷയെഴുതുന്ന പ്രത്യേക ആവശ്യങ്ങൾ ഉള്ള കുട്ടികൾക്ക് ഓരോ വിഭാഗത്തിലും പ്രത്യേകം ഇളവുകൾ ലഭ്യമാണ്. അപഗ്രഥനശേഷി ആവശ്യമുള്ള ചോദ്യങ്ങൾക്ക് ഉത്തരം എഴുതുന്നതിൽ ഇളവുണ്ട്. ഓരോ വിഭാഗത്തിനും ലഭ്യമാകുന്ന ഇളവുകൾ താഴെ കൊടുക്കുന്നു.

**(a) കാഴ്ചക്കുറവുള്ള കുട്ടികൾക്ക്**

- മണിക്കൂറിന് പത്തു മിനിറ്റ് അധിക സമയം
- ചിത്രം വര, ഗ്രാഫ് തുടങ്ങിയ ചോദ്യങ്ങൾക്ക് ഉത്തരം എഴുതേണ്ടതില്ല.
- ബ്രെയിൽ ലിപിയിൽ ഉത്തരം എഴുതാനുള്ള അനുവാദം. ബ്രെയിൽ ലിപിയിൽ ആണ് ഉത്തരം എഴുതുന്നതെങ്കിൽ മണിക്കൂറിന് പതിനഞ്ച് മിനിറ്റ് അധിക സമയം.
- എഴുതാൻ കഴിയാത്തവർക്ക് ഒരു സഹായി (Scribe) യെ ഉപയോഗപ്പെടുത്താം

- വിദ്യാർത്ഥികൾ ആഗ്രഹിക്കുന്നു എങ്കിൽ കണക്ക് വിഷയങ്ങൾ ഒഴിവാക്കുന്നതാണ്. പകരം വായ്പാട്ട്, ഉപകരണ സംഗീതം, കമ്പ്യൂട്ടർ എന്നിവയിലേതെങ്കിലും ഒന്ന് തെരഞ്ഞെടുക്കണം.

(b) കേൾവിക്കുറവുള്ള കുട്ടികൾക്ക്

- മണിക്കൂറിന് പത്തു മിനിറ്റ് അധിക സമയം
- വ്യാഖ്യാതാവിന്റെ സേവനം
- 25% ഗ്രേസ്മാർക്ക്
- മലയാളം/ഇംഗ്ലീഷ് കൂടാതെ ഹിന്ദി എന്നീ ഭാഷാവിഷയങ്ങൾ ഒഴിവാക്കാനുള്ള അനുവാദം
- മേൽപ്പറയുന്ന ഭാഷാവിഷയങ്ങൾ ഒഴിവാക്കുന്നെങ്കിൽ ഡ്രോയിംഗ് & പെയിന്റിംഗ്, കാറ്ററിംഗ്, ഹോർട്ടികൾച്ചർ, കമ്പ്യൂട്ടർ എന്നിവയിലേതെങ്കിലും തെരഞ്ഞെടുക്കേണ്ടതാണ്.

## (c) ബുദ്ധിപരമായ വെല്ലുവിളി നേരിടുന്ന കുട്ടകൾക്ക് (M.R)

- മണിക്കൂറിന് പത്തു മിനിറ്റ് അധിക സമയം
- വ്യാഖ്യാതാവ് അഥവാ എഴുതാനുള്ള സഹായിയുടെ സേവനം
- 25% ഗ്രേസ് മാർക്ക് (G.O (MS) No.61/98 G.Edn.dated 18/02/1989)
- മലയാളം/ഇംഗ്ലീഷ് കൂടാതെ ഹിന്ദി എന്നീ ഭാഷാവിഷയങ്ങൾ ഒഴിവാക്കാനുള്ള അനുവാദം. ഒഴിവാക്കുന്ന ഭാഷാവിഷയങ്ങൾക്കു പകരം ഡ്രോയിംഗ് & പെയിന്റിംഗ്, കാറ്ററിംഗ്, ഹോർട്ടികൾച്ചർ കമ്പ്യൂട്ടർ എന്നിവയിലേതെങ്കിലും തിരഞ്ഞെടുക്കേണ്ടതാണ്.
- പ്രത്യേക സാഹചര്യങ്ങളിൽ കണക്ക് പരീക്ഷയും ഒഴിവാക്കി കൊടുക്കാറുണ്ട്.

## (d) അസ്ഥിപരമായ പരിമിതികളുള്ള കുട്ടികൾക്ക്

- ആവശ്യമെങ്കിൽ എഴുതാൻ സഹായിയുടെ സേവനം
- ചിത്രം വര, ഗ്രാഫ് എന്നീ മേഖലകളിൽ നിന്നും വരുന്ന ചോദ്യങ്ങൾക്ക് ഉത്തരമെഴുതുന്നതിൽ നിന്നും ഒഴിവാക്കുന്നു (കൈ സ്വാധീനക്കുറവുള്ള വർക്കു മാത്രം)
- മണിക്കൂറിന് പത്തു മിനിറ്റ് അധിക സമയം. (കൈ സ്വാധീനക്കുറവുള്ള വർക്കു മാത്രം)
- ആവശ്യമെങ്കിൽ ഇരിപ്പിട ക്രമീകരണങ്ങൾ നൽകുന്നു.

## (e) പഠനവൈകല്യമുള്ള കുട്ടികൾക്ക്

- ഡിസ്കാൽകുലിയ, ഡിസ്ഗ്രാഫിയ, ഡിസ്‌ലെക്സിയ എന്നീ പഠനവൈകല്യമുള്ള കുട്ടികൾക്കും വിവിധ തരത്തിലുള്ള പരീക്ഷാ ഇളവുകൾ അനുവദിച്ചു വരുന്നു.

ടി.ടി.സി, കെ.ജി.ടി.ഇ., സാക്ഷരതാമിഷൻ നടത്തുന്ന തുല്യതാ പരീക്ഷ, പരീക്ഷാ ഭവൻ നടത്തുന്ന മറ്റു വിവിധ പരീക്ഷകൾ എന്നിവയ്ക്ക് മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റിന്റെയും ബന്ധപ്പെട്ട മേലധികാരികളുടെ ശുപാർശകളുടെയും അടിസ്ഥാനത്തിൽ ഒരു സഹായി (Scribe) യെ ഉപയോഗപ്പെടുത്തുക, അധിക സമയം അനുവദിച്ചു കിട്ടുക തുടങ്ങിയ പരീക്ഷാഇളവുകൾ ഇത്തരം കുട്ടികൾക്ക് ലഭ്യമാക്കാനുള്ള വ്യവസ്ഥയുണ്ട്. എല്ലാ പരീക്ഷാ ഇളവുകളും അനുവദിക്കുന്നത് പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിൽ നിന്നാണ്.

മേൽപ്പറഞ്ഞ ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റ് സഹിതം നിർദ്ദിഷ്ട അപേക്ഷാഫോറത്തിൽ വിദ്യാർത്ഥിയും രക്ഷിതാവും ഒപ്പിട്ട അപേക്ഷ സ്കൂൾ അധികാരികൾക്ക് നൽകേണ്ടതാണ്. ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ ശുപാർശ യോടെ പൊതു വിദ്യാഭ്യാസ ഡയറക്ടർക്ക് എല്ലാവർഷവും ഒക്ടോബർ 30 നകം അപേക്ഷ സമർപ്പിക്കാവുന്നതാണ്. പത്താം ക്ലാസ്സിൽ ലഭിക്കുന്ന മേൽപ്പറഞ്ഞ എല്ലാ പരീക്ഷ ആനുകൂല്യങ്ങളും താഴ്ന്ന ക്ലാസുകളിൽ പഠിക്കുന്ന കുട്ടികൾക്കും ലഭിക്കുന്നതിന് അർഹതയുണ്ട്.

**സർവ്വകലാശാല പരീക്ഷകൾ**

- കേരള സർവകലാശാല പരീക്ഷാ കൺട്രോളറുടെ EAI 1852/97 dated 20/01/1998 നമ്പർ ഉത്തരവുപ്രകാരം കേരള സർവ്വകലാശാലയുടെ പരീക്ഷകൾക്ക് ബധിരരായവർക്ക് അവർക്ക് ലഭിക്കുന്ന മാർക്കിന്റെ 25% ഗ്രേസ് മാർക്കായി ലഭിക്കും.
- എസ്.എസ്.എൽ.സി കഴിഞ്ഞ മുഴുവൻ കുട്ടികൾക്കും കേരളത്തിൽ പ്ലസ്ടു അഡ്മിഷൻ ലഭിയ്ക്കും.
- എല്ലാ ഐ.ടി.ഐ.കളിലും ഓരോ സീറ്റു വീതം പ്രത്യേക പരിഗണന അർഹിക്കുന്നവർക്കായി മാറ്റിവയ്ക്കുന്നു.

**ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ**

- ശാരീരിക വെല്ലുവിളികൾ നേരിടുന്നവർക്ക് തടസങ്ങളില്ലാതെ സഞ്ചരിക്കാൻ എല്ലാ വിദ്യാലയങ്ങളിലും റാമ്പുംറയിലും, പ്രത്യേകമായി രൂപകല്പന ചെയ്ത ടോയ്‌ലറ്റുകളും നിർമ്മിക്കാൻ വ്യവസ്ഥയുണ്ട്.
- പ്രത്യേക പരിശീലനം നൽകുന്ന റിസോഴ്സ് റൂം ഓരോ സ്കൂളിലും നിർബന്ധമായും സജ്ജീകരിക്കേണ്ടതാണ്.
- ക്ലാസ് മുറികൾ താഴെ നിലയിൽ ക്രമീകരിക്കാൻ വ്യവസ്ഥയുണ്ട്.
- സൗകര്യപ്രദമായ ഇരിപ്പിട ക്രമീകരണം.
- തീവണ്ടികളിൽ പ്രത്യേക കോച്ചുകൾ ഏർപ്പെടുത്തിയിട്ടുണ്ട്.
- സ്റ്റേഷനുകളിൽ പ്രത്യേക ടിക്കറ്റ് കൗണ്ടറുകൾ, റാമ്പുകൾ, വീൽചെയറുകൾ, ടൊയ്‌ലറ്റ് തുടങ്ങിയ സൗകര്യങ്ങൾ ഇന്ത്യൻ റെയിൽവേ ഏർപ്പെടുത്തിയിട്ടുണ്ട്.
- റിസർവേഷൻ കമ്പാർട്ടുമെന്റിൽ ബർത്തുകളും ജനറൽ കമ്പാർട്ടുമെന്റിൽ ഒരു സീറ്റും സംവരണം ചെയ്തിട്ടുണ്ട്.

**സഹായക ഉപകരണങ്ങൾ**

- സഹായക ഉപകരണങ്ങൾ ആവശ്യമുള്ള എല്ലാ കുട്ടികൾക്കും മെഡിക്കൽ വിദഗ്ദരുടെ നിർദ്ദേശാനുസരണം വിതരണം ചെയ്യുന്നു.
  (കണ്ണട, ഹിയറിംഗ് എയ്ഡ്, വീൽ ചെയറുകൾ തുടങ്ങിയ സഹായ ഉപകരണങ്ങൾ)

**ബി.ആർ.സി.യിൽ നിന്നും ലഭിക്കുന്ന സേവനങ്ങൾ**

- കുട്ടികളെ കണ്ടെത്തുന്നതിനു സർവേ
- മെഡിക്കൽ ക്യാമ്പുകൾ
- ഉപകരണങ്ങൾ ആവശ്യമുള്ളവർക്ക് സൗജന്യമായി വിതരണം ചെയ്യൽ
- പ്രീ-സ്കൂൾ അംഗനവാടി കുട്ടികൾക്ക് (0-5) പരിശീലനം.
- അധ്യാപക പരിശീലനം
- പരിഹാരബോധന ക്ലാസ്
  ക്ലാസ്റൂമിൽ നടക്കുന്ന പഠനപ്രവർത്തനങ്ങളിൽ വെല്ലുവിളികൾ നേരിടുന്ന കുട്ടികളുടെ പഠനപ്രയാസങ്ങൾ പരിഹരിക്കുന്നതിന് റിസോഴ്സ് അധ്യാപകർ നൽകുന്ന പ്രത്യേക പരിശീലനങ്ങൾ.
- **ഗൃഹകേന്ദ്രീകൃത പരിശീലന പരിപാടി**
  കടുത്ത വെല്ലുവിളികൾ നേരിടുന്നതിനാൽ സ്കൂളിൽ ചേർന്ന് പഠിക്കാൻ കഴിയാത്ത കുട്ടികൾക്ക് വീടുകളിൽ ചെന്ന് റിസോഴ്സ് അധ്യാപകർ നൽകുന്ന ചിട്ടയായ പരിശീലനം
- വിദ്യാലയങ്ങളിൽ തത്സമയ പിന്തുണാ സംവിധാനം
- സാമൂഹ്യ ബോധവത്ക്കരണ പരിപാടി
- പഠനോപകരണങ്ങളുടെ അനുരൂപീകരണം
  (ഉദാ: മാപ്പുകൾ, ഗ്ലോബുകൾ എന്നിവ കാഴ്ചക്കുറവുള്ള കുട്ടിക്ക് വ്യത്യസ്ത വസ്തുക്കൾ ഉപയോഗിച്ച് വേർതിരിച്ച് മനസ്സിലാക്കാൻ സഹായിക്കും വിധം നിർമ്മിക്കൽ)
- തൊഴിൽ പരിശീലനം
- രക്ഷിതാക്കൾക്ക് കൗൺസലിംഗ്
- കുട്ടികൾക്കുള്ള സഹവാസ ക്യാമ്പുകൾ
- സായന്തനവേദികൾ
- സർഗകൂട്ടായ്മകൾ
- പഠനയാത്രകൾ
- മെഡിക്കൽ വിദഗ്ധരുടെ നേതൃത്വത്തിലുള്ള തുടർ പരിശീലനങ്ങൾ

## *മറ്റു സേവനങ്ങൾ*

- ശാരീരിക/മാനസിക വെല്ലുവിളികൾ നേരിടുന്ന സർക്കാർ ഉദ്യോഗസ്ഥർക്ക് ഒരു വർഷം പതിനഞ്ച് സ്പെഷ്യൽ കാഷ്വൽ ലീവ് (G.O.(P) No.249/84/Fin.dated 09/05/1984, Tvm.)
- കേൾവിക്കുറവുള്ള കുട്ടികൾക്ക് എല്ലാ സർക്കാർ, എയ്ഡഡ് സ്പെഷ്യൽ സ്കൂളുകളിലും പ്രീ സ്കൂളുകൾ
- പ്രത്യേക ആവശ്യങ്ങളുള്ള കുട്ടികൾക്ക് ലഭിക്കുന്ന ആനുകൂല്യങ്ങൾക്ക് എ.പി.എൽ. പരിഗണന ഇല്ല.
- ഉദ്യോഗസ്ഥരായ രക്ഷിതാക്കൾക്ക് വീടിനടുത്തുള്ള സ്ഥാപനത്തിൽതന്നെ ജോലി ചെയ്യാനുള്ള അവകാശമുണ്ട്. (ബുദ്ധിമാന്ദ്യം സംഭവിച്ച കുട്ടികളുടെ രക്ഷിതാക്കൾക്ക്)
- കാഴ്ചക്കുറവ്, കേൾവിക്കുറവ്, ചലനവൈകല്യം എന്നിവയുള്ളവർക്ക് 3% പ്രവേശന സംവരണവും ഉദ്യോഗാർഥികൾക്ക് (എം.ആർ.ഒഴികെ) 3% തൊഴിൽ സംവരണവും ഉറപ്പു വരുത്തിയിട്ടുണ്ട്. (G.O.(P) No.50/2007/SWD.)
- കാഴ്ചക്കുറവുള്ളവർക്ക് BSNL ഫോൺ കണക്ഷന്റെ ഇൻസ്റ്റലേഷൻ ചാർജിലും പ്രതിമാസ വാടകയിലും 50% ഇളവിന് അർഹതയുണ്ട്.
- പി.ഡബ്ല്യൂ.ഡി. ആക്ട് സെക്ഷൻ 39 അനുസരിച്ച് എല്ലാ പ്രൊഫഷണൽ കോഴ്സുകൾക്കും വികലാംഗർക്ക് മൂന്നു ശതമാനം സീറ്റ് സംവരണം ചെയ്തിട്ടുണ്ട്.

## *സാമ്പത്തിക സഹായങ്ങൾ*

പ്രത്യേക ആവശ്യങ്ങളുള്ള കുട്ടികൾക്ക് സർക്കാരിൽ നിന്നും വിവിധ ഏജൻസികളിൽ നിന്നും പലതരം സാമ്പത്തിക സഹായങ്ങൾക്ക് അർഹതയുണ്ട്. പ്രധാനപ്പെട്ടവ താഴെ ചേർക്കുന്നു.

### സ്കോളർഷിപ്പുകൾ

- പുസ്തകവും സ്റ്റേഷനറിയും
- യൂണിഫോം അലവൻസ്
- യാത്രാ അലവൻസ്
- വായനസഹായിക്കുള്ള അലവൻസ്
- എസ്കോർട്ട് അലവൻസ് (ശാരീരിക വെല്ലുവിളികളുള്ള കുട്ടികൾക്കു മാത്രം)
- ഹോസ്റ്റൽ അലവൻസ്
- സഹായ ഉപകരണങ്ങളും പഠനോപകരണങ്ങളും വാങ്ങുന്നതിന്.
  സംയോജിത വിദ്യാഭ്യാസ പദ്ധതിപ്രകാരമുള്ള ഈ സഹായങ്ങൾ ഡി.പി.ഐ.യുടെ ഐ.ഇ.ഡി. സെല്ലിൽ നിന്നും, ഒന്നു മുതൽ പത്തു വരെ ക്ലാസിലെ കുട്ടികളുടേത് എ.ൻ.ഒ., ഡി.ഇ.ഒ. മുഖേനയും പ്ലസ്ടു വിഭാഗത്തിന്റേത് ഹയർ സെക്കൻഡറി റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ മുഖേനയും വി.എച്ച്.എസ്.ഇ.യിലെ കുട്ടികളുടേത്

അസിസ്റ്റന്റ് ഡയറക്ടർ, വി.എച്ച്.എസ്.ഇ. മുഖേനയും ലഭ്യമാക്കാനുള്ള വ്യവസ്ഥകളുമുണ്ട്. 40 ശതമാനമോ അതിൽ കൂടുതലോ വൈകല്യമുള്ളവർക്കാണ് ഈ സഹായം ലഭിക്കുന്നത് ഇതിനർഹതയുള്ളവർ ബന്ധപ്പെട്ടരേഖകൾ (മെഡിക്കൽബോർഡ് സർട്ടിഫിക്കറ്റ് മുതലായവ) പഠിക്കുന്ന സ്കൂളിൽ ഹാജരാക്കി ബന്ധപ്പെട്ട മേലധികാരികൾ മുഖേന അപേക്ഷിക്കണം.

## ***മെഡിക്കൽ റീ ഇംബേഴ്സ്മെന്റ് (എസ്.എസ്.എ)***

ഒന്നു മുതൽ എട്ടു വരെ ക്ലാസുകളിൽ പഠിക്കുന്ന കുട്ടികൾക്ക് അവരുടെ വൈകല്യവുമായി ബന്ധപ്പെട്ട് സർക്കാർ ആശുപത്രികളിൽ നടത്തുന്ന സർജറിക്ക് പരമാവധി 5000 രൂപ വരെ എസ്.എസ്.എ.യിൽ നിന്നും ലഭ്യമാണ്. ഈ ആനുകൂല്യം ലഭിക്കുവാൻ ഡോക്ടറുടെ ഒപ്പുള്ള ബില്ലും വൗച്ചറും സഹിതം ബി.ആർ.സി.കളിൽ അപേക്ഷ സമർപ്പിച്ചാൽ മതി.

ശാരീരികവും മാനസികവുമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികളുടെ സർക്കാർ ജീവനക്കാരായ രക്ഷിതാവിന് പ്രതിമാസം 150 രൂപ വിദ്യാഭ്യാസ അലവൻസ് ലഭിക്കുവാൻ അർഹതയുണ്ട്. കുട്ടിയുടെ വൈകല്യം തെളിയിക്കുന്നതിനുള്ള മെഡിക്കൽ സർട്ടിഫിക്കറ്റും രക്ഷിതാവിന്റെ സാക്ഷ്യപത്രവും സ്ഥാപനമേധാവിക്കു നൽകിയാൽ ഈ ആനുകൂല്യം ലഭ്യമാകുന്നതാണ്

(ഉത്തരവ് നമ്പർ G.O.(P)No.352/07/(65) Fin.dt.7/08/2007.Tvm

## **തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് ലഭിക്കുന്ന വിവിധ സ്കോളർഷിപ്പുകൾ**

G.O.(MS) No.183/07/LSGD, TVM Dated 24/07/2007 ഉത്തരവു പ്രകാരം ശാരീരികവും മാനസികവുമായ വെല്ലുവിളികൾ (Physically and mentally challenged students) നേരിടുന്ന വിവിധ വിഭാഗങ്ങളിൽപ്പെടുന്ന കുട്ടികൾക്ക് താഴെപറയുന്ന നിരക്കിൽ സാമ്പത്തികസഹായം ലഭിക്കുന്നതാണ്. മതിയായ രേഖകൾ സഹിതം ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്കു അപേക്ഷിക്കേണ്ടതാണ്.

### A) ശാരീരിക വെല്ലുവിളികൾ നേരിടുന്നവർ

| ക്രമ നമ്പർ | ക്ലാസ്സ്/കോഴ്സ് | പ്രതിമാസ സ്കോളർഷിപ്പ്/അലവൻസ് (Rs) | | |
|---|---|---|---|---|
| | | ദിവസവും പോയി വരുന്നവർ | ഹോസ്റ്റലിൽ താമസിക്കുന്നവർ | വാർഷിക അവലവ ൻസ് |
| 1 | 1 മുതൽ 4 , നഴ്സറി ക്ലാസ്സ് | 300 | | 400 |
| 2 | 5 മുതൽ 8 | 400 | | 500 |
| 3 | 9,10,12 | 500 | 800 | 600 |
| 4 | ഡിഗ്രി | 750 | 1250 | 1000 |
| 5 | പി.ജി | 1000 | 1500 | 1500 |

| | | | | |
|---|---|---|---|---|
| 6 | **തൊഴിലധിഷ്ഠിത പരിശീലനം** | **1000** | **1500** | 1500 |
| 7 | **അസ്ഥിവൈകല്യമുള്ളവർക്ക് യാത്രാ അവലവൻസ്** | **യഥാർത്ഥ ചെലവോ പരമാവധി 150/-** | | |
| 8 | **പഠിക്കുന്ന സ്ഥാപനത്തിൽ വാഹനത്തിൽ യാത്ര ചെയ്യുന്നവർക്ക് യാത്രാ അലവൻസ്** | **യഥാർത്ഥ ചെലവ്** | | |

## B. മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾ (MR)

| ക്രമ. നം | ഇനം | സ്കോളർഷിപ്പ്/അലവൻസ് (Rs) |
|---|---|---|
| 1 | പ്രതിമാസ സ്കോളർഷിപ്പ് | 750 |
| 2 | വാർഷിക ഡ്രസ് അലവൻസ് | 750 |
| 3 | സ്റ്റഡി മെറ്റീരിയൽസിനുള്ള വാർഷിക അലവൻസ് | 1250 |
| 4 | പഠിക്കുന്ന സ്ഥാപനത്തിൽ<br>1. നിത്യവും വന്നു പോകുന്നതിന്<br>2. പഠനയാത്രയുടെ ചെലവ് | (i) യഥാർത്ഥ ചെലവ്<br>(ii) യഥാർത്ഥ ചെലവ്<br>(ഒരു രക്ഷിതാവിനു കിട്ടും) |
| 5 | 21 വയസ്സിന് മുകളിൽ പ്രായവും പകൽ സമയം ഡേകെയർ സെന്ററിൽ നിൽക്കുന്നതുമായ മനോവൈകല്യമുള്ളവർക്ക് | 600/- രൂപ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഇത്തരം കുട്ടികൾ പഠിക്കുന്ന സ്ഥാപനത്തിൽ ആവശ്യമായ ഭൗതിക സാഹചര്യങ്ങൾ ഒരുക്കേണ്ടതാണ്. |

**<u>സൗജന്യ ഭവനം</u> :**

തദ്ദേശസ്വയം ഭരണസ്ഥാപനങ്ങളിൽ ഇ.എം.എസ്. സമ്പൂർണ്ണ ഭവനപദ്ധതി പ്രകാരം അനുവദിക്കുന്ന വീടുകളിൽ 3 ശതമാനം പ്രത്യേകസഹായം ആവശ്യമുള്ള കുട്ടികൾ/ വ്യക്തികൾ ഉൾപ്പെടുന്ന കുടുംബത്തിനു വേണ്ടി അനുവദിക്കണമെന്ന് തീരുമാനമുണ്ട്.

**<u>മറ്റ് ആനുകൂല്യങ്ങൾ</u> :**

മുകളിൽ സൂചിപ്പിച്ച സഹായങ്ങൾക്കു പുറമെ പ്രത്യേക ആവശ്യങ്ങളുള്ള കുട്ടികൾക്ക് മറ്റനേകം ആനുകൂല്യങ്ങളും ഇളവുകളും സർക്കാരിൽ നിന്നും മറ്റ് ഏജൻസികളിൽ നിന്നും ലഭ്യമാണ്.

## 1. യാത്രാ ഇളവുകൾ

കാഴ്ചക്കുറവുള്ളവർക്ക് കെ.എസ്.ആർ.ടി.സി. (ഫാസ്റ്റ് പാസഞ്ചർ, ഓർഡിനറി) ബസുകളിലും പ്രൈവറ്റ് ബസുകളിലും ദൂരപരിധി നിശ്ചയിക്കാതെ സംസ്ഥാനത്തിനകത്ത് എവിടെയും സൗജന്യയാത്ര അനുവദിച്ചിട്ടുണ്ട്. പൂർണ്ണമായും കാഴ്ചയില്ലാത്തവർക്ക് ആജീവനാന്ത പാസിന് അർഹതയുണ്ട്.

ശാരീരിക വെല്ലുവിളികൾ നേരിടുന്നവർക്ക് കെ.എസ്.ആർ.ടി.സി. (ഫാസ്റ്റ് പാസഞ്ചർ, ലോക്കൽ) ബസുകളിലും പ്രൈവറ്റ് ബസുകളിലും 70 % യാത്ര ഇളവ് അനുവദിച്ചിട്ടുണ്ട്. എന്നാൽ പ്രൈവറ്റ് ബസുിൽ യാത്ര ചെയ്യാനുള്ള ദൂരപരിധി 40 കിലോമീറ്ററായി പരിമിതപ്പെടുത്തിയിട്ടുണ്ട്. (G.O.(Ms)No. 34/98/Tran.Tvpm.dated 27/7/2008)

ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്നവർക്കും ശ്രവണ വൈകല്യമുള്ളവർക്കും കെ.എസ്.ആർ.ടി.സി. യിൽ 50 ശതമാനം ഇളവ് അനുവദിച്ചിട്ടുണ്ട്. (G.O.(Ms)No. 18/2004/Tran.Tvpm.dated 17/4/2008)

(G.O.(Ms)No. 1/87/PW&T Tvm,dated 05/01/1997) അനുസരിച്ച് പ്രൈവറ്റ് ബസുകളിൽ യാത്രാസൗജന്യം അനുവദിക്കുന്നതാണ്. ഉപഭോക്താവിന് 50 ശതമാനത്തിൽ കുറയാത്ത വൈകല്യം ഉണ്ടെന്ന് അംഗീകൃത ആശുപത്രിയിലെ അസിസ്റ്റന്റ് സർജനിൽ കുറയാത്ത പദവിയുള്ള ഡോക്ടറുടെ സർട്ടിഫിക്കറ്റ് ആവശ്യമാണ്.

തീവണ്ടികളിൽ കാഴ്ചയില്ലാത്തവർക്ക് തനിച്ച് യാത്ര ചെയ്യുന്നതിന് 75 ശതമാനവും സഹായി ഉണ്ടെങ്കിൽ അവർക്കും 75 % യാത്രാ ഇളവ് അനുവദിച്ചിട്ടുണ്ട്.

കാഴ്ച ഇല്ലാത്തവർക്ക് വിമാനത്തിൽ 50% ഇളവ് അനുവദിച്ചിട്ടുണ്ട്. ബോട്ടുകളിലും കപ്പലുകളിലും യാത്ര ചെയ്യുന്ന കാഴ്ച ഇല്ലാത്തവർക്ക് 50% ഇളവുണ്ട്.

അസ്ഥിവൈകല്യം ഉള്ളവർക്ക് 50% യാത്രാ ഇളവ് അനുവദിച്ചിട്ടുണ്ട്. കൂടെ യാത്ര ചെയ്യുന്ന സഹായിയ്ക്കും ഈ ഇളവിന് അർഹതയുണ്ട്.

Order No.G.O.(P)No.1/87/PW&T dated05/011997, Tvm.

ബുദ്ധിമാന്ദ്യം ഉള്ളവർക്ക് സഹായി ഉൾപ്പെടെ തീവണ്ടിയിൽ I AC, IIAC ക്ലാസുകളിൽ 50% ഉം മറ്റ് ക്ലാസുകളിൽ 75% ഉം ഇളവ് ലഭിക്കുന്നതാണ്. സഹായി നിർബന്ധമാണ്. സഹായിയ്ക്കും ഈ ഇളവ് ലഭിക്കുന്നതാണ്.

## <u>യാത്രാ ഇളവുകൾ എങ്ങനെ നേടാം ?</u>

കെ.എസ്.ആർ.ടി.സി. പാസ്സുകൾക്കുള്ള അപേക്ഷാഫോറം എല്ലാ കെ.എസ്.ആർ.ടി.സി. ഡിപ്പോകളിലും ലഭ്യമാണ്. പ്രൈവറ്റ് ബസ് പാസ്സ് അനുവദിക്കുന്നത് അതത് ആർ.ടി.ഒ/ജോയിന്റ് ആർ.ടി.ഒ വഴിയാണ്. തീവണ്ടി യാത്രയ്ക്കുള്ള അപേക്ഷാഫോറം റയിൽവേസ്റ്റേഷനുകളിൽ ലഭ്യമാണ്. തീവണ്ടിയാത്രക്ക് ലഭിക്കുന്ന പാസ്സിന്റെ ഫോട്ടോകോപ്പികൾ ഓരോ യാത്രയിലും ടിക്കറ്റ് കൗണ്ടറിൽ ഏൽപ്പിക്കേണ്ടതും ഒറിജിനൽ കൈവശം വെയ്ക്കേണ്ടതുമാണ്. എല്ലാ ഇളവുകൾക്കും ബന്ധപ്പെട്ട ഡോക്ടറുടെ അഥവാ മെഡിക്കൽ ബോർഡുകളുടെ മെഡിക്കൽ സർട്ടിഫിക്കറ്റുകൾ നിർദ്ദിഷ്ട ഫോറത്തിൽ തന്നെ വേണ്ടതാണ്.

## കേരള സംസ്ഥാന വനിതാ കമ്മീഷൻ

കേരള വനിതാ കമ്മീഷൻ നിയമത്തിലെ സെക്ഷൻ 5 പ്രകാരം രൂപീകരിച്ച കേരള വനിതാ കമ്മീഷൻ നിലവിൽ വന്നത് 1996 മാർച്ച് 14 നാണ്. കേരളത്തിലെ സ്ത്രീകളുടെ ജീവിതാവസ്ഥ മെച്ചപ്പെടുത്തുക, അവർക്ക് നേരെയുള്ള അതിക്രമങ്ങൾ തടയുക എന്നിവയാണ് വനിത കമ്മീഷന്റെ മുഖ്യ ലക്ഷ്യങ്ങൾ.

ലോർഡ്സ് ചർച്ചിനു സമീപം,
പി.എം.ജി., പട്ടം. തിരുവനന്തപുരം–4
ഫോൺ :0471–2302590, 2300509, 2307589, 2309878
ഫാക്സ് :2307590
ഇ–മെയിൽ : keralawomenscommission@yahoo.co.in
വെബ്സൈറ്റ് : www.keralawomenscommission.gov.in

## കേരള സംസ്ഥാന സാമൂഹ്യക്ഷേമ ബോർഡ്

കേന്ദ്ര സാമൂഹ്യക്ഷേമ ബോർഡിന്റെ കീഴിൽ പ്രവർത്തിക്കുന്ന സ്ഥാപനമാണ് കേരള സംസ്ഥാന സാമൂഹ്യക്ഷേമ ബോർഡ്. സന്നദ്ധ സംഘടനകൾക്ക് സഹായങ്ങൾ നൽകി കുട്ടികളുടെ ക്ഷേമത്തിനുവേണ്ടിയും സ്ത്രീശാക്തീകരണത്തിനുമായി പ്രവർത്തിക്കുന്ന സംഘടനകളുടെ പ്രവർത്തനങ്ങളെ ശക്തിപ്പെടുത്തുകയാണ് ബോർഡിന്റെ ലക്ഷ്യം.

ശാസ്തമംഗലം, തിരുവനന്തപുരം – 10
ഫോൺ : 0471–2722258
ഫാക്സ് : 0471–2310082
ഇ–മെയിൽ : keralaswb@yahoo.co.in
വെബ്സൈറ്റ് : www.cswb.gov.in

## കേരള സംസ്ഥാന ശിശുക്ഷേമസമിതി

കുട്ടികളുടെ ക്ഷേമത്തിനുവേണ്ടി പ്രവർത്തിക്കുന്ന നോൺ പ്രോഫിറ്റ് ഗവൺമെന്റ് ഓർഗനൈസേഷനാണ് കേരള സംസ്ഥാന കൗൺസിൽ ഫോർ ചൈൽഡ് വെൽഫയർ. മുഖ്യമന്ത്രി പ്രസിഡന്റും, സാമൂഹ്യ നീതി വകുപ്പ് മന്ത്രി വൈസ് പ്രസിഡന്റുമായ സംഘടനയുടെ രക്ഷാധികാരി ഗവർണ്ണറാണ്. സംസ്ഥാന–കേന്ദ്ര ഗവൺമെന്റുകൾ നൽകുന്ന ധനസഹായത്തിലാണ് കൗൺസിൽ പ്രവർത്തിക്കുന്നത്. ദൈനം ദിന പ്രവർത്തനങ്ങൾ കമ്മിറ്റിയുടെ ചുമതലയിലാണ് നടക്കുന്നത്.

തൈക്കാട്, തിരുവനന്തപുരം–695014
ഫോൺ : 0471–2324932
ഫാക്സ് :2321963
ഇ–മെയിൽ : childwelfarekerala@gmail.com
വെബ്സൈറ്റ് : www.ksccw.org,www.childwelfare.kerala.org

## ശിശുക്ഷേമ സമിതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ

1. ശിശുക്കളുടെ ജനനത്തിനുമുമ്പും ശേഷവുമുള്ള ക്ഷേമവും താൽപ്പര്യവും മുൻ നിർത്തി പദ്ധതികൾ ആവിഷ്ക്കരിക്കുക, ഏറ്റെടുക്കുക, അത്തരം പദ്ധതികളെ സഹായിക്കുക.
2. ശിശുക്ഷേമ പരിപാടികളെ കുറിച്ച് ശാസ്ത്രീയമായ അറിവ് വിജ്ഞാനം, ബോധനം,എന്നിവ പകരുന്നതിന് സഹായിക്കുക, അതിനാവശ്യമായ പ്രസിദ്ധീകരണങ്ങൾ ആരംഭിക്കുകയും നടത്തുകയും ചെയ്യുക.

3. അനാഥരും ഉപേക്ഷിക്കപ്പെട്ടവരും ശാരീരിക മാനസിക വൈകല്യമുള്ളവരുമായ ശിശുക്കളുടെ പുരധിവാസത്തിനായി സ്ഥാപനങ്ങൾ ആരംഭിക്കുകയും പരിപാലിക്കുകയും ചെയ്യുക.
4. ഈ ലക്ഷ്യങ്ങളോടെ പ്രവർത്തിക്കുന്ന ഗവൺമെന്റ് ഏജൻസികളുമായും സംഘടനകളുമായും സഹകരിക്കുകയും ശിശുക്ഷേമത്തിനുള്ള പദ്ധതികൾ, ഫണ്ടുകൾ എന്നിവയുടെ ഭരണ നിർവ്വഹണം നടത്തുകയും ചെയ്യുക.
5. ഇൻഡ്യൻ കൗൺസിൽ ഫോർ ചൈൽഡ് വെൽഫയറിന്റെ ലക്ഷ്യങ്ങൾ കൈവരിക്കാൻ നിലകൊള്ളുകയും അതിന്റെ നയങ്ങളും പരിപാടികളും നടപ്പിലാക്കുകയും ചെയ്യുക.
6. ശിശുക്കളുടെ ജീവിതം മെച്ചപ്പെടുത്തുന്നതിനുതകുംവിധം കുടുംബങ്ങളുടെയും സമൂഹങ്ങളുടെയും ഉന്നമനത്തിനുള്ള പ്രവർത്തനങ്ങൾ ആവിഷ്ക്കരിക്കുകയും ഏറ്റെടുക്കുകയും അവയെ സഹായിക്കുകയും ചെയ്യുക.
7. സമൂഹത്തിലെ ദുർബല വിഭാഗങ്ങളിൽപ്പെടുന്നവരുടെ ശിശുക്കളുടെ പ്രൈമറി വിദ്യാഭ്യാസത്തിനും സ്കൂൾ വിദ്യാഭ്യാസത്തിനും വേണ്ട അവസരങ്ങൾ ലക്ഷ്യം വച്ചുകൊണ്ട് സമൂഹത്തിന്റെ മുഖ്യധാരയിൽ എത്തിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക.
8. കുട്ടികളേയും അവരുടെ പ്രശ്നങ്ങളേയും സംബന്ധിച്ചുള്ള സ്ഥിതിവിവരകണക്കുകൾ ശേഖരിക്കുകയും അവ സംബന്ധിച്ച് പഠനങ്ങൾ നടത്തുകയും അത്തരം പഠനങ്ങളെ സഹായിക്കുകയും ചെയ്യുന്ന സ്ഥാപനങ്ങൾ ആരംഭിക്കുകയും നടത്തുകയും ചെയ്യുക.

നിർദ്ധനരായ തൊഴിലാളികളുടെ മക്കളുടെ ക്ഷേമപ്രവർത്തനങ്ങൾ മുൻനിറുത്തി 0–6 വരെ പ്രായമുള്ള കുട്ടികൾക്ക് വേണ്ടിയുള്ള ക്രഷ് പ്രോഗ്രാം ശിശുക്ഷേമ സമിതിയുടെ കീഴിൽ പ്രവർത്തിച്ചുവരുന്നു. സംസ്ഥാനത്താകെ 260 ക്രഷുകൾ പ്രവർത്തിച്ചുവരുന്നു.

മലപ്പുറത്തും തിരുവനന്തപുരത്തും രണ്ട് ശിശു പരിപാലന കേന്ദ്രങ്ങളും സമിതിയുടെ കീഴിൽ പ്രവർത്തിച്ചുവരുന്നു.

സംസ്ഥാനത്തെ 14 ജില്ലകളിലായി 15 അമ്മത്തൊട്ടിലുകൾ ഉണ്ട്.

## ദത്തെടുക്കൽ കേന്ദ്രം

സമിതിയുടെ ആസ്ഥാനമായ തിരുവനന്തപുരത്ത് പ്രവർത്തിച്ചുവരുന്ന ദത്തെടുക്കൽ കേന്ദ്രം രാജ്യത്തെ മികവുറ്റ ദത്തെടുക്കൽ കേന്ദ്രങ്ങളിൽ ഒന്നാണ്. കേന്ദ്ര സർക്കാരിന്റെയും കോടതി വിധിയുടെയും സെൻട്രൽ അഡോപ്ഷൻ റിസോഴ്സ് അതോറിറ്റിയുടെയും (CARA) മാനദണ്ഡങ്ങൾ കർക്കശമായി പാലിച്ചുകൊണ്ടാണ് ഈ കേന്ദ്രങ്ങൾ പ്രവർത്തിച്ചുവരുന്നത്.

## *ഓട്ടിസം സ്പെഷ്യൽ സ്കൂൾ*

തൃശ്ശൂർ ജില്ലയിൽ മൈത്രി നഗറിൽ ഓട്ടിസം ബാധിച്ച കുട്ടികൾക്ക് വേണ്ടി ഒരു സ്പെഷ്യൽ സ്കൂൾ നടത്തിവരുന്നു.

## *അംഗൻവാടി പരിശീലനകേന്ദ്രങ്ങൾ*

സമിതിയുടെ കീഴിൽ 10 അംഗൻവാടി പരിശീലന കേന്ദ്രങ്ങൾ പ്രവർത്തിച്ചുവരുന്നു.

## *ബാലസേവിക പരിശീലനകേന്ദ്രം*

തിരുവനന്തപുരം, തൃശ്ശൂർ, കോഴിക്കോട്, പാലക്കാട് ജില്ലകളിൽ ബാലസേവിക പരിശീലനകേന്ദ്രങ്ങൾ നടത്തിവരുന്നു. ഒരു വർഷ കാലാവധിയുള്ള ഈ കോഴ്സ് പി.എസ്.സി അംഗീകരിച്ചിട്ടുള്ളതാണ്.

## *കേരള സർവ്വകലാശാല കോഴ്സ്*

കേരള സർവ്വകലാശാലയുമായി സഹകരിച്ച് സമിതി ആസ്ഥാനത്ത് പ്രീ പ്രൈമറി അദ്ധ്യാപനത്തിനായുള്ള 6 മാസത്തേയും 1 വർഷത്തേയും കോഴ്സുകൾ നടത്തിവരുന്നു.

*വിവിധതരം അവാർഡുകൾ*

സഹജീവികളുടെ ജീവന് പ്രാധാന്യം നൽകികൊണ്ട് ത്യാഗനിർഭരമായ പ്രവർത്തനം കാഴ്ചവയ്ക്കുന്നവർക്ക് ദേശീയ ധീരതാ അവാർഡും, ഏറ്റവും നല്ല പത്രവാർത്തയ്ക്കും വാർത്താ ചിത്രത്തിനും ടി.വി പരിപാടിയ്ക്കും മാദ്ധ്യമ അവാർഡും കുട്ടികൾ എഴുതി പ്രസിദ്ധികരിച്ച മലയാളം സാഹിത്യ രചനകൾക്ക് സാഹിത്യ അവാർഡും നൽകിവരുന്നു.

## നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച് ആന്റ് ഹിയറിംഗ് (NISH)

സംസാരശേഷിയും കേൾവിശക്തിയും ഇല്ലാത്തവരുടെ സമഗ്രമായ പുനരധിവാസം ലക്ഷ്യമിട്ട് സ്ഥാപിക്കപ്പെട്ടിട്ടുള്ള സ്ഥാപനമാണ് നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച് ആന്റ് ഹിയറിംഗ്. മേൽപ്പറഞ്ഞ വിഭാഗത്തിൽപ്പെട്ടവരിലുണ്ടാകുന്ന ശാരീരികവും മാനസികവുമായ സമ്മർദ്ദങ്ങളെ അതിജീവിക്കാനുള്ള പരിശീലനവും സാങ്കേതികവുമായ സഹായങ്ങളുമാണ് നിഷ് നൽകുന്നത്. കൂടാതെ സാമൂഹ്യ ബോധവൽക്കരണ പ്രവർത്തനങ്ങൾക്കും ഗവേഷണ പഠനങ്ങൾക്കും നിഷ് നേതൃത്വം നൽകുന്നുണ്ട്.

കരിമണൽ പി.ഒ, തിരുവനന്തപുരം 695583
കേരള, ഇന്ത്യ
ഫോൺ : 2596919
ഫാക്സ് : 2596938
ഇ–മെയിൽ : nish@vsnl.in
വെബ്സൈറ്റ് : www.nishindia.org

സംസാരശേഷിയും കേൾവിശക്തിയും ഇല്ലാത്തവർക്കുവേണ്ടി ചുവടെ പറയുന്ന പ്രവർത്തനങ്ങൾ നിഷ് മുഖേന നടത്തപ്പെടുന്നു.

1. പ്രാരംഭ നിർണ്ണയ പദ്ധതികൾ
2. കേൾവി സംബന്ധിച്ച സേവനങ്ങൾ
3. സംസാരം, ഭാഷ എന്നിവ സംബന്ധമായ സേവനങ്ങൾ
4. പാഠ്യപദ്ധതികൾ
5. മനശ്ശാസ്ത്ര സേവനങ്ങൾ
6. ഇ.എൻ.റ്റി. സേവനങ്ങൾ
7. ഫിസിയോതെറാപ്പി
8. റിസർച്ച്
9. വൈകല്യ ബോധവൽക്കരണ പരിപാടികൾ

## എയ്ഡ്സ് രോഗികൾ, കാൻസർ രോഗികൾക്കും ഡയാലിസിസിന് വിധേയരാകുന്നവർക്കും പരസഹായമില്ലാതെ ജീവിക്കാൻ കഴിയാത്തവർ ശരീരം തളർന്ന് ശയ്യാവലംബരായവർ എന്നിവർക്ക് ബി.പി.എൽ. ലിസ്റ്റിൽ എങ്ങനെ ഉൾപ്പെടാം ?

സർക്കാർ ജീവനക്കാർ, അദ്ധ്യാപകർ, പൊതുമേഖലാസ്ഥാപനങ്ങളിലെ ജീവനക്കാർ, ആദായനികുതി കൊടുക്കുന്നവർ, സ്വന്തമായി ഒരേക്കറിനു മേൽ ഭൂമിയുള്ളവർ, സ്വന്തമായി 1000

ചതുരശ്ര അടിയ്ക്ക് മേൽ വിസ്തീർണ്ണമുള്ള വീടോ ഫ്ളാറ്റോ ഉള്ളവർ, നാലു ചക്രവാഹനം സ്വന്തമായി ഉള്ളവർ എന്നീ വിഭാഗങ്ങളിൽപ്പെടാത്ത മാനസികവും, ശാരീരികവുമായ വൈകല്യമുള്ളവർ ഓട്ടിസം ബാധിച്ചവർ, ഭർത്താവ് മരണമടഞ്ഞ സ്ത്രീകൾ, എയ്ഡ്സ് രോഗികൾ, കാൻസർ രോഗികൾ ഡയാലിസിസിന് വിധേയരാകുന്നവർ എന്നിവർക്കും പരസഹായമില്ലാതെ ജീവിക്കാൻ കഴിയാത്തവർ ശരീരം തളർന്ന് ശയ്യാവലംബരായവർ എന്നിവർക്ക് എ.പി.എൽ. ലിസ്റ്റിൽ നിന്ന് ബി.പി.എൽ. ലിസ്റ്റിലേയ്ക്ക് മാറുന്നതിന് സ.ഉ.(കൈ)നം.112/2012/ തസ്വഭവ തീയതി 27-4-12 പ്രകാരം സർക്കാർ അനുമതി നൽകിയിട്ടുണ്ട്.

എ.പി.എൽ. ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളവരും ബി.പി.എൽ.ലിസ്റ്റിൽ ഉൾപ്പെടാൻ അർഹതയുള്ളവരുമായ ടി വിഭാഗത്തിൽപ്പെടുന്നവർ ബന്ധപ്പെട്ട ജില്ലാ കളക്ടർക്ക് വെള്ളകടലാസിൽ രേഖകൾ സഹിതം അപേക്ഷ നൽകേണ്ടതാണ്.

## കാരുണ്യ ബെനവലന്റ് പദ്ധതി

നമ്മുടെ സംസ്ഥാനത്ത് സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുടുംബങ്ങളിലെ അംഗങ്ങൾക്ക് നിശ്ചിത രോഗങ്ങൾക്ക് സർജറി ഉൾപ്പെടെയുള്ള ചികിത്സയ്ക്ക് ധനസഹായം ലഭ്യമാക്കുക എന്ന ലക്ഷ്യം വച്ചു കൊണ്ടുള്ള ചികിത്സാ ധനസഹായ പദ്ധതിയാണ് കാരുണ്യ ബെനവലന്റ് ഫണ്ട്. സംസ്ഥാന ഭാഗ്യക്കുറി വകുപ്പ് നടപ്പാക്കി വരുന്ന കാരുണ്യ പ്രതിവാര ഭാഗ്യക്കുറിയിൽ നിന്നുള്ള വരുമാനമാണ് ഈ പദ്ധതിക്കുവെണ്ടി നീക്കി വച്ചിട്ടുള്ളത്. കാരുണ്യ ചികിത്സാ ധനസഹായ പദ്ധതിയിൽ ആശുപത്രി ചിലവു വഹിക്കാനും മരുന്നുവാങ്ങുവാനും കഴിവില്ലാത്ത ഏതു രോഗിക്കും ഏതു രോഗത്തിനും 3000 രൂപവരെയും, ക്യാൻസർ, ഹൃദ്രോഗം, വൃക്ക, കരൾ മസ്തിഷ്കരോഗം, നട്ടെല്ലിനും സുഷുമ്ന നാഡിക്കുമുണ്ടാകുന്ന മാരകരോഗങ്ങൾ, മാരകമായ ശ്വാസകോശരോഗങ്ങൾ, സാന്ത്വനപരിചരണം വേണ്ടി വരുന്ന രോഗികൾ എന്നിവർക്ക് പരമാവധി 2 ലക്ഷം രൂപവരെയും ഒരു കുടുംബത്തിൽ ഒന്നലധികം ഹീമോഫീലിയാ രോഗികളുണ്ടെങ്കിൽ ഓരോ രോഗിക്കും 2 ലക്ഷം രൂപ വീതവും ഇതിൽ നിന്നും ധനസഹായം ലഭിക്കുന്നു.

### ആനുകൂല്യം ലഭിക്കാൻ അർഹതയുള്ളവർ

മൂന്നു ലക്ഷം രൂപയിൽ താഴെ വാർഷിക കുടുംബ വരുമാനമുള്ള എ.പി.എൽ. കുടുംബങ്ങളിലെ അംഗങ്ങൾക്കും പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നതാണ്

### ധനസഹായം ലഭിക്കുന്ന രോഗികളും / രോഗങ്ങളും

ചികിത്സാ ധനസഹായം ലഭിക്കുന്നതിന് അർഹതയുള്ള രോഗങ്ങളെ രണ്ടായി തരം തിരിച്ച് താഴെ പറയും പ്രകാരം ധനസഹായപരിധി നിശ്ചയിച്ചിരിക്കുന്നു.

ഏതുരോഗവും : പരമാവധി ധനസഹായം 3000/ - രൂപ വരെ ലഭിക്കുന്നു. ഒരു കുടുംബത്തിന് ഒറ്റത്തവണ മാത്രമേ ഇപ്രകാരം ലഭിക്കുകയുള്ളൂ.

ആശുപത്രികളിലെ ഇൻപേഷ്യന്റ് /ഔട്ട് പേഷ്യന്റ് വിഭാഗങ്ങളിലായി ചികിത്സിക്കുന്ന എല്ലാ രോഗികൾക്കും 3000/- രൂപ വരെ ഒറ്റത്തവണയായി ലഭിക്കും

*ഇതിനായി സമർപ്പിക്കേണ്ട രേഖകൾ*

1. അപേക്ഷ
2. റേഷൻ കാർഡിന്റെ പകർപ്പ്.

3. സർക്കാർ/സ്വകാര്യ ആശുപത്രിയിൽ രോഗിയുടെ
ഇൻപേഷ്യന്റ് / ഔട്ട് പേഷ്യന്റ് റെക്കോർഡിന്റെ പകർപ്പ്

## അധിക ധനസഹായം അനുവദിക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള രോഗങ്ങൾ

പരാമവധി 2 ലക്ഷം രൂപ ധനസഹായം ലഭിക്കുന്ന പ്രസ്തുത രോഗങ്ങളും ധനസഹായത്തിനുള്ള നിബന്ധനകളും താഴെ പറയുന്നു.

1. ഹൃദയ സംബന്ധമായ രോഗങ്ങൾ : ഹൃദ്രോഗികൾക്ക് ശസ്ത്രക്രിയയുടെ ചെലവുകൾ മാത്രം ലഭിക്കുന്നു. ആൻജിയോ ഗ്രാം, ആൻജിയോ പ്ലാസ്റ്റി, ബൈപാസ്/ഓപ്പൺ ഹാർട്ട് ശസ്ത്രക്രിയകൾ എന്നിവയ്ക്കുള്ള ചെലവ്,സ്റ്റെന്റിന്റെ വില എന്നിവ ധനസഹായത്തിനായി പരിഗണിക്കും.
2. തലച്ചോർ, കരൾ ശസ്ത്രക്രിയകൾ : ഇവയ്ക്ക് പ്രത്യേകം ചികിത്സാ പായ്ക്കേജ് പ്രകാരം ധനസഹായം അനുവദിക്കും.
3. വൃക്ക, കരൾ, ഹൃദയം മാറ്റിവയ്ക്കൽ ശസ്ത്രക്രിയകൾ : ഇത്തരം ശസ്ത്രക്രിയകൾക്കെല്ലാം ധനസഹായത്തിന് അർഹതയുണ്ട്. വൃക്ക മാറ്റിവയ്ക്കലിന് ജില്ലാ ആതറൈസേഷൻ കമ്മിറ്റി സാക്ഷ്യപ്പെടുത്തുന്ന ദാതാക്കളിൽ നിന്നും വൃക്ക സ്വീകരിക്കുവർക്കു മാത്രമേ ധനസഹായം ലഭിക്കുകയുള്ളു.
4. വൃക്ക രോഗികൾ :
   ഡയാലിസിസ് : പരമാവധി പരിധിയ്ക്കു വിധേയമായി മാത്രമേ ഡയാലിസിസിന് ധനസഹായം അനുവദിക്കുകയുള്ളു. ഡയാലിസിസിന്റെ കാലപരിധി കണക്കിലെടുക്കാതെ നിശ്ചിത എണ്ണം ഡയലിസിസുകളുടെ ചെലവുകൾ അനുവദിക്കുന്നതാണ്. ഡയാലിസിസിന് അനുവദിക്കുന്ന തുകയിൽ നിന്നും മരുന്നിനുള്ള തുക കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനും ബാക്കി തുക നേരിട്ട് സർക്കാർ ആശുപത്രിയ്ക്കും നൽകുന്നതാണ്.
      1. വൃക്ക മാറ്റിവയ്ക്കലിനുശേഷമുള്ള തുടർചികിത്സ
      2. പെരിറ്റോണിയൽ ഡയാലിസിസ് : ഇതിനാവശ്യമായ മരുന്നും ഉപകരണങ്ങളും കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിലൂടെ ലഭ്യമാക്കുന്നതാണ്.
5. ക്യാൻസർ രോഗികൾ : ശസ്ത്ര ക്രിയാ ചെലവുകൾക്ക് പുറമേ കീമോതെറാപ്പി/ റേഡിയോതെറാപ്പി എന്നിവ ഉൾപ്പെടെയുള്ള ചികിത്സകൾക്ക് ധനസഹായം ലഭിക്കും. ഹീമോഫീലിയ രോഗികൾ പരിമാവധി ധനസഹായ പരിധിക്കുള്ളിൽ നിർത്തി ഈ രോഗചികിത്സയ്ക്ക് അടിയന്തിരഘട്ടങ്ങളിൽ ആവശ്യമായ ഫാക്ടുകൾ ഈ പദ്ധതിയിൽ നിന്നും ചുതലപ്പെടുത്തുന്ന പ്രകാരം കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ഓരോ ജില്ലയിലെയും നിയുക്ത സർക്കാർ ആശുപത്രി (Designated Govt. Hospitals) കളിലൂടെ ലഭ്യമാക്കുന്നതാണ്. ഒരു കുടുംബത്തിൽ ഒന്നിലധികം ഹീമോഫീലിയ രോഗികൾ ഉണ്ടെങ്കിൽ ഓരോ രോഗിക്കും പരമാവധി 2 ലക്ഷം രൂപ വരെ ചികിത്സാ ധനസഹായം ലഭിക്കും.
   സാന്ത്വന ചികിത്സ (പാലിയേറ്റീവ് കെയർ) : ഈ വിഭാഗത്തിൽ അനുവദനീയ ധനസഹായം സംസ്ഥാന ജില്ലാ സമിതികൾ തിരഞ്ഞെടുക്കുന്ന സ്ഥാപനങ്ങൾക്ക് ലഭ്യമാക്കുന്നതാണ്. പ്രസ്തുത സ്ഥാപനങ്ങൾ അതിലെ രോഗികൾക്ക് നിശ്ചിത മാനദണ്ഡങ്ങൾ പ്രകാരം മരുന്നുകൾക്കു പുറമേ സ്ഥിരമായ ശുശ്രൂഷയും ആരോഗ്യ പരിചരണവും കൗൺസലിംഗും നൽകുന്നവരാകണം. ഇക്കാര്യം ജില്ലാതല സമിതികൾ പരിശോധിച്ച് ഉറപ്പാക്കുന്നതാണ്.
6. മാരകമായ ശ്വാസകോശ രോഗങ്ങൾ , നട്ടെല്ല്, സുഷുമ്ന, നാഡി എന്നിവ സംബന്ധിച്ച മാരക രോഗങ്ങൾ ഇവയുടെ ചികിത്സയ്ക്കും ധനസഹായം ലഭിക്കുന്നതാണ്.

## ചികത്സാനുകൂല്യം ലഭിക്കുന്നതിനുള്ള നിബന്ധനകൾ

a) നിലവിൽ നിശ്ചിത രോഗങ്ങളുടെ ചികിത്സയ്ക്കായി ആശുപത്രിയിൽ കിടക്കുന്നവർക്കും, ഓപ്പറേഷൻ ഉൾപ്പെടെയുള്ള ചികിത്സയ്ക്ക് തീയതി നിശ്ചയിച്ചിട്ടുള്ളവർക്കും ഈ പദ്ധതി പ്രകാരം ധനസഹായത്തിന് അപേക്ഷിക്കാം. എന്നാൽ ആശുപത്രിയിൽ കിടന്നുള്ള

ചികിത്സ തുടർന്നു കൊണ്ടിരിക്കുന്ന രോഗികൾക്ക് അപേക്ഷ നൽകുന്ന തീയതിക്കു മുൻപ് പൂർത്തിയായ ചികിത്സക്കു ചെലവായ തുക ഈ പദ്ധതി പ്രകാരം ലഭിക്കുകയില്ല.

b) ആവശ്യമായ എല്ലാ രേഖകളോടും കൂടിയുള്ള അപേക്ഷ ബന്ധപ്പെട്ട ജില്ലാഭാഗ്യക്കുറി ഓഫീസിൽ സ്വീകരിച്ച തീയതി മുതൽക്കാണ് ധനസഹായത്തിന് അർഹതയുള്ളത്.

c) ചികിത്സ പൂർത്തിയാക്കിയവർക്ക് ഈ പദ്ധതി പ്രകാരമുള്ള ധനസഹായത്തിന് അർഹതയില്ല.

d) റീഇംബേഴ്സ്മെന്റ് ആനുകൂല്യമുള്ള സർക്കാർ, അർദ്ധസർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങളിലെയും, ഇ.എസ്.ഐ. ആനുകൂല്യമുള്ള സ്വകാര്യ സ്ഥാപനങ്ങളിലെയും ജീവനക്കാർക്ക് ഈ പദ്ധതിപ്രകാരം ചികിത്സാധനസഹായം ലഭിക്കുകയില്ല.

e) ധനസഹായം ഒരു കുടുംബത്തിൽ ഒരാൾക്കോ, ഒന്നിലധികം പേർക്കോ, ലഭിക്കും. ഒറ്റത്തവണയായോ പലതവണകളായോ സഹായം ലഭിക്കുന്നതാണ്.ഒരു കുടുംബത്തിൽ അംഗങ്ങളായ ഒന്നിലധികം ഹീമോഫീലിയ രോഗികൾ ഉണ്ടെങ്കിൽ ഒരു കുടംബത്തിന് പരമാവധി ലഭിയ്ക്കാവുന്ന ധനസഹായതുകയായ 2 ലക്ഷം രൂപ എന്ന പരിധിയിൽ ഇളവ് അനുവദിച്ച് ഹീമോഫീലിയ രോഗികളായ ഓരോ വ്യക്തിക്കും 2 ലക്ഷം രൂപ വീതംചികിത്സാധനസഹായം ലഭിക്കുന്നതാണ്.

f) ആർ.എസ്.ബി.വൈ, ചിസ്പ്ലസ് തുടങ്ങിയ പദ്ധതികളിലെ ആനുകൂല്യങ്ങൾ ക്കർഹരായ രോഗികൾക്കും ധനസഹായം ലഭിക്കും.

## ചികിത്സാധനസഹായത്തിനായി സമർപ്പിക്കേണ്ട രേഖകൾ

1. അപേക്ഷ ഫോറം മുൻകൂർ ചികിത്സാ അനുമതിക്കുവേണ്ടി
   a. ചികിത്സയ്ക്ക് മുമ്പായി അപേക്ഷിക്കുന്നതിന് നിശ്ചിത ഫോറത്തിൽ അപേക്ഷ ആവശ്യമാണ്.
   b. ആശുപത്രിയിൽ അഡ്മിറ്റ് ചെയ്തശേഷം അപേക്ഷിക്കുന്നതിന് നിശ്ചിത ഫോറങ്ങളിൽ അപേക്ഷ നൽകേണ്ടതാണ്.

2. 3000 രൂപ വരെയുള്ള ധനസഹായത്തിന് നിശ്ചിത അപേക്ഷ ഫോറത്തിൽ അപേക്ഷ നൽകേണ്ടതാണ്.
3. എസ്റ്റിമേറ്റ് ഓഫ് എക്സ്പെൻഡിച്ചർ അപേക്ഷാ ഫാറം. രോഗി ബന്ധപ്പെട്ട ആശുപത്രിയിൽ നിന്നും വാങ്ങി അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടത്. കൂടാതെ ചുവടെ പറയുന്ന രേഖകളും അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്.
   1. രോഗി ഉൾപ്പെട്ടിട്ടുള്ള റേഷൻ കാർഡിന്റെ പകർപ്പ് – പേജ് 1,2,3,22
   2. രോഗിയുടെ പാസ്പോർട്ട് സൈസ് ഫോട്ടോ
   3. രോഗിയും കുടുംബാഗങ്ങളും താമസിക്കുന്ന വീടിനുമുന്നിൽ വച്ച് വീടുകൂടി കാണത്തക്കവിധം എടുത്തിട്ടുള്ള ഒരു കുടുംബകൾ ഫോട്ടോ.
   4. സർക്കാർ ആശുപത്രിയിലെ ചികിത്സയ്ക്ക് ധനസഹായത്തിനായി അപേക്ഷിച്ചിട്ടുള്ള അർഹരായ ഗുണഭോക്താക്കൾ ധനസഹായത്തുക ആശുപത്രിയിൽ ലഭിക്കുന്നതിനുമുൻപേ അടിയന്തിര സാഹചര്യത്തിൽ സ്വന്തം കയ്യിൽ നിന്നും തുക ചെലവാക്കി ചികിത്സ നടത്തേണ്ടി വന്നിട്ടുണ്ടെങ്കിൽ ഈ തുക തിരികെ (റീ ഇംപേഴ്സ്മെന്റായി) ലഭിയ്ക്കുന്നതാണ്.

### പ്രത്യേക പരിപാടികൾ

1. കാരുണ്യ ഡയാലിസിസ് സെന്റർ
2. കാരുണ്യഹോം
3. ഹീമോഫീലിയ രോഗികൾക്കുള്ള ചികിത്സാ ധനസഹായം

അപേക്ഷാ ഫാറങ്ങൾ ജില്ലാ ലോട്ടറി ഓഫീസ്, ലോട്ടറി ഏജന്റുമാർ എന്നിവിടങ്ങളിൽ

നിന്നും ലഭിയ്ക്കും wwww.keralalotteies.com, www.karunya.Kerala.gov.in എന്നീവെബ്സൈറ്റുകളിൽ നിന്നും ലഭിക്കും. ഗുണഭോക്താവ് (രോഗി) സ്ഥിരമായി താമസിക്കുന്നതും റേഷൻ കാർഡുള്ളതുമായ ജില്ലയിലെ ജില്ലാഭാഗ്യക്കുറി ഓഫീസർക്കാണ് അപേക്ഷ സമർപ്പിക്കേണ്ടത്

## ചികിത്സാ ധനസഹായം സംബന്ധിച്ചുള്ള പരാതികൾ

a. അതത് ജില്ലാ ലോട്ടറി ഓഫീസുകളിൽ പരാതി നൽകാം
b. സംസ്ഥാനതലത്തിൽ പരാതി നൽകേണ്ട മേൽവിലാസം

അഡ്മിനിസ്ട്രേറ്റർ , കാരുണ്യ ബെനവലന്റ് ഫണ്ട്,
വൃന്ദാവൻ ഹൗസിംഗ് സ്കീം, പട്ടം,തിരുവനന്തപുരം – 695 004.
ഫോൺ 0471 –2442363,

c. ഇ–മെയിൽ വഴി പരാതി അയയ്ക്കാൻ: karunya.complaint@gmail.com
കാരുണ്യ ബനവലന്റ് ഫണ്ട് പദ്ധതി സംബന്ധിച്ചുള്ള വിശദാംശങ്ങൾ ലഭിക്കുന്ന വെബ്സൈറ്റുകൾ www.keralalotteries.com , www.karunya.kerala.gov.in

## ചികിത്സതേടാവുന്ന സർക്കാർ / സർക്കാർ നിയന്ത്രിത ആശുപത്രികൾ

നിശ്ചിതരോഗങ്ങൾക്ക് വിദഗ്ദ്ധ ചികിത്സ ലഭിക്കുന്ന എല്ലാ സർക്കാർ ആശുപത്രികളിലും രോഗികൾക്ക് ചികിത്സതേടാവുന്നതാണ്. ആശുപത്രികളുടെ പേരുവിവരം താഴെ ചേർക്കുന്നു.

### എ. സർക്കാർ ആശുപത്രികൾ :

| ക്രമ നം | ആശുപത്രികൾ | ജില്ല |
|---|---|---|
| 1. | ഗവ. മെഡിക്കൽ കോളേജ് ആശുപത്രി | തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, തൃശ്ശൂർ, കോഴിക്കോട് |
| 2. | ഗവ. ജനറൽ ആശുപത്രികൾ | എല്ലാ ജില്ലയിലും ഉള്ളവ |
| 3. | ജില്ലാ. ഗവ ആശുപത്രികൾ | എല്ലാ ജില്ലയിലും ഉള്ളവ |
| 4. | വിദഗ്ദ്ധ ചികിത്സാ സൗകര്യങ്ങളുള്ള താലൂക്ക് ആശുപത്രികൾ | എല്ലാ ജില്ലയിലും ഉള്ളവ |

### ബി. സഹകരണ മെഡിക്കൽ കോളേജ് ആശുപത്രികൾ :

| ക്രമ നം | ആശുപത്രികൾ | സ്ഥലം, ജില്ല |
|---|---|---|
| 1. | സഹകരണ മെഡിക്കൽ കോളേജ് ആശുപത്രി | പരിയാരം, കണ്ണൂർ ജില്ല |
| 2. | സഹകരണ മെഡിക്കൽ കോളേജ് ആശുപത്രി | കളമശ്ശേരി, എറണാകുളം ജില്ല |

## സി. തൃതീയതല (വിദഗ്ദ്ധ) ആശുപത്രികൾ ( Tertiary Hospitals) :

| ക്രമ നം | ആശുപത്രികൾ | സ്ഥലം, ജില്ല |
|---|---|---|
| 1. | ശ്രീ ചിത്തിര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് & ടെക്നോളജി | തിരുവനന്തപുരം |
| 2. | റീജിയണൽ ക്യാൻസർ സെന്റർ, | തിരുവനന്തപുരം |
| 3. | മലബാർ ക്യാൻസർ സെന്റർ | തലശ്ശേരി, കണ്ണൂർ |

## അക്രെഡിറ്റ് ചെയ്തിട്ടുള്ള സ്വകാര്യ ആശുപത്രികൾ :

| | | | ചികിത്സ ലഭിക്കുന്ന രോഗങ്ങൾ | | | |
|---|---|---|---|---|---|---|
| ക്രമ നം | ആശുപത്രി | ബന്ധപ്പെട്ട – ഫോൺ നമ്പർ | വൃക്ക സംബന്ധമായ രോഗങ്ങൾ | ഹൃദയ സംബന്ധമായ രോഗങ്ങൾ | തലച്ചോർ സംബന്ധമായ രോഗങ്ങൾ | ക്യാൻസർ |
| 1. | ശ്രീ ഉത്രാടം തിരുനാൾ അക്കാഡമി ഓഫ് മെഡിക്കൽ സയൻസ്, വട്ടപ്പാറ, തിരുവനന്തപുരം | 0472-22587575 | √ | | | √ |
| 2. | കിംസ് പിനാക്കിൾ ക്യാൻസർ കോംപ്രിഹെൻസീവ് ക്യാൻസർ സെന്റർ, ആനയറ, തിരുവനന്തപുരം | 0471-3041295, 3041000, 2446535 | | | | √ |
| 3. | മെഡിട്രീന ഹോസ്പിറ്റൽ, പട്ടം, തിരുവനന്തപുരം | 0471 -3063000 | | √ | | |
| 4. | ദി ഇന്ത്യാ ഹോസ്പിറ്റൽ ട്രസ്റ്റ് , തമ്പാനൂർ, തിരുവനന്തപുരം | 0471-2333193, 2331052 | √ | | | |
| 5. | ശ്രീ നാരായണ ട്രസ്റ്റ് മെഡിക്കൽ മിഷൻ ആശുപത്രി, കൊല്ലം | 0474-3918400, 2743845, 0474-2741206 | √ | √ | √ | |
| 6. | അസീസിയ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ്, കൊല്ലം | 0474-3069200 | √ | √ | √ | √ |
| 7. | ട്രാവൻകൂർ മെഡിക്കൽ കോളേജ്, കൊല്ലം | 0474-2729393, 2726161, 2724411, 0474-2724411 | √ | √ | | √ |
| 8. | ക്രിസ്റ്റ്യൻ മിഷൻ ഹോസ്പിറ്റൽ, പന്തളം, പത്തനംതിട്ട | 0473-4252246, 254246, 254989 | √ | √ | √ | √ |
| 9. | സെന്റ് തോമസ് ഹോസ്പിറ്റൽ, മലക്കര, പത്തനംതിട്ട | 0468-2317123, 2317494, 2317337 | √ | √ | √ | √ |
| 10. | പുഷ്പഗിരി മെഡിക്കൽ കോളേജ്, തിരുവല്ല, പത്തനംതിട്ട | 0469-2700755, 2701044, 45 | √ | √ | √ | √ |

| | | | | | | |
|---|---|---|---|---|---|---|
| 11. | മുത്തൂറ്റ് മെഡിക്കൽ സെന്റർ, കോഴഞ്ചേരി, പത്തനംതിട്ട | 0468–2314000, 2214427 | √ | | | |
| 12. | ഭാരത് ഹോസ്പിറ്റൽ, കോട്ടയം | 0481–2582947, 2581642 | √ | √ | √ | √ |
| 13. | സെന്റ് തോമസ് ഹോസ്പിറ്റൽ, ചെത്തിപ്പുഴ, ചങ്ങനാശ്ശേരി, കോട്ടയം | 0481–2721797, 2721596, 2721597, 2723600, 2723700 | √ | √ | | √ |
| 14. | ചാഴിക്കാട്ട് ഹോസ്പിറ്റൽ, തൊടുപുഴ, ഇടുക്കി | 0486–2300398, 300326, 300400 | √ | √ | √ | √ |
| 15. | സെന്റ് മേരീസ് ഹോസ്പിറ്റൽ, തൊടുപുഴ, ഇടുക്കി | 0486– 2250304, 250350, 250366 | | √ | | |
| 16. | ഹോളി ഫാമിലി ഹോസ്പിറ്റൽ, തൊടുപുഴ, ഇടുക്കി | 0486–222231, 221061 | √ | √ | √ | √ |
| 17. | ലിറ്റിൽ ഫ്ളവർ ഹോസ്പിറ്റൽ & റിസർച്ച് സെന്റർ, അങ്കമാലി, തിരുവനന്തപുരം | 0484– 2456146, 3096666, 2452646, 2452546 | √ | √ | √ | |
| 18. | പി.എസ്. മിഷൻ ഹോസ്പിറ്റൽ, മരട്, കൊച്ചി | 0484–2706620, 8089177631 | √ | √ | | √ |
| 19. | ലിസി ഹോസ്പിറ്റൽ, എറണാകുളം | 0484–24024044, 2403877 | √ | | √ | |
| 20. | അമലാ ക്യാൻസർ ഹോസ്പിറ്റൽ & റിസർച്ച് സെന്റർ, എറണാകുളം | 0487–2304073, 2304000, 2304073 | √ | √ | √ | √ |
| 21. | ജൂബിലി മിഷൻ മെഡിക്കൽ കോളേജ് & റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, തൃശ്ശൂർ | 0487–2432200, 2420361, 2421650, 2420136, 2421864 | √ | √ | √ | √ |
| 22. | സെന്റ് ജെയിംസ് ഹോസ്പിറ്റൽ, ചാലക്കുടി, തൃശ്ശൂർ | 0480–2710271, 2709900 | √ | √ | √ | √ |
| 23. | രാജ ചാരിറ്റബിൾ മെഡിക്കൽ ട്രസ്റ്റ്, തൃശ്ശൂർ | 0487–2502884, 2502429, 0487–2502885 | √ | √ | | |
| 24. | പാലന ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ്, പാലക്കാട് | 0491–252520901, 02,03, 2520900 | √ | | √ | |
| 25. | മദർ കെയർ ഹോസ്പിറ്റൽ, വട്ടമ്പലം, പാലക്കാട് | 0492–4230200, 0492–4230240, 9526492200 | | | | |
| 26. | കരുണ മെഡിക്കൽ കോളേജ് ഹോസ്പിറ്റൽ, ചിറ്റൂർ, പാലക്കാട് | 0492–3221791, 221792, 221793, 221790 | √ | | √ | |
| 27. | ലക്ഷ്മി ഹോസ്പിറ്റൽ , ചിറ്റൂർ റോഡ്, പാലക്കാട് | 0491–2539999, 2529999 | | √ | | |
| 28. | പി.കെ. ദാസ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ്, ഒറ്റപ്പാലം, പാലക്കാട് | 0466–2344500, 2344555 | √ | √ | √ | |
| 29. | ഇ.എം.എസ് കോ-ഓപ്പറേറ്റീവ് റിസേർച്ച് സെന്റർ, പെരിന്തൽമണ്ണ, മലപ്പുറം | 0493–3300000 225756 | √ | √ | √ | |
| 30. | എം.ഇ.എസ്. മെഡിക്കൽ കോളേജ് ഹോസ്പിറ്റൽ, പെരിന്തൽമണ്ണ, മലപ്പുറം | 0493–3298300, 258306 | √ | √ | √ | |

| | | | | | | |
|---|---|---|---|---|---|---|
| 31. | മലബാർ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് ലിമിറ്റഡ്, കോട്ടക്കൽ, മലപ്പുറം | 0483–2807000, 78297888, 2807829 | √ | √ | | |
| 32. | അൽ–ഷിഫ ഹോസ്പിറ്റൽ, പെരിന്തൽമണ്ണ, മലപ്പുറം | 0493–3229815, 299005, 9446540111 | √ | √ | √ | |
| 33. | അൽ–മാസ് ഹോസ്പിറ്റൽ, കോട്ടക്കൽ | 0483–2809100, 2809653, 2741201 | √ | √ | √ | |
| 34. | ബേബി മെമ്മോറിയൽ ഹോസ്പിറ്റൽ, കോഴിക്കോട് | 0495–02723271, 2777777, 2723484 | √ | √ | √ | |
| 35. | പി.വി.എസ്സ്. ഹോസ്പിറ്റൽ, കോഴിക്കോട് | 0495–02705045, 2702044, | √ | √ | | |
| 36. | ഫാത്തിമ ഹോസ്പിറ്റൽ, കോഴിക്കോട് | 0495– 2766630, 2766340, 0495–2766610 | √ | √ | | |
| 37. | കെ.എം.സി.റ്റി, മെഡിക്കൽ കോളേജ്, കോഴിക്കോട് | 0495– 2293500, | | √ | | √ |
| 38. | കണ്ണൂർ മെഡിക്കൽ കോളേജ്, അഞ്ചരക്കണ്ടി, കണ്ണൂർ | 0497– 2855500, 2852500, | √ | √ | | |
| 39. | തെല്ലിച്ചേരി കോ–ഓപ്പറേറ്റീവ് ഹോസ്പിറ്റൽ, തലശ്ശേരി | 0490– 2341604, 3059740, 41, 42, 2344301 | √ | | | √ |
| 40. | മാലിക്ക് ദിനാർ ചാരിറ്റബിൾ ഹോസ്പിറ്റൽ, കാസർഗോഡ് | 0499– 4230306, 230935, | √ | | | |
| 41. | കാരിത്താസ്, കോട്ടയം | 4081– 2790025, 29, 2790418 | | √ | | √ |
| 42. | കിംസ്, കൊച്ചി | 0484 – 3041000, 04840– 3961222 | √ | | | |
| 43. | ശാന്തി ഹോസ്പിറ്റൽ, ഓമശ്ശേരി, കോഴിക്കോട് | 0495 – 2281393, 0495 – 2281303, 9895773155 | √ | √ | | |
| 44. | മലബാർ മെഡിക്കൽ കോളേജ് ഹോസ്പിറ്റൽ & റിസർച്ച് സെന്റർ, കോഴിക്കോട് | 0496 – 2701800, 2701666, 2701667, 2701692 | √ | | | √ |
| 45. | ഫാത്തിമമാതാ മിഷൻ ഹോസ്പിറ്റൽ, കൽപ്പറ്റ | 0493 – 6204018, 202454, 0493 – 6203462 | √ | | | |
| 46. | ശ്രീ ഗോകുലം മെഡിക്കൽ കോളേജ് & റിസർച്ച് ഫൗണ്ടേഷൻ, വെഞ്ഞാറമൂട്, തിരുവനന്തപുരം | 0472 – 3041234, 3041 | √ | √ | | √ |
| 47. | ഡോ. സോമർവെൽ സി.എസ്.ഐ. മെഡിക്കൽ കോളേജ് & ഹോസ്പിറ്റൽ, കാരക്കോണം | 0471 – 2250233, 2250500 | √ | √ | | |
| 48. | വള്ളുവനാട് ഹോസ്പിറ്റൽ കോംപ്ലക്സ്, ഒറ്റപ്പാലം, പാലക്കാട് | 0466 – 2344900, 2244423 | √ | √ | | √ |
| 49. | കണ്ണൂർ കോ–ഓപ്പറേറ്റീവ് ഹോസ്പിറ്റൽ സൊസൈറ്റി, ലിമിറ്റഡ്, തലപ്പ്, കണ്ണൂർ | 0497 – 2762451, 2762401, | √ | | | √ |
| 50. | ലൂർദ്ദ് ഹോസ്പിറ്റൽ, കൊച്ചി– 12 | 0484–4123456, 4125555 | | | | √ |

| | | | | | | |
|---|---|---|---|---|---|---|
| 51. | ഫാത്തിമ ഹോസ്പിറ്റൽ, പെരുംമ്പടപ്പ്, കൊച്ചി | 9847278966 | √ | √ | | √ |
| 52. | കൊയിലി ഹോസ്പിറ്റൽ, കണ്ണൂർ | 9497233415 | √ | √ | | √ |
| 53 | സെന്റ് ജോൺസ് ഹോസ്പിറ്റൽ, കട്ടപ്പന, ഇടുക്കി | 0486 – 8251400, 273230 | √ | √ | | |
| 54. | ബിഷപ്പ് ബെൻസിഗർ ഹോസ്പിറ്റൽ, കൊല്ലം | 0474 – 2768201, 3987000 | √ | √ | | √ |

## <u>സംസ്ഥാനത്തെ അവശതയനുഭവിക്കുന്ന വിവിധ ജനവിഭാഗങ്ങൾക്ക് ലഭിക്കുന്ന മറ്റ് ആനുകൂല്യങ്ങളുടെ ലഘുവിവരണം</u>

| ക്രമ ന മ്പർ | ആനുകൂല്യങ്ങൾ അനുവദിക്കുന്ന പദ്ധതി | അപേക്ഷിക്കുന്ന വിധം | നിബന്ധനകൾ | നടപ്പാക്കുന്ന വകുപ്പ്/ആഫീസ് |
|---|---|---|---|---|
| 1 | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ : 80 വയസ്സ് വരെ 500 80 വയസ്സ് കഴിഞ്ഞവർക്ക് 1100 | നിർദ്ദിഷ്ട ഫോറത്തിലുള്ള അപേക്ഷയുടെ രണ്ടു പകർപ്പുകൾ, പ്രായം തെളിയിക്കുന്നതിനുള്ള രേഖ/മെഡിക്കൽ ഓഫീസറുടെ സർട്ടിഫിക്കറ്റ്, റേഷൻകാർഡിന്റെ പകർപ്പ് | 60 വയസ്സിനു മുകളിൽ പ്രായം, ബിപിഎൽ കുടുംബത്തിൽ അംഗമായിരിക്കണം, മറ്റു പെൻഷനുകൾ വാങ്ങുന്നവരാകരുത്, മൂന്നു വർഷമായി കേരളത്തിൽ താമസിക്കുന്നവരാകണം, വൃദ്ധസദന ത്തിലോ, ശരണാലയ ത്തിലോ അന്തേവാസി യായിരിക്കരുത്, യാചകവൃത്തി തൊഴിലായി സ്വീകരിച്ചവരാകരുത്. | തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ |
| 2 | അഗതി പെൻഷൻ (വിധവകൾക്കും വിവാഹ മോചിതർക്കും) പ്രതിമാസം 700 രൂപ | നിർദ്ദിഷ്ട ഫോറത്തിലുള്ള അപേക്ഷയുടെ രണ്ടു പകർപ്പുകൾ, റേഷൻ കാർഡിന്റെ പകർപ്പ്, ഭർത്താവിന്റെ മരണ സർട്ടിഫിക്കറ്റ്/വിവാഹ മോചിതയാണെന്ന് തെളിയിക്കുന്ന രേഖ. ഏഴുവർഷമായി ഭർത്താവിനെക്കുറിച്ച് യാതൊരു വിവരവുമില്ലാത്തവർ അതു സംബന്ധിച്ച വില്ലേജാഫീസറുടെ സാക്ഷ്യപത്രം ഹാജരാക്കണം | കുടുംബ വാർഷിക വരുമാനം ഗ്രാമ പ്രദേശങ്ങളിൽ 20,000 രൂപയിൽ കവിയരുത്. മറ്റു പെൻഷനുകൾ വാങ്ങുന്നവരാകരുത്. രണ്ടു വർഷമായി കേരള ത്തിൽ താമസി ക്കുന്നവരാകണം. യാചകവൃത്തി തൊഴിലായി സ്വീകരിച്ച വരാകരുത്. | തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ |
| 3 | വികലാംഗ പെൻഷൻ (വികലാംഗർ, അംഗവൈകല്യം സംഭവിച്ചവർ, ശാരീരിക, മാനസിക വെല്ലുവിളികൾ നേരിടുന്നവർ) | നിർദ്ദിഷ്ട ഫോറത്തിലുള്ള അപേക്ഷയുടെ രണ്ടു പകർപ്പുകൾ, അംഗവൈകല്യം തെളിയിക്കുന്ന രേഖ, റേഷൻ കാർഡിന്റെ പകർപ്പ് | കുടുംബ വാർഷിക വരുമാനം 20,000 രൂപയിൽ കവിയരുത്. | തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ |

| | | | | |
|---|---|---|---|---|
| | 80% ന് താഴെ വൈകല്യമുള്ളവർക്ക് 700 രൂപ നിരക്കിലും 80 % ന് മുകളിൽ വൈകല്യ മുള്ളവർക്ക് 1000 രൂപ നിരക്കിലും | | | |
| 4 | കർഷക തൊഴിലാളി പെൻഷൻ പ്രതിമാസം 500 രൂപ | നിർദ്ദിഷ്ട ഫോറത്തിലുള്ള അപേക്ഷയുടെ രണ്ടു പകർപ്പുകൾ, റേഷൻ കാർഡിന്റെ പകർപ്പ്, ഭൂസ്വത്തിന്റെ വിവരങ്ങൾ, കർഷക തൊഴിലാളി ക്ഷേമനിധിയിൽ അംഗമായിരുന്നതിന്റെ സാക്ഷ്യപത്രം, പ്രായം തെളിയിക്കുന്ന രേഖ (തിരിച്ചറിയൽ കാർഡ്/ജനന സർട്ടിഫിക്കറ്റ്/സ്കൂൾ സർട്ടിഫിക്കറ്റ്/മെഡിക്കൽ സർട്ടിഫിക്കറ്റ്) | കേരളത്തിൽ പത്തുവർഷമായി സ്ഥിരതാമസമായിരിക്കണം. 60 വയസ്സ് തികഞ്ഞിരിക്കണം. കുടുംബ വാർഷിക വരുമാനം 11,000 രൂപയിൽ കവിയരുത്. | തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ |
| 5 | 50 വയസ്സിന് മുകളിൽ പ്രായമുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ പ്രതിമാസം 700 രൂപ | നിർദ്ദിഷ്ട ഫോറത്തിലുള്ള അപേക്ഷയുടെ രണ്ടു പകർപ്പുകൾ. പ്രായം, വിവാഹിതയല്ലെന്നുള്ളത് തെളിയിക്കുന്ന സർട്ടിഫിക്കറ്റുകൾ, റേഷൻ കാർഡിന്റെയും തിരിച്ചറിയൽ കാർഡിന്റെയും പകർപ്പ് | കുടുംബ വാർഷിക വരുമാനം 20,000 രൂപയിൽ കവിയരുത്. സംസ്ഥാനത്ത് സ്ഥിര താമസമായിരിക്കണം. | തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ |
| 6 | തൊഴിൽ രഹിത വേതനം പ്രതിമാസം 120 രൂപ | നിർദ്ദിഷ്ടഫോറത്തിലുള്ള അപേക്ഷയുടെ രണ്ടു പകർപ്പുകൾ, എസ്.എസ്.എൽ.സി. ബുക്ക്, എംപ്ലോയ്മെന്റ് കാർഡ്, റേഷൻ കാർഡിന്റെ പകർപ്പുകൾ, ട്രാൻസ്ഫർ സർട്ടിഫിക്കറ്റ് എന്നിവ ഹാജരാക്കണം. എസ്.എസ്.എൽ.സി.യോ തത്തുല്യമായ പരീക്ഷയോ പാസാകണം. (വികലാംഗർ, എസ്.സി/എസ്.ടി എന്നിവർക്ക് എസ്.എസ്.എൽ.സി. തോറ്റാലും അപേക്ഷിക്കാം. (നിശ്ചിത വയസ്സ് കഴിഞ്ഞ് എസ്.എസ്.എൽ.സി. പരീക്ഷ മാത്രം എഴുതി തോറ്റവർക്ക് ബാധകമല്ല.) | വാർഷിക വരുമാനം 12,000 രൂപയിൽ കവിയരുത്. അപേക്ഷകന് സ്വന്തമായി 100 രൂപയിൽ കൂടുതൽ പ്രതിമാസ വരുമാനമുണ്ടാകരുത്. രജിസ്ട്രേഷൻ യഥാകാലം പുതുക്കിയിരിക്കണം. 18 വയസ്സിനുശേഷം തുടർച്ചയായി മൂന്ന് വർഷം രജിസ്ട്രേഷൻ ഉണ്ടായിരിക്കണം. (അംഗ വൈകല്യമുള്ളവർക്ക് രണ്ട് വർഷം), 35 വയസ്സ് കഴിയരുത്. വിദ്യാർത്ഥി ആയിരിക്കരുത്. അപേക്ഷിക്കുന്നതിന് തൊട്ടുമുമ്പുള്ള മൂന്നു വർഷത്തിനുള്ളിൽ ഒരു വർഷമോ അതിൽ കൂടുതലോ | തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ |

| | | | | |
|---|---|---|---|---|
| | | | കാലയളവിൽ തുടർച്ച യായി ജോലിയുണ്ടാ യിരുന്നാൽ അർഹതയുണ്ടാവില്ല. | |
| 7 | സാധുക്കളായ വിധവകളുടെ പെൺമക്കളുടെ വിവാഹത്തിനുള്ള ധനസഹായം (30,000 രൂപ ഒറ്റത്തവണ) | നിർദ്ദിഷ്ട ഫോറത്തി ലുള്ള അപേക്ഷയുടെ രണ്ടു പകർപ്പുകൾ വിവാഹത്തിന് 30 ദിവസം മുമ്പ് നൽകണം. (അപേ ക്ഷകയുടെ ഭർത്താവിന്റെ മരണ സർട്ടിഫിക്കറ്റ്, വിവാഹിതയാകുന്ന പെൺകുട്ടിയുടെ ജനന സർട്ടിഫിക്കറ്റ്, വരന്റെ സാക്ഷ്യപത്രം, റേഷൻ കാർഡിന്റെ പകർപ്പ് തുടങ്ങിയവ സഹിതം) | വാർഷിക വരുമാനം 20,000 രൂപയിൽ കവി യരുത്. മൂന്നു വർഷ മായി കേരളത്തിൽ താമസിക്കുന്നവരാ കണം. പെൺകുട്ടി യുടെ പേരിലുള്ള വസ്തു, ആഭരണം, പണം മുതലായവ 6000 രൂപയിൽ കവിയാൻ പാടില്ല. | തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ |
| 8 | കുഷ്ഠം, ക്ഷയം, ക്യാൻസർ രോഗികൾക്കുള്ള ധനസഹായം | നിർദ്ദിഷ്ട ഫോറത്തിൽ അപേക്ഷ മെഡിക്കൽ സർട്ടിഫിക്കറ്റ് , റേഷൻ കാർഡിന്റെ കോപ്പി ഒ.പി/ഐ.പി കാർഡിന്റെ പകർപ്പുകൾ സഹിതം വില്ലേജാഫീസർ/തഹസീ ൽദാർ/കളക്ടർക്ക് നൽകേണ്ടതാണ്. | വരുമാന പരിധി ബാധകമല്ല. | റവന്യൂ വകുപ്പ് |

*ജില്ലാ സാമൂഹ്യനീതി ആഫീസ്, പ്രോഗ്രാം ആഫീസ്, ശിശുവികസന സേവന പദ്ധതി ആഫീസ് എന്നിവയുടെ മേൽവിലാസവും ടെലഫോൺ നമ്പറും :*
*തിരുവനന്തപുരം*

| Sl No | Office name & address | Office Phone No. |
|---|---|---|
| | **District Social Justice Office**, Poojappura, TVPM | 0471-2343241 |
| | **Programm Office**, District ICDS Cell, Tvpm | 0471-2341001 |
| 1 | **Parassala ICDS**. Mini Civil Station, Parassala P.O, Tvpm . Pin 695502 | 0471-2203892 |
| 2 | **Nemom ICDS**, Santhivila, Nemom P.O, Tvpm | 0471-2391145 |
| 3 | **Nemom Addl. ICDS**, Block Panchayat Compound, Malayinkeezhu, Tvpm Pin 695571. | 0471-2280689 |
| 4 | **Vellanad ICDS**, Block Office Compound, E.T.T.C Building, Vellanad | 0472-2884194 |
| 5 | **Vellanad Addl. ICDS**, HRDC Compound, Aryanad P.O, Aryanad, Tvpm Pin 695542. | 0472-2851384 |
| 6 | **Vamanapuram ICDS**, Venjarammoodu P.O, Tvpm. | 0472-2872066 |

| | | |
|---|---|---|
| 7 | **Vamanapuram Addl. ICDS**, Mela Ground, Palod, Pacha P.O , Tvpm, Pin695562 | 0472-2841471 |
| 8 | **Chirankeezh ICDS**, Kattukulam Road, Pandakassala P.O, Tvpm. | 0470-2646512 |
| 9 | **Chirankeezh Addl. ICDS**, Mamam P.O, Attingal, Tpvm Pin 695104 | 0470-254747 |
| 10 | **Nedumangad ICDS**, Venkavila, Pazhakutti P.O, Tvpm. | 0472-2802144 |
| 11 | **Nedumangad Addl. ICDS**, Enikkara, Karakulam P.O, Tvpm Pin 695564 | 0472-2887006 |
| 12 | **Perumkadavila ICDS,** Udiyankulangara, Amaravila, Tvpm Pin | 0471-2234333 |
| 13 | **Perumkadavila Addl. ICDS**, Block Office Compound, Perumkadavilla P.O, Tvpm Pin 695121 | 0471-2277306 |
| 14 | **Tvpm Urban I ICDS**, Subhash Nagar, Vallakkadavu P.O, Tvpm | 0471-2464059 |
| 15 | **Tvpm Urban II ICDS** Poojappura P.O, Tvpm | 0471-2343626 |
| 16 | **TVPM Urban III ICDS**, TC No. 10/147, Mannarakkoanam, Vattiyoorkkave, TVPM. | 0471-2364290 |
| 17 | **Tvpm Urban IV ICDS**, Sreekaryam, Zonal Office Compound, Chellamangalam, Sreekaryam P.O, Tvpm Pin 695017 | 0471-2593562 |
| 18 | **Varkala ICDS,**Narickal Junction, Near the Block Office, Cherunniyoor P.O, TVPM. | 0470-2609444 |
| 19 | **Varkala Addil. ICDS**, Municipality Compound, Varkala , TVPM, Pin 695142. | |
| 20 | **Athiyannoor ICDS**, Block Office Building, Aralumoodu, TVPM. | 0471-2227866 |
| 21 | **Athiyannoor Addl. ICDS**, Municipality Compound, Malayinkeezhu, TVPM, Pin 695121. | 0471-2227580 |
| 22 | **Kilimanoor ICDS**, Block Office Compound, Chenkikunnu, Kilimanoor, TVPM. | 0470-2673804 |

| | | |
|---|---|---|
| 23 | **Kilimanoor Addl. ICDS**, Arifa Complex Building, Kallambalan Jn., Kallambalam P.O, | 0470-2690045 |
| 24 | **Pothencode ICDS**, Block Office Compound, Kazhakkoottam, TVPM PIN 695582. | 0471-2414537 |

കൊല്ലം

| Sl No | Office name & address | Office Phone No. |
|---|---|---|
| | **District Social Justice Office**, Civil Station, Kollam | 0474-2790971 |
| | **Programme Office**, Civil Station , Kollam | 0474-2793069 |
| 1 | **Anchal ICDS**, Block Panchayat Compound, Anchal P.O. ,Kollam Pin 691306 | 0475-2270716 |
| 2 | **Anchal Addl. ICDS**, Opp. Of Police Station, Kulathupozha P.O, Kollam Pin 631010 | 0475-2317016 |
| 3 | **Anchalummoodu ICDS**, Perinadu. P.O, Anchalummoodu, Kollam Pin 691601 | 0474-2551311 |
| 4 | **Chadayamangalam ICDS**, Chadayamangalam P.O, Kollam Pin 691534 | 0474-2475551 |
| 5 | **Chadayamangalam Addl. ICDS**, Kadakkal Market, Floor - A. F. 22, Kadakkal P.O Kollam Pin 691536. | 0474-2475551 |
| 6 | Chavara ICDS, Sankaramangalam, Chavara P.O, Kokllam Pin 691583. | 0476-2680719 |